www.malankaralibrary.com

ജനുവരി 2024

# ക്രൈസ്തവ കാഹളം



## പുതുവർഷം പുലരുമ്പോൾ

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. സ്വീകാര്യമായ സമയത്തു നിന്റെ ദാസ്യതയും കന്യത്വവും അവിടുന്നു മാനിച്ചു ഫലവത്താക്കി. അതിനാൽ രക്ഷയുടെ ദിവസം പാപികളായ ഞങ്ങൾക്കു വന്നുചേർന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

# ജനുവരി 18
# ഓർമ്മപ്പെരുനാൾ



ഭാഗ്യസ്മരണാർഹനായ
മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവായുടെ
ദീപ്തമായ ഓർമ്മകൾക്കു മുന്നിൽ
പ്രണാമം!

www.malankaralibrary.com

ക്രൈസ്തവ കാഹളം
ജനുവരി 2024
വാല്യം 85 ലക്കം 1

# ഉള്ളടക്കം





എഡിറ്റോറിയൽ 5
നാമഹേതുകത്തിരുനാൾ 6
പുതുവർഷം പുലരുമ്പോൾ ഓർമ്മിക്കാൻ 12
പുതുവർഷത്തെ പ്രകാശിപ്പിക്കാൻ 15
വി. പീറ്റർ ഡാമിയൻ 18
ജനാധിപത്യത്തിന്റെ നിർവചനം മാറുന്നു 29
ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്) 32
വെളിപാട് വെളിച്ചമാകണം 34
വിശേഷം 38
എന്തിന് നാല് സുവിശേഷങ്ങൾ 39
സിനിമാ നിരൂപണം 41


രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

www.malankaralibrary.com

# എഡിറ്റോറിയൽ

## കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ.

പുതിയൊരു വർഷം പിറന്നിരിക്കുന്നു. പുതുവത്സരങ്ങൾ എപ്പോഴും നന്മയുടെ പുതുവെളിച്ചം പകരുന്നതും പ്രതീക്ഷകൾ പൂത്തുലയ്ക്കുന്നതുമായ സന്ദർഭങ്ങളാണ്. കഴിഞ്ഞുപോയ വർഷത്തിന്റെ നന്മയും തിന്മയും സന്തോഷവും സന്താപവും വിജയവും പരാജയവും... എല്ലാറ്റിന്റെയും കണക്കെടുപ്പ് കഴിയുമ്പോൾ പുതുവർഷമെത്തും. വീണ്ടും പ്രതീക്ഷയോടെ നാം അതിനെ സ്വീകരിക്കും. പുതുവർഷം നൽകുന്ന പ്രതീക്ഷയെന്താണ്. ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ മാത്രമേ നമുക്കതിൽ പ്രത്യാശ വയ്ക്കാൻ സാധിക്കുകയുള്ളൂ. എല്ലാവർഷവും സർക്കാരുകൾ സാമ്പത്തിക കണക്കുകളും വാർഷിക ബഡ്ജറ്റും അവതരിപ്പിക്കും. കണക്കുകൾ നമുക്കൊരിക്കലും മനസ്സിലാകാത്തതാണ്. ബഡ്ജറ്റിൽ പലകാര്യങ്ങളും നടക്കാതെ പേജുകളിലെ വാഗ്ദാനങ്ങളായി അവശേഷിക്കുന്നു. മനുഷ്യൻ അവന്റെ വിഭവ ശേഷിയിലും കരവിരുതുകളിലും നേതൃശേഷിയിലും മാത്രം ആശ്രയിക്കുമ്പോൾ സംഭവിക്കുന്ന സാധാരണ കാര്യങ്ങളാണിത്. എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്ന മനുഷ്യന് ദൈവം തയ്യാറാക്കുന്ന ചില കണക്കുകളും ബഡ്ജറ്റുമുണ്ട്. അതിലാണ് നമ്മുടെ പ്രതീക്ഷ.

ദൈവത്തിന്റെ ബഡ്ജറ്റ് തന്നോട് ചേർന്നു നിൽക്കുന്നവർക്കായി അവൻ തയ്യാറാക്കുന്നതാണ്. സമയാസമയങ്ങളിൽ പദ്ധതി നടപ്പാക്കുന്ന ദൈവം തന്റെ മക്കൾക്ക് അത് വെളിപ്പെടുത്തി കൊടുക്കുന്നു. അടയാളങ്ങളായും അത്ഭുതങ്ങളായും ദൈവം ഇവ മനുഷ്യന് നൽകുന്നു. ദൈവത്തെ നിരാകരിക്കുന്നത് ആധുനിക തലമുറ ഒരു ഫാഷനായി കണ്ടിരിക്കുകയാണ്. അതിനെ പ്രോത്സാഹിപ്പിക്കാൻ നിരീശ്വരവാദ പ്രസ്ഥാനങ്ങൾ തെരുവിലിറങ്ങിയിരിക്കുകയാണ്. അബദ്ധ ജഡിലങ്ങളായ ആശയങ്ങൾ വഴി പുതുതലമുറയെ അവർ അരാജകത്വത്തിലേക്ക് തള്ളിവിടുന്നു. ഇവിടെയും വലിയ വിരോധാഭാസങ്ങൾ ഉണ്ട്. ഈ അടുത്ത സമയത്ത് നിരീശ്വരവാദ പ്രസ്ഥാനത്തിന്റെ ആളുകൾ ഒരുമിച്ചുകൂടി തങ്ങളുടെ നേതാവ് ദൈവത്തിന്റെ വരദാനമാണെന്ന് പറയുകയുണ്ടായി. കൈയ്യടി കിട്ടാൻ ദൈവം വേണം. കാര്യത്തോട് അടുക്കുമ്പോഴും ദൈവം വേണം. ഇത്തരം പ്രസ്ഥാനങ്ങളുടെ കാപട്യം നമുക്ക് വ്യക്തമാണ്. ദൈവത്തെക്കൂടാതെ ഒന്നും സാധ്യമല്ല. താൻ ദൈവമായിരുന്നിട്ടും അത് പരിഗണിക്കാതെ മനുഷ്യരൂപം സ്വീകരിക്കുവാൻ യേശു കൂട്ടാക്കിയത് മനുഷ്യന് ഈ ദൈവമുഖം നൽകാനാണ്. മനുഷ്യന് ദൈവമുഖം ലഭിക്കുന്നതിനെക്കാളും ശ്രേഷ്ഠമായി എന്താണ് വേണ്ടത്. ദൈവമുഖം നഷ്ടപ്പെടുന്ന മനുഷ്യരുടെ എണ്ണം ഭൂമിയിൽ വർദ്ധിക്കും തോറും യുദ്ധവും അസമാധാനവും അശാന്തിയും തീവ്രവാദവും വർദ്ധിക്കും. ഇവിടെയാണ് നാം ദൈവത്തെ ചേർത്തുപിടിക്കേണ്ടതിന്റെ ആവശ്യകത. ഭൂമിയിൽ മനുഷ്യന് വേണ്ടത് നല്ല മനസ്സും സമാധാനവുമാണ്. ലോകത്ത് സമാധാനത്തിന്റെ ഉപകരണങ്ങളാകാനുള്ള ആഗ്രഹവും അതിനുള്ള പ്രാർത്ഥനയുമാണ് ഉയരേണ്ടത്.

*കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ. വിദ്വേഷമുള്ളിടത്ത് ക്ഷമയും, സന്ദേഹമുള്ളിടത്ത് വിശ്വാസവും നിരാശയുള്ളിടത്ത് പ്രത്യാശയും, അന്ധകാരമുള്ളിടത്ത് പ്രകാശവും, സന്താപമുള്ളിടത്ത് സന്തോഷവും ഞാൻ വിതയ്ക്കട്ടെ.*
*ഓ! ദിവ്യനാഥാ ആശ്വസിപ്പിക്കപ്പെടുന്നതിനേക്കാൾ ആശ്വസിപ്പിക്കുന്നതിനും, മനസ്സിലാക്കപ്പെടുന്നതിനേക്കാൾ മനസ്സിലാക്കുവാനും, സ്നേഹിക്കപ്പെടുന്നതിനെക്കാൾ സ്നേഹിക്കുന്നതിനും എനിക്ക് ഇടയാക്കണമേ. എന്തെന്നാൽ കൊടുക്കുമ്പോഴാണ് ഞങ്ങൾക്ക് ലഭിക്കുന്നത്. ക്ഷമിക്കുമ്പോഴാണ് ഞങ്ങൾ ക്ഷമിക്കപ്പെടുന്നത്. മരിക്കുമ്പോഴാണ് ഞങ്ങൾ നിത്യജീവിതത്തിലേക്കു ജനിക്കുന്നത്. ആമ്മേൻ*

**എല്ലാവർക്കും പുതുവത്സരാശംസകൾ!**

**റവ. ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com



www.malankaralibrary.com

# കരുണയുടെ പുതുവഴികൾ തുറന്ന് നാമഹേതുകത്തിരുനാൾ



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ബസേലിയോസിന്റെ തിരുനാളും കാതോലിക്കാ ബാവായുടെ നാമഹേതുക തിരുനാളും 2024 ജനുവരി 2-ാം തീയതി ആഘോഷിച്ചു.

രാവിലെ 9 മണിക്ക് പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ സമൂഹബലി നടന്നു. കത്തീഡ്രൽ അങ്കണത്തിൽ പ്രദക്ഷിണമായി നടന്നു നീങ്ങിയ വൈദികരും അഭിവന്ദ്യ പിതാക്കന്മാരും ദൈവാലയത്തിൽ പ്രവേശിച്ചു. മൂന്നാം മണിയുടെ പ്രാർത്ഥനയ്ക്ക് ശേഷം കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ സമൂഹബലി നടന്നു. തിരുവല്ല ആർച്ചുബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത വചന സന്ദേശം നൽകി. ബിഷപ്പുമാരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, സാമുവേൽ മാർ ഐറേനിയോസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ അന്തോണിയോസ്, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ്,

www.malankaralibrary.com

യൂഹാനോൻ മാർ ക്രിസോസ്റ്റം, എബ്രഹാം മാർ ജൂലിയോസ്, ആന്റണി മാർ സിൽവാനോസ്, മാത്യൂസ് മാർ പോളികാർപ്പസ്, കൊല്ലം രൂപതാ അധ്യക്ഷൻ ബിഷപ്പ് പോൾ മുല്ലശ്ശേരി, പുനലൂർ ബിഷപ്പ് സിൽവസ്റ്റർ പൊന്നുമുത്തൻ, നിയുക്ത ബിഷപ്പ് റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി., വികാരി ജനറൽമാർ, കോർ എപ്പിസ്കോപ്പമാർ, റമ്പാന്മാർ, ബഥനി ആശ്രമം സുപ്പീരിയർ ജനറൽ റവ. ഡോ. ഗീവർഗ്ഗീസ് കുറ്റിയിൽ, മലങ്കര സെമിനാരി റെക്ടർ റവ. ഡോ. ജിജി ചരിവുപുരയിടത്തിൽ, വൈദികർ എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്ന് സെന്റ് മേരീസ് സ്കൂൾ ആഡിറ്റോറിയത്തിൽ നടന്ന സ്നേഹവിരുന്നിൽ സംസ്ഥാന ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ വിശിഷ്ടാതിഥി ആയിരുന്നു. ഗവർണർ കാതോലിക്കാ ബാവായ്ക്ക് ബൊക്കെ നൽകി ആദരിച്ചു. അഞ്ചൽ വൈദിക ജില്ലാ വികാരിയും മേജർ അതിരൂപത പി.ആർ.ഓ.യുമായ ഫാ. ബോവസ് മാത്യു ആശംസാ പ്രസംഗം നടത്തി.

ആർച്ചുബിഷപ്പ് സൂസപാക്യം, മലങ്കര ഓർത്തഡോക്സ് സഭയുടെ തിരുവനന്തപുരം ഭദ്രാസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാൻ ബിഷപ്പ് ആർ. ക്രിസ്തുദാസ്, ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ ബിഷപ്പ് മാർ തോമസ് തറയിൽ, സി.എസ്.ഐ. സഭാ ബിഷപ്പ് ഉമ്മൻ ജോർജ്ജ്, കൊല്ലം രൂപത മുൻ മെത്രാൻ ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ, സന്യാസിനി സമൂഹങ്ങളുടെ മദർ ജനറൽമാരായ സിസ്റ്റർ ഡോ. ആർദ്ര എസ്.ഐ.സി., സിസ്റ്റർ ഡോ. ലിഡിയ ഡി.എം., പ്രൊവിൻഷ്യൽ സുപ്പീരിയർമാർ എന്നിവർ പങ്കെടുത്തു. വൈകിട്ട് തിരുവനന്തപുരത്തെ പൗരപ്രമുഖർ പട്ടം മേജർ ആർച്ചുബിഷപ്പ് ഹൗസിൽ എത്തി കാതോലിക്കാ ബാവായെ ആശംസകൾ അറിയിക്കുകയും സ്നേഹവിരുന്നിൽ സംബന്ധിക്കുകയും ചെയ്തു. കേന്ദ്രമന്ത്രി വി. മുരളീധരൻ, നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, ഡോ. ശശി തരൂർ എം.പി. എന്നിവർ പ്രസംഗിച്ചു. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി ഗുരുരത്നം ജ്ഞാനതപസ്വി കാതോലിക്കാ ബാവായ്ക്ക് മംഗളങ്ങൾ നേർന്ന് ബൊക്കെ നൽകി.

ചടങ്ങിൽ മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, എൽ.ഡി.എഫ്. കൺവീനർ ഇ.പി. ജയരാജൻ, യു.ഡി.എഫ്. കൺവീനർ എം.എം. ഹസൻ, പാളയം ഇമാം വി.പി. സുഹൈബ് മൗലവി, വിവിധ രാഷ്ട്രീയകക്ഷി നേതാക്കന്മാരായ എം.എ. ബേബി, ഒ. രാജഗോപാൽ, പന്ന്യൻ രവീന്ദ്രൻ, സി. ദിവാകരൻ, ആന്റണി രാജു, വി.പി. ജോർജ്ജ്, ഷിബു ബേബി ജോൺ, ചെറിയാൻ ഫിലിപ്പ്, വി.വി. രാജേഷ്, എം.പി. മാരായ ശശി തരൂർ, കൊടിക്കുന്നിൽ സുരേഷ്, കെ. മുരളീധരൻ, ആന്റോ ആന്റണി, ജോൺ ബ്രിട്ടാസ്, എ.എ. റഹീം, അടൂർ പ്രകാശ്, ജോസ് കെ.മാണി, എം.എൽ.എ. മാരായ രമേശ് ചെന്നിത്തല, വി.കെ. പ്രശാന്ത്, ഡി.കെ. മുരളി, എം. വിൻസെന്റ്, പി.എസ്. സുപാൽ, കടകംപള്ളി സുരേന്ദ്രൻ, സണ്ണി ജോസഫ്, മാത്യു കുഴൽനാടൻ, അനൂപ് ജേക്കബ്, പി. സുപാൽ, ചാണ്ടി ഉമ്മൻ, മുൻ എം.എൽ.എ.മാരായ കെ.എസ്. ശബരിനാഥൻ, കെ. മോഹൻകുമാർ, വി.എസ്. ശിവകുമാർ, എ. നീലലോഹിതദാസ്, ബി. സത്യൻ, രാജു എബ്രഹാം, പി.സി. ജോർജ്ജ്, ജോസഫ് എം. പുതുശ്ശേരി, പാലോട് രവി, പന്തളം സുധാകരൻ, ശക്തൻ നാടാർ, കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മൽ, മുൻ വൈസ് ചാൻസിലർമാരായ ഡോ. സിറിയക് തോമസ്, ഡോ. ജാൻസി ജെയിംസ്, ഡോ. കുഞ്ചെറിയ പി. ഐസക്, സംഗീത സംവിധായകൻ എം. ജയചന്ദ്രൻ, ഗായകൻ ജി. വേണുഗോപാൽ, സിനിമാ നടൻ നന്ദു, ഡോ. ജോർജ്ജ് ഓണക്കൂർ, മുൻ ഡി.ജി.പി. ജേക്കബ് പുന്നൂസ്, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. എം. എബ്രഹാം, മുൻ ചീഫ് സെക്രട്ടറി ജോൺ മത്തായി, മാധ്യമപ്രവർത്തകരായ വിനു വി. ജോൺ, സണ്ണി ജോസഫ്, അനീഷ് ജേക്കബ്, സുജിത്ത് നായർ, രാജീവ് ദേവരാജ്, സുധീപ് സാം വർഗ്ഗീസ് മുതിർന്ന ഐ.എ.എസ്., ഐ.പി.എസ്. ഓഫീസർമാർ തുടങ്ങി വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

ചടങ്ങിൽ പങ്കെടുത്ത ഏവർക്കും കാതോലിക്കാ ബാവ തിരുമേനി നന്ദി പറഞ്ഞു.

www.malankaralibrary.com








www.malankaralibrary.com








www.malankaralibrary.com










www.malankaralibrary.com





# കരുണയുടെ പുതുവഴി തുറന്ന്
## മേജർ ആർച്ചുബിഷപ്പ് ചാരിറ്റി പ്രോജക്ട് 2024

### സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റൽ
### കാരമ്മൂട്, തിരുവനന്തപുരം

കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ നാമഹേതുകത്തിരുനാളിനോട് അനുബന്ധിച്ച് എല്ലാ വർഷവും ഓരോ ജീവകാരുണ്യ പദ്ധതികൾ അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ നേതൃത്വത്തിൽ സഭാമക്കളുടേയും പൊതുസമൂഹത്തിന്റെയും നിർലോഭമായ സഹകരണത്തോടെ മേജർ അതിഭദ്രാസനം നടപ്പിലാക്കാക്കുന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ! 2008 മുതൽ കഴിഞ്ഞ വർഷം വരെ 16 പദ്ധതികളാണ് ഇത്തരത്തിൽ സമാരംഭിച്ച് അനുഗ്രഹകരമായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. അതിൽ സഹകാരികളായവരെ നന്ദിപുരസ്സരം സ്മരിക്കുന്നു.

2024-ലെ മേജർ ആർച്ചുബിഷപ്പ് ചാരിറ്റി പ്രോജക്ടായി തെരഞ്ഞെടുത്തിരിക്കുന്നത് കാരമ്മൂട്, സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റൽ ആണ്. കാരമ്മൂട് പ്രവർത്തിച്ചിരുന്ന മലങ്കര ബോയ്സ് ഹോമിന്റെ 8000 ചതുരശ്ര അടി ഉള്ള നാലുനില കെട്ടിടത്തിൽ 2023 ഏപ്രിൽ മുതൽ എളിയ രീതിയിൽ പ്രവർത്തനം ആരംഭിച്ച ഈ കമ്മ്യൂണിറ്റി ആശുപ്രതി, 25 കിടക്കകളുള്ളതും 24 മണിക്കൂർ കാഷ്വാലിറ്റി സൗകര്യങ്ങൾ ഉള്ളതും സ്ത്രീകളുടെയും കുട്ടികളുടെയും പുരുഷന്മാരുടെയും പ്രത്യേക വാർഡുകൾ, പത്ത് മുറികൾ എന്നിവയുള്ള അത്യാവശ്യ സൗകര്യങ്ങളോടുകൂടിയതും സാധാരണക്കാർക്ക് സമീപിക്കാവുന്നതുമായ ഒരു സംവിധാനമായി ഉയർത്തുന്നതിന് ആഗ്രഹിക്കുന്നു. പിരപ്പൻകോട്, സെന്റ് ജോൺസ് മലങ്കര മെഡിക്കൽ വില്ലേജിലെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാക്കുന്നതാണ്. അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ നാമഹേതുകത്തിരുനാളിനോടനുബന്ധിച്ച് 2024 ജനുവരി മുതൽ പുതിയ സംരംഭത്തിന് തുടക്കം കുറിക്കുന്നതാണ്. നമ്മുടെ മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ തിരുമേനി പ്രസിഡന്റും പെരിയ ബഹു. ജോസ് കിഴക്കേടത്ത് അച്ചൻ സെക്രട്ടറിയുമായ സൊസൈറ്റിയാണ് മേജർ അതിരൂപതയുടെ ഈ സ്ഥാപനത്തിന്റെ ചുമതല നിർവ്വഹിക്കുന്നത്. 2024-ലെ മേജർ ആർച്ചുബിഷപ്പ് ചാരിറ്റി പ്രോജക്ടിന്റെ ഭാഗമായി കാരമ്മൂട്, സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റലിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നിങ്ങൾ ഏവരുടെയും ഔദാര്യപൂർണ്ണ മായ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

*കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക- 97477 07997 (Finance Officer) 85478 56764 (Secretary to His Beatitude)*

www.malankaralibrary.com






# പുതുവർഷം പുലരുമ്പോൾ ഓർമ്മിക്കാൻ

പുതിയ പ്രതീക്ഷകളോടെ ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ഈ പുതുവർഷം പുതിയ തീരുമാനങ്ങളെടുക്കാൻ നമുക്ക് സാധിക്കട്ടെ. ചില കാര്യങ്ങൾ ചെയ്യാനും ചിലത് ചെയ്യാതിരിക്കാനുമുള്ള തിരഞ്ഞെടുപ്പുകൾ ഓരോ വ്യക്തിയിൽ നിന്നും ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. അതിനാൽ, എടുക്കുന്ന തീരുമാനങ്ങൾ നമ്മുടെ വ്യക്തിജീവിതത്തെ കൂടുതൽ ക്രമപ്പെടുത്താനുതകുന്നതാകണം. വർഷത്തിന്റെ തുടക്കത്തിൽ ഒരുപാടുപേർ വലിയ തീരുമാനങ്ങളെടുക്കും. എന്നാൽ അവസാനം ഒന്നുമില്ലാത്ത അവസ്ഥയിലെത്തും. തീരുമാനങ്ങളിൽ ഉറച്ചുനിൽക്കണം.

**1. തീരുമാനങ്ങളിൽ വ്യക്തതയുണ്ടാകണം**

തീരുമാനങ്ങളിൽ വ്യക്തതയുണ്ടായിരിക്കണം. നാം ചെയ്യാൻപോകുന്ന കാര്യങ്ങളെക്കുറിച്ചുള്ള അറിവും അതിനോടുള്ള താത്പര്യവും ഉണ്ടാകണം. അതില്ലെങ്കിൽ, നാമെടുക്കുന്ന തീരുമാനങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കാനിടയുണ്ട്. ഉദാഹരണത്തിന്, ആരോഗ്യപരമായ കാര്യങ്ങളിലെടുക്കുന്ന തീരുമാനം നമ്മെക്കൊണ്ട് സാധിക്കുന്നതായിരിക്കണം. അതിൽ മാറ്റംവരണമെന്ന് നാം ആഗ്രഹിക്കുന്നതുമാകണം. എങ്കിൽ മാത്രമേ ഉറച്ചുനിൽക്കാൻ നമുക്കു സാധിക്കൂ.

**2. കൃത്യമായ കണക്കുകൂട്ടലുകൾ ഉണ്ടാകണം**

എടുക്കുന്ന തീരുമാനങ്ങളിൽ പുരോഗതിയുണ്ടോ എന്നും മാറ്റംവരുത്തണമോ എന്നും കൃത്യമായ

www.malankaralibrary.com

കണക്കുകൂട്ടലുകൾ ഉണ്ടാകണം. അത് നമ്മുടെ സ്വഭാവത്തിലും ജോലിയിലും കാര്യമായ പുരോഗതിയുണ്ടാക്കും. നാമെടുക്കുന്ന തീരുമാനങ്ങൾ നമ്മുടെ ജീവിതത്തിലെ സമസ്തമേഖലകളെയും ബാധിക്കുന്നതാണ്.

**3. യാഥാർത്ഥ്യത്തോട് ചേർന്നുനിൽക്കുന്ന തീരുമാനങ്ങളെടുക്കുക**

നമുക്ക് ചെയ്യാനും നേടാനും സാധിക്കുന്നരീതിയിലുള്ള തീരുമാനങ്ങൾ കൈക്കൊള്ളാൻ ശ്രദ്ധിക്കുക. അല്ലെങ്കിൽ അവസാനം ദുഖിക്കേണ്ടിവരും. നമ്മിൽ സന്തോഷം നിലനിർത്തണമെങ്കിൽ നമ്മുടെ കഴിവുകൾക്ക് സാധിക്കുന്ന തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതാണ് കൂടുതൽ ഉത്തമം.

**4. തീരുമാനങ്ങൾ സമയബന്ധിതമായിരിക്കട്ടെ**

ചെയ്യാൻപോകുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തവും സമയബന്ധിതവുമായ തീരുമാനങ്ങളെടുക്കുക. കാരണം, അല്ലെങ്കിൽ ജീവിതത്തിൽ ഒന്നും പാലിക്കാൻ സാധിക്കാത്തവരായി നാം മാറ്റപ്പെടാം. കാരണം ആ വർഷം മുഴുവനും നാം പാലിക്കേണ്ട തീരുമാനങ്ങളാണല്ലോ ഇവ. എടുത്ത തീരുമാനങ്ങൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ എന്നുള്ള പരിശോധനയും ഇടയ്ക്ക് നല്ലതാണ്

**5. ആന്തരിക സമാധാനമുള്ളവരായിരിക്കുക**

ആന്തരികമായ സമാധാനം നമ്മുടെ ജീവിതത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും ബാധിക്കും. അതിനാൽ ആരോഗ്യമുള്ള മനസ്സ് ഉണ്ടാക്കിയെടുക്കുക എന്നത് വളരെ അത്യാവശ്യമാണ്. ആന്തരികസമാധാനം അനുഭവിക്കാത്ത ഒരു വ്യക്തിയുടെ ചുറ്റുമുള്ളവരുടെയും സമാധാനം നശിക്കും. ഒരു കുടുംബത്തിന്റെയും സമൂഹത്തിന്റെയും സമാധാനം നഷ്ടപ്പെടുത്താൻ ഇത്തരം ഒരൊറ്റ വ്യക്തി മതിയാകും. ആന്തരികസമാധാനം നഷ്ടപ്പെടാതിരിക്കാൻ പ്രാർഥനയിൽ ആശ്രയിക്കുക എന്നതാണ് ഒരു മാർഗം.

**6. ജീവിതത്തിലെ പ്രശ്നങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരാകരുത്**



ജീവിതത്തിൽ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളില്ലാത്തവരായി ആരുമില്ല. നാം അവയെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് പ്രധാനപ്പെട്ടത്. അതിനാൽ പ്രശ്നങ്ങളെ ഒഴിവാക്കുകയല്ല, അവയെ അതിജീവിക്കാൻ പഠിക്കുകയാണ് വേണ്ടത്. അതിലൂടെ നാം കൂടുതൽ ശക്തരും ധൈര്യശാലികളുമാകും. ജീവിതത്തിൽ കടന്നുവരുന്ന കഷ്ടപ്പാടുകൾക്ക് അർഥം കണ്ടെത്തുന്നവരാകാം. ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിര് നിൽക്കും?

**7. ജീവിതത്തെ പ്രശ്നവൽക്കരിച്ച് കാണാതിരിക്കുക**

ജീവിതത്തിൽ അലട്ടുന്ന വലുതും ചെറുതുമായ പ്രശ്നങ്ങളെ മാത്രം കാണുന്നവരാകാതെ ദൈവം നൽകിയ നന്മകളെ കണ്ണുതുറന്ന് കാണുകഅവയ്ക്ക് നന്ദിപറയുക. എളിമയുള്ള മനസ്സുള്ളവർക്കുമാത്രമേ അത് സാധ്യമാവുകയുള്ളൂ. ഏതു പ്രതിസന്ധിയിലും ദൈവം കൂടെയുണ്ടെന്ന് വിശ്വസിക്കുക.

www.malankaralibrary.com



**8. ഉത്കണ്ഠാകുലരാകരുത്**

ദൈവത്തിൽ ആശ്രയിക്കാതെ നമ്മിൽതന്നെ ആശ്രയിച്ചുകഴിയുമ്പോളാണ് അമിതമായ ഉത്കണ്ഠ നമ്മെ കീഴടക്കുന്നത്. അതിനാൽ പ്രതിസന്ധികളെ ദൈവത്തിനു വിട്ടുകൊടുക്കുക. അവിടുന്ന് നമ്മെ പരിപാലിക്കും. അമിതമായ ഉത്കണ്ഠ ആരോഗ്യം നശിപ്പിക്കുന്നു, മാനസികസമ്മർദം കൂട്ടുന്നു. അതിനാൽ നമ്മുടെ പ്രശ്നങ്ങളെയും ബുദ്ധിമുട്ടുകളെയും ദൈവത്തിനു വിട്ടുകൊടുക്കുക.

**9. പ്രാർഥനയിൽ ആശ്രയിക്കുക**

പ്രാർഥനയെ മുറുകെപ്പിടിച്ചുകൊണ്ട് പുതിയ വർഷത്തെ വരവേൽക്കാൻ നമുക്കു സാധിക്കട്ടെ. നമ്മെ അലട്ടുന്ന എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം കർത്താവിൽനിന്നും മാത്രമേ ലഭിക്കുകയുള്ളൂ എന്ന് വിശ്വസിക്കുക. ആ ദൈവത്തിൽ ആശ്രയിക്കുക.

**10. ജീവിതസാഹചര്യങ്ങളെ ദൈവത്തിന് സമർപ്പിക്കുക**

യഥാർഥത്തിലുള്ള സമാധാനം നമുക്ക് ലഭിക്കുന്നത് ദൈവത്തിൽ നിന്നു മാത്രമാണ്. അതിനാൽ ജീവിതത്തിന്റെ പ്രശ്നങ്ങളെ, പ്രതീക്ഷകളെ എല്ലാം അവിടുന്നിൽ സമർപ്പിക്കുക. ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ ദൈവത്തിൽനിന്നും നാം അകന്നുപോവുകയല്ല വേണ്ടത്, മറിച്ച് അവിടത്തോട് ചേർന്നു നിൽക്കണം. അതിനായി നമ്മെ സഹായിക്കുന്നത് ദൈവത്തിലുള്ള വിശ്വാസമാണ്.

*കടപ്പാട് : ലൈഫ്ഡേ*




www.malankaralibrary.com





# പുതുവർഷത്തെ പ്രകാശിപ്പിക്കാൻ

**എലിസബത്ത് ഗിൽബെർട്ട്**
വിവർത്തനം: ജിൽസാ ജോയി

കുറച്ചു വർഷങ്ങൾക്ക് മുൻപ്, നല്ല തിരക്കുള്ള ഒരു ദിവസം ന്യൂയോർക്ക് നഗരത്തിൽ ഞാനൊരു ബസ്സിനുള്ളിൽ പെട്ടുപോയി. ട്രാഫിക്ക് ബ്ലോക്കിനുള്ളിൽ പെട്ട് വാഹനങ്ങൾ അനങ്ങാൻ പറ്റാതെ കിടക്കുന്നു. തണുത്തു വിറച്ചും ക്ഷീണിച്ചും കുറേ ആളുകൾ ദേഷ്യമുഖഭാവത്തോടെ, ലോകത്തോട് തന്നെ അരിശമാണെന്ന പോലെ അക്ഷമരായി ഇരിക്കുന്നു.

മനപ്പൂർവമല്ലാത്ത ഒരു തള്ളിന്റെ പേരിൽ രണ്ട് പേർ ഒരു ബഹളം ഇപ്പോൾ കഴിഞ്ഞതേയുള്ളു. ഗർഭിണിയായ ഒരു യുവതി ബസ്സിൽ കയറി. ഒന്ന് എണീറ്റ് സീറ്റ് കൊടുക്കാൻ പോലും ആർക്കും തോന്നുന്നില്ല. വായുവിൽ പോലും വെറുപ്പ് തങ്ങി നിൽക്കുന്നത് പോലെ.. മനസ്സലിവൊക്കെ എങ്ങോ പോയിമറഞ്ഞു. പെട്ടെന്ന് ഇന്റർകോമിൽ ഡ്രൈവറുടെ ശബ്ദം മുഴങ്ങി.

“പ്രിയരേ, നിങ്ങളുടെ ഈ ദിവസം ഒട്ടും നല്ലതല്ലായിരുന്നെന്നും നിങ്ങളെല്ലാരും നല്ല ദേഷ്യത്തിലാണെന്നും എനിക്കറിയാം. കാലാവസ്ഥയുടെയോ ട്രാഫിക്കിന്റെയോ കാര്യത്തിൽ എനിക്ക് ഒന്നും ചെയ്യാൻ പറ്റില്ലല്ലോ. പക്ഷേ ഒന്ന് ചെയ്യാൻ എനിക്ക് പറ്റും.

നിങ്ങൾ ഓരോരുത്തരും ഇറങ്ങുമ്പോൾ ഞാൻ കൈ തരും. നിങ്ങൾ ഇറങ്ങിപോകുമ്പോൾ നിങ്ങളുടെ പ്രശ്നങ്ങളും ദേഷ്യവുമെല്ലാം എന്റെ ഉള്ളംകയ്യിൽ വെച്ചിട്ട് പോവുക. ഓക്കേ? ഇന്ന് രാത്രി വീട്ടിലേക്ക് നിങ്ങൾ ഈ പ്രശ്നങ്ങൾ കണ്ടുപോകരുത്.

അതെല്ലാം എനിക്ക് വിട്ടേക്കുക. പോകുന്ന വഴിക്ക് ഹഡ്സൺ നദി എത്തുമ്പോൾ ഞാൻ ജനൽപ്പാളി തുറന്ന് എല്ലാം കളഞ്ഞോളാം”..

അതുവരെ മൂടിക്കെട്ടിയിരുന്ന അന്തരീക്ഷം പെട്ടെന്ന് മാറി. ആരുടെയോ പിടിയിൽ നിന്ന് മോചനം കിട്ടിയെന്ന പോലെ ആളുകൾ ചിരിക്കാൻ തുടങ്ങി. നിനച്ചിരിക്കാതെ വന്ന സന്തോഷത്തിൽ മുഖങ്ങൾ തെളിഞ്ഞു. ഇത്രയും നേരം, തനിക്ക് ചുറ്റും ആളുകളുണ്ടെന്ന് ഭാവിക്കുക പോലുംചെയ്യാതെ ഏതോ ഇടുങ്ങിയ ലോകത്ത് ആയിരുന്നവർ

www.malankaralibrary.com




പരസ്പരം നോക്കി, ഈ ആള് സീരിയസായി പറയുവാണോ എന്ന് ചോദിച്ചു കൊണ്ട് ഹൃദയം തുറന്നു ചിരിച്ചു.

അതെ, ആ മനുഷ്യൻ സീരിയസ് ആയി തന്നെയാ പറഞ്ഞത്.

അടുത്ത സ്റ്റോപ്പിൽ ആളുകൾ ഇറങ്ങുമ്പോൾ, പറഞ്ഞിരുന്നത് പോലെ ഡ്രൈവർ തന്റെ കൈ നീട്ടി, ഉള്ളംകൈ തുറന്നുപിടിച്ചു നിന്നു. ഇറങ്ങുന്ന ഓരോരുത്തരും തങ്ങളുടെ കൈകൾ ഡ്രൈവറുടെ കൈക്ക് മുകളിൽ ആയി പിടിച്ച് എന്തോ അതിലേക്ക് ഇടുന്നതായി ഭാവിച്ചു.

കുറച്ചു പേർ ചിരിച്ചു കൊണ്ടു ചെയ്തു, കുറച്ചു പേർ കണ്ണ് നിറഞ്ഞുകൊണ്ട്. പക്ഷേ എല്ലാവരും തന്നെ ചെയ്തു. അടുത്ത സ്റ്റോപ്പിലും പിന്നെയുള്ള സ്റ്റോപ്പുകളിലും ഇത് ആവർത്തിച്ചു. എല്ലാവരുടെ പ്രശ്നങ്ങളും ഹഡ്സൺ നദിയിൽ അലിഞ്ഞുപോയി.

വല്ലാത്തൊരു ലോകത്തിലാണ് നമ്മൾ ഫ്രണ്ട്സ്. ചിലപ്പോൾ ഒരു മനുഷ്യനായി പെരുമാറാൻ വളരെ ബുദ്ധിമുട്ടാണ്. ചിലപ്പോൾ ഒരു ചീത്ത ദിവസം.. ചില പ്പോൾ ഒരു ചീത്ത ദിവസം ചില കൊല്ലങ്ങളി ലേക്ക് നീളുന്നു. നമ്മൾ പൊരുതുന്നു. തോൽക്കുന്നു. നിസ്സഹായരാവുന്നു. പണം, ജോലി സ്നേഹം, ആരോഗ്യം, സുഹൃത്തുക്കൾ ഇതൊക്കെ നഷ്ടപ്പെ ട്ടെന്ന് വരാം. ചീത്ത സ്വഭാവങ്ങൾ കയറികൂടുന്നു. വാർത്തകളിൽ എന്തൊക്കെ കാണുന്നു. നമ്മൾ ഉൾവലിയുന്നു.. ജീവിതം യാന്ത്രികമാവുന്നു.

ചിലപ്പോൾ ഇരുട്ടിലും. വെളിച്ചം വേണമെന്നു ണ്ടെങ്കിലും എങ്ങനെ അങ്ങോട്ട് എത്തിപ്പെടു മെന്നറിയില്ല. ഒരുപക്ഷേ ആ വെളിച്ചം ആവേണ്ടത് നമ്മളാണെങ്കിലോ? ഇരുണ്ട സാഹചര്യങ്ങൾ കാത്തിരിക്കുന്ന ആ പ്രകാശം കൊളുത്തേണ്ടത് നമ്മളാണെങ്കിൽ?

ആ ബസ് ഡ്രൈവർ എന്നെ പഠിപ്പിച്ചത് അതാണ് ഏത് നേരത്തും ആർക്കും ആവാം ആ പ്രകാശം. ആ മനുഷ്യൻ ഒരു ആത്മീയ നേതാവോ സോഷ്യൽ മീഡിയ ഇൻഫ്ലുവൻസറോ, ഒന്നുമല്ല, സമൂഹത്തിൽ നമ്മൾ ശ്രദ്ധിക്കാതെ പോകുന്ന അനേകം ജീവനക്കാരിൽ ഒരാൾ. പക്ഷെ ആ മനുഷ്യന് ഉണ്ടായിരുന്ന ചെറിയ ഊർജ്ജം അയാൾ നന്നായി ഉപയോഗിച്ചു.

ജീവിതം ദുസ്സഹമാകുമ്പോൾ, ലോകത്തിലെ പ്രശ്നങ്ങൾക്ക് മുൻപിൽ ശക്തിയില്ലാതെ നോക്കി

www.malankaralibrary.com



നിൽക്കേണ്ടി വരുമ്പോൾ ആലോചിക്കാം, വെളിച്ചമാകുവാൻ ഈ നിമിഷം എന്നെക്കൊണ്ട് എന്ത് ചെയ്യാൻ പറ്റും. യുദ്ധങ്ങൾ ഇല്ലാതാക്കാനോ, ആഗോള താപനം നിർത്തുവാനോ, ട്രാഫിക് സ്മൂത്താക്കാനോ എന്നെക്കൊണ്ട് പറ്റിയെന്നു വരില്ല. എങ്കിലും ചിലത് എനിക്ക് പറ്റും.

താങ്കൾ ആരാണെങ്കിലും എവിടെ ആണെങ്കിലും, സാഹചര്യം കടുത്തതാണെങ്കിലും ഞാൻ വിശ്വസിക്കുന്നു താങ്കൾക്ക് ഈ ലോകത്തെ പ്രകാശിപ്പിക്കാൻ സാധിക്കും. ഒരു കൃപയുടെ പ്രവൃത്തി വഴി നമുക്ക് അത് സാധ്യമാക്കാം. പുതുവത്സരാശംസകൾ!



## ഉപകാരസ്മരണ



ടെസി അലക്സ്

## ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com





# വി. പീറ്റർ ഡാമിയൻ

റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

**ആമുഖം**

അധികാരദുർവിനിയോഗവും ധാർമ്മിക അധഃപതനവും അർബുദം പോലെ സഭാഗാത്രത്തെ ആഴത്തിൽ ഗ്രസിച്ചിരുന്ന രണ്ടാം സഹസ്രാബ്ദത്തിന്റെ ആദ്യനൂറ്റാണ്ടിൽ അതിനെ തിരുത്തുന്നതിനും നേർവഴിക്കു നയിക്കുന്നതിനും അവതരിച്ച പുണ്യപുരുഷനായിരുന്നു വി. പീറ്റർ ഡാമിയൻ. തന്റെ ജീവിതവും തൂലികയും സഭയുടെ വിശുദ്ധീകരണത്തിനായി ഈ വേദപാരംഗതൻ മാറ്റിവച്ചതിന്റെ പരിണിതഫലമായി പാപത്തിന്റെയും അജ്ഞതയുടെയും അന്ധകാരം സഭയുടെ പല മേഖലകളിൽ നിന്നും അകന്നുപോവുകയും വിശുദ്ധിയുടെയും വിജ്ഞാനത്തിന്റെയും പ്രകാശകിരണങ്ങൾ പ്രസരിക്കപ്പെടുകയും ചെയ്തു. ഇക്കാലഘട്ടത്തിലെ സഭയും സമൂഹവും തമ്മിലുള്ള ബന്ധവും, പുരോഹിതരും വിശ്വാസികളും തമ്മിലുള്ള ബന്ധവും, സഭാനവീകരണത്തിലുള്ള ആശ്രമങ്ങളുടെ സ്വാധീനവുമൊക്കെ, പീറ്റർ ഡാമിയന്റെ രചനകളിലൂടെയാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. അധികാരസ്ഥാനങ്ങളിൽ നിന്നകന്ന് എപ്പോഴും ദൈവത്തിൽ ലയിച്ചുകഴിയാൻ ആഗ്രഹിച്ച ഈ സന്യാസിവര്യൻ സാഹചര്യത്തിന്റെ അനിവാര്യതയാൽ

www.malankaralibrary.com

ബിഷപ്പായും, കർദിനാളായും, മാർപാപ്പയുടെ പ്രതിനിധിയായും, സേവനം ചെയ്യുകയും തന്റെ പൗരോഹിത്യശുശ്രൂഷയിലൂടെ സഭയെ നവീകരിക്കുകയും ചെയ്തു. സന്യാസവും പൗരോഹിത്യവും മാത്രമല്ല, ക്രിസ്തീയ ജീവിതം തന്നെ, അദ്ദേഹത്തെ സംബന്ധിച്ച് ക്രിസ്തുവിൽ നവീകരിക്കപ്പെട്ട സൃഷ്ടിയുടെ ഭൂമിയിലെ മഹനീയ മാതൃകകളാണ്. അധികാരത്തോടും ഭൗതീക സുഖസൗകര്യങ്ങളോടുമുള്ള ആസക്തിയിൽ അടിപ്പെടാതെ ക്രിസ്തുവിന്റെ കുരിശിൽ നിന്നുത്ഭവിക്കുന്ന ദൈവീകകൃപാവരങ്ങളാൽ നവീകരിക്കപ്പെടുന്ന സഭയെ അദ്ദേഹം സ്വപ്നം കണ്ടു. അങ്ങനെ അക്കാലത്തെ പല തെറ്റായ സങ്കല്പങ്ങളെയും കളങ്കിത ജീവിതങ്ങളെയും തിരുത്തുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞു. ബിഷപ്പെന്നാൽ സേവനത്തിനുള്ള ആത്യന്തിക വിളിയാണെന്നും, ഏകാന്ത ജീവിതത്തിലിരുന്നു പ്രാർത്ഥിക്കുന്ന സന്യാസി സഭയെ വിശുദ്ധിയിൽ പരിപാലിക്കാൻ സഹായിക്കുന്നുവെന്നും അദ്ദേഹം പഠിപ്പിച്ചു. ദൈവം ചെയ്യാൻ ആഗ്രഹിച്ച കാര്യങ്ങൾ അങ്ങനെ വി. പീറ്റർ ഡാമിയനിലൂടെ അനേകർക്ക് വെളിവാക്കപ്പെട്ടു. സഭയുടെ ആത്മീയ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം ആശ്രയിക്കാവുന്നതും മാതൃകയാക്കാവുന്നതുമായ സന്യാസവര്യനാണ് വി. പീറ്റർ ഡാമിയൻ.

**ജനനം, ബാല്യം, വിദ്യാഭ്യാസം**

രണ്ടാം സഹസ്രാബ്ദത്തിന്റെ ആദ്യശതകത്തിൽ എ.ഡി. 1007-ൽ ഇറ്റലിയിലെ പ്രസിദ്ധമായ റെവെന്ന നഗരത്തിലാണ് പീറ്റർ ജനിച്ചത്. ഇദ്ദേഹത്തിന്റേത് ഒരു പ്രഭു കുടുംബമായിരുന്നെങ്കിലും കടുത്ത ദാരിദ്ര്യത്തിലാണ് അദ്ദേഹം വളർന്നത്. വീട്ടിൽ പുതിയൊരംഗത്തിന്റെ ആഗമനം തങ്ങളുടെ ദുരിതങ്ങൾ വർധിപ്പിക്കുമെന്ന മൂത്ത സഹോദരന്റെ അസ്വാഭാവിക പ്രതികരണം വി. പീറ്ററിന്റെ സഹായിയും ജീവചരിത്രകാരനുമായ ലോദിയിലെ ബിഷപ്പ് ജോണിലൂടെ പിൽക്കാല തലമുറയ്ക്ക് ലഭ്യമായിട്ടുണ്ട്. "അദ്ദേഹത്തിന്റെ അമ്മ ധാരാളം കുട്ടികൾക്ക് ജന്മം നൽകി ക്ഷീണിതയായിരുന്നു. ഇങ്ങനെ ഈ ഭവനം അനേകം അനന്തരവകാശികളെക്കൊണ്ട് നിറഞ്ഞപ്പോൾ, അവൾ തന്റെ അവസാന പുത്രന് ജന്മം നൽകി. തദവസരത്തിൽ അവളുടെ പ്രായപൂർത്തിയായ ഒരു മകൻ ഇപ്രകാരം പറഞ്ഞു, 'പ്രിയപ്പെട്ടവരേ, നമ്മൾ എവിടെയെത്തി എന്നു നോക്കൂ, ഇപ്പോൾ തന്നെ ഇവിടെയുള്ളവർക്ക് ജീവിക്കാൻ സ്ഥലമില്ല, അവകാശികളുടെ അംഗസംഖ്യ ഇങ്ങനെ പെരുകുന്നത് നമ്മുടെ അനന്തരാവകാശത്തിന് പ്രശ്നമുണ്ടാക്കുമല്ലോ!'. ഇതുകേട്ട് അവരുടെ അമ്മ കോപിക്കുകയും ഒരു സ്ത്രീയുടെ ദേഷ്യത്തോടെ കൈകൾ കൂട്ടിപ്പിടിച്ചു ഞാൻ ഈ ലോകത്തിൽ ഇനിയും ജീവിക്കാൻ യോഗ്യയല്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് അവനെ (ഡാമിയൻ) മുലയൂട്ടുന്നത് നിർത്തുകയും തന്റെ ദുർവിധിയോർത്ത് സങ്കടപ്പെടുകയും ചെയ്തു. ജീവിക്കാൻ പരിശീലിക്കുന്നതിന് മുൻപ് സ്വന്തം കാര്യം നോക്കാൻ അവനെ വിടുകയും അവനവകാശപ്പെട്ട അമ്മയുടെ മാറിടം നിഷേധിക്കുകയും ചെയ്തു" (John of Lodi, *Vita Petri Damiani*, 1, PL 144:115B-C).

പീറ്റർ ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ മാതാപിതാക്കൾ മരിച്ചുപോയതിനാൽ സഹോദരങ്ങളാണ് അദ്ദേഹത്തെ വളർത്തിയത്. മൂത്ത സഹോദരൻ അദ്ദേഹത്തെ വേണ്ട രീതിയിൽ ശ്രദ്ധിക്കാതിരിക്കുകയും മിക്കപ്പോഴും ഒരു ജോലിക്കാരനായി കരുതി കാർക്കശ്യത്തോടെ പെരുമാറുകയും ചെയ്തു. എന്നാൽ മറ്റൊരു സഹോദരൻ ഡാമിയൻ ഇദ്ദേഹത്തെ കരുതലോടെ പരിപാലിച്ചു നല്ല വിദ്യാഭ്യാസം നൽകി. ആ സഹോദരനോടുള്ള സ്നേഹം പ്രകടമാക്കുന്നതിനു പീറ്റർ അദ്ദേഹത്തിന്റെ നാമം തന്റെ പേരിനോട് ചേർത്ത് പീറ്റർ ഡാമിയൻ എന്ന പേര് സ്വീകരിച്ചു. തന്റെ മൂത്ത ഒരു സഹോദരിയും ഒരു അമ്മയെപ്പോലെ പരിപാലിച്ചു എന്ന് വി. പീറ്റർ ഡാമിയൻ എഴുതിയിട്ടുണ്ട്.

പീറ്ററിന്റെ ജീവിതത്തിൽ ചെറുപ്പത്തിലുണ്ടായ ചില സംഭവങ്ങൾ ജീവചരിത്രകാരൻ ഇപ്രകാരം വിവരി



www.malankaralibrary.com

ക്കുന്നു. ഒരിക്കൽ നടന്നുപോകുന്ന വഴിയിൽ കിടന്ന് അദ്ദേഹത്തിന് ഒരു നാണയം കിട്ടി. അറിയാതെ കിട്ടിയ ഈ പ്രത്യേക 'നിധി' എങ്ങനെ ഉപയോഗിക്കണമെന്ന് അദ്ദേഹം ഒരുപാട് ആലോചിച്ചു. അവസാനം തന്റെ മാതാപിതാക്കൾക്കു വേണ്ടി വി. കുർബാന അർപ്പിക്കുന്നതിനായി ഈ പണം ദേവാലയത്തിൽ സമർപ്പിച്ചു. ചെറുപ്രായത്തിൽ തന്നെ പ്രാർത്ഥനയിലും ധ്യാനത്തിലും അദ്ദേഹം ധാരാളം സമയം ചില വഴിച്ചിരുന്നു. സ്വയനിഗ്രഹം പരിശീലിക്കുന്നതിനും ആത്മനിയന്ത്രണം പാലിക്കുന്നതിനും അദ്ദേഹം ഒരു രോമക്കുപ്പായം ധരിച്ചിരുന്നു. ഒരിക്കൽ വിഷയാസക്തിയാൽ അദ്ദേഹം വളരെയധികം ക്ലേശിക്കപ്പെട്ടു. ഇതിനെ പ്രതിരോധിക്കുന്നതിനായി പീറ്റർ തണുത്ത വെള്ളത്തിൽ തന്റെ ശരീരം മുഴുവൻ മുക്കി മണിക്കൂറുകൾ നിൽക്കുകയും അതിന് ശേഷം ആ രാത്രി സങ്കീർത്തന പാരായണത്തിൽ ചിലവഴിക്കുകയും ചെയ്തുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

പീറ്റർ പഠനത്തിൽ അതിസമർത്ഥനായിരുന്നു. കാര്യങ്ങൾ പെട്ടെന്ന് ഗ്രഹിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ അസാധ്യ കഴിവിൽ അദ്ധ്യാപകർ മതിപ്പ് പ്രകടിപ്പിച്ചിരുന്നു. റേവന്നയിലും പിന്നീട് ഫയൻസയിലും അവസാനം പാർമ്മ സർവ്വകാലശാലയിലും തത്വശാസ്ത്രം, ദൈവശാസ്ത്രം



തുടങ്ങിയ വിഷയങ്ങൾ അദ്ദേഹം അഭ്യസിച്ചു. ഇരുപഞ്ചാമത്തെ വയസ്സിൽ തന്നെ അദ്ദേഹം ആ പ്രദേശത്തെ അറിയപ്പെടുന്ന ഒരു പ്രസംഗകനായി മാറിയിരുന്നു.

**സന്യാസ ജീവിതം**

ഇറ്റലിയിലെ അക്കാലത്തെ പ്രസിദ്ധമായ ചില സർവ്വകലാശാലകളിൽ ഉന്നതവിദ്യാഭ്യാസം നേടിയതുവഴി ചെറു പ്രായത്തിൽ തന്നെ ലൗകീക നേട്ടങ്ങളുടെ വാതിലുകൾ പീറ്റർ ഡാമിയന്റെ മുൻപിൽ തുറന്നിരുന്നു. എന്നാൽ തന്റെ ജീവിത ലക്ഷ്യം സന്യാസത്തെ പുൽകി ദൈവത്തെ അടുത്തറിയുന്നതിനും അറിയിക്കുന്നതിനുമാണെന്ന് അദ്ദേഹം തിരിച്ചറിയുകയും എ.ഡി. 1035-ൽ ആശ്രമ ജീവിതത്തിനായി ഇറങ്ങിത്തിരിക്കുകയും ചെയ്തു.




വി. റൊമുവാൾഡ് സ്ഥാപിച്ച കമൽദോളേസെ സന്യാസ സമൂഹത്തിലാണ് പീറ്റർ ഡാമിയൻ തന്റെ ദൈവവിളി സാക്ഷാത്ക്കരിച്ചത്. മധ്യഇറ്റലിയിലെ അരേസ്സോ നഗരത്തിനടുത്തുള്ള കമൽദോളി പാർവ്വതത്തിൽ ഉണ്ടായിരുന്ന ആശ്രമത്തിന്റെ പേരിൽ നിന്നാണ് ഈ സന്യാസ സമൂഹത്തിനു ഈ നാമം ലഭിച്ചത്. കമൽദോളേസെ സന്യാസ ആശ്രമത്തിലെ അംഗമായിരുന്നെങ്കിലും ബെനഡിക്റ്റീൻ ആശ്രമ നിയങ്ങളോട് പീറ്ററിന് വലിയ ഇഷ്ടമായിരുന്നു. (ഇക്കാരണത്താൽ അദ്ദേഹം ബെനഡിക്റ്റീൻ സന്യാസി ആയിരുന്നു എന്ന് ചിന്തിക്കുന്നവരും ഉണ്ട്). ഗൂബിയോ രൂപതയിലെ മോണ്ടെകാത്രിയ പർവ്വതത്തിലുള്ള ഫോന്തേ ആവല്ലാനയിലെ ആശ്രമത്തിൽ ആയിരിക്കുമ്പോൾ കഠിനമായ തപശ്ചര്യകൾ അനുഷ്ഠിച്ച പീറ്ററിന് ഏകാഗ്രത നഷ്ടപ്പെടുകയും ഉറക്കമില്ലായ്മയെതുടർന്ന് രോഗിയാവുകയും ചെയ്തു. ഈ പ്രശ്നങ്ങളിൽ നിന്നും വിമുക്തനാകുന്നതിന് അദ്ദേഹത്തിന് കുറേനാളത്തേയ്ക്ക് വിശ്രമിക്കേണ്ടതായും വന്നു.

സാവധാനം ആരോഗ്യം വീണ്ടെടുത്ത പീറ്റർ അടുത്ത രണ്ടു മൂന്ന് വർഷക്കാലം ചെറുപ്പക്കാരായ സന്യാസികളുടെ പരിശീലന പ്രക്രിയയിൽ സഹായിയായി. ഇറ്റലിയിലെ അക്കാലത്തെ ഏകാന്ത സന്യാസ ജീവിതത്തിന്റെ വലിയ പ്രചാരകനും കാമൽദോളോസെ സന്യാസ സമൂഹത്തിന്റെ സ്ഥാപകനുമായിരുന്ന റൊമുവാൾഡിന്റെ ജീവചരിത്രം പീറ്റർ എഴുതുകയും ഇത് പെട്ടെന്ന് തന്നെ

www.malankaralibrary.com

പ്രചുരപ്രചാരം നേടുകയും ചെയ്തു. മാത്രമല്ല വി. റൊമുവാൾഡിന്റെ മരണത്തിന്റെ പതിനഞ്ചു വർഷങ്ങൾക്ക് ശേഷം എഴുതപ്പെട്ട ജീവചരിത്രം അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള ഒരു ആധികാരിക രേഖയായി ഇന്ന് കരുതപ്പെടുന്നു. ഈ കൃതി അനേകം സന്യാസ ആശ്രമങ്ങൾക്ക് തങ്ങളുടെ നിയമങ്ങൾ എഴുതുന്നതിനും നവീകരിക്കുന്നതിനും സഹായകമായിട്ടുണ്ട്. ഈ രചനയിലൂടെ തന്റെ പിന്നീടുള്ള സന്യാസ നവീകരണ പ്രവർത്തനങ്ങളെ ക്രമീകരിക്കുന്നതിനും പീറ്റർ ഡാമിയനു സാധിച്ചു.



എ.ഡി. 1037-ൽ റവെന്നായിലെ ആർച്ചുബിഷപ്പായിരുന്ന ജെബെയാർദോ ആണ് പീറ്റർ ഡാമിയനു പൗരോഹിത്യപട്ടം നൽകിയത്. ഏതാനും വർഷങ്ങൾക്ക് ശേഷം 1043-ൽ ഫോന്തേ അവെല്ലാനയിലെ ആശ്രമ സുപ്പീരിയറായി അദ്ദേഹം നിയമിക്കപ്പെട്ടു. ജീവിതയാത്രയിൽ അനേകം ഉത്തരവാദിത്വങ്ങൾ വഹിക്കേണ്ടി വന്നെങ്കിലും 1072-ൽ തന്റെ സ്വർഗ്ഗ സമ്മാനത്തിനായി യാത്രയാകുന്നതുവരെ അദ്ദേഹം ഈ സ്ഥാനത്ത് തുടരുകയും ചെയ്തു. അവെല്ലാനയിലെ ആശ്രമത്തിന്റെ സമീപത്തെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും പീറ്റർ ആശ്രമങ്ങൾ സ്ഥാപിച്ചു. സന്യാസ പൗരോഹിത്യ നവീകരണത്തിന് അദ്ദേഹം വലിയ ഊന്നൽ നൽകി. അദ്ദേഹം സ്വന്തം ജീവിതത്തിൽ നടപ്പിലാക്കിയ ചില പരിത്യാഗ പ്രവർത്തനങ്ങൾ പ്രസിദ്ധമായിത്തീരുകയും മോണ്ടെ കസ്സിനോ പോലെയുള്ള ആശ്രമങ്ങൾ ഇദ്ദേഹത്തെ അനുകരിക്കുകയും ചെയ്തു. എന്നാൽ "സ്വയം പ്രഹരിക്കുന്ന" അനുഷ്ഠാനങ്ങൾക്ക് പല ഭാഗത്തു നിന്നും എതിർപ്പുകൾ ഉണ്ടായി. അതുപോലെതന്നെ തന്റെ ആശ്രമത്തിലെ വലിയ തീഷ്ണത കാണിച്ച സന്യാസികളെ പീറ്ററിന് നിയന്ത്രിക്കേണ്ടതായും വന്നിട്ടുണ്ട്.

ആശ്രമങ്ങളിൽ ഉച്ചമയക്കം എന്ന സമ്പ്രദായം നടപ്പാക്കിയതും വി. പീറ്റർ ഡാമിയനാണ്. രാത്രിയിലെ പ്രാർത്ഥനകൾക്കും ഉച്ചയ്ക്ക് മുൻപുള്ള അദ്ധ്വാനത്തിന്റെ ക്ഷീണത്തിനും ഒരു ആശ്വാസം എന്ന നിലയിലാണ് ഇത് നടപ്പാക്കിയത്. അത് ഉച്ചകഴിഞ്ഞുള്ള ജോലിയെയും പ്രാർത്ഥനാനുഷ്ഠാനങ്ങളെയും മെച്ചമായി ചെയ്യുന്നതിന് സഹായിക്കും എന്നതായിരുന്നു അദ്ദേഹത്തിന്റെ പക്ഷം.



**ആശ്രമ പരിഷ്ക്കർത്താവ്**

പീറ്റർ ഡാമിയന്റെ ആത്മീയ വീക്ഷണം അദ്ദേഹത്തിന്റെ ആശ്രമജീവിത ചിന്തകളിലും പരിഷ്ക്കരണത്തിലും കണ്ടെത്താൻ സാധിക്കും. പീറ്ററിനെ സംബന്ധിച്ച് ദൈവദർശനത്തിനായി പരിശ്രമിക്കുക എന്നതാണ് മനുഷ്യന്റെ ഈ ലോകത്തിലെ ജീവിത ലക്ഷ്യം. ഇതിനെയാണ് ധ്യാനം എന്ന് അദ്ദേഹം വിളിക്കുന്നത്. വിശുദ്ധർ തങ്ങളുടെ മനനം വഴി ദൈവത്തെ കണ്ടെത്തുന്നു. എന്നാൽ തന്റെ ജീവിതത്തിൽ ഒരു ആശ്രമാധിപന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടതുള്ളതുകൊണ്ട് പലപ്പോഴും ധ്യാനവും പ്രാർത്ഥനയും ഏകാഗ്രമല്ലാതാകുന്നുവെന്നും അദ്ദേഹത്തിന് പരിഭവം ഉണ്ടായിരുന്നു. ഈ ലോകജീവിതത്തിലെ ധ്യാനത്തിലൂടെയുള്ള ദൈവദർശനത്തെ കടലിൽ ജീവിക്കുന്ന ഒരു പറക്കും മത്സ്യത്തോടാണ് അദ്ദേഹം ഉപമിച്ചിരിക്കുന്നത്. പെട്ടെന്ന് വായുവിൽ പറന്നുപൊങ്ങുന്ന മത്സ്യം വീണ്ടും വെള്ളത്തിലേക്ക് തിരികെയെത്തുന്നു. ധ്യാനത്തിലായിരിക്കുന്ന വ്യക്തിയുടെ ആത്മാവ് പുണ്യങ്ങളാൽ സ്വർഗ്ഗത്തിലേക്ക് ഉയരുന്നു. എന്നാൽ

www.malankaralibrary.com

അനുദിനജീവിതത്തിലെ ആകുലതകളിൽ ആടിയുലയുമ്പോൾ വീണ്ടും നാം സാധാരണക്കാരായായി മാറുന്നു. അനുതാപവും ആത്മീയ പരിചിന്തനവും പാപമോചനത്തിന് അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഇതിന്റെ ആത്യന്തിക ലക്ഷ്യം ഉന്നത ഉൾക്കാഴ്ച ലഭിക്കുക എന്നതാണ്. ദൈവത്തിന്റെ യഥാർത്ഥ ദർശന സൗഭാഗ്യം ലഭിച്ചവർ മാനുഷിക പരീക്ഷണങ്ങളിൽ അകപ്പെടാതെ തങ്ങളെതന്നെ സംരക്ഷിക്കും.




പീറ്റർ ഡാമിയൻ ഫോന്തേ അവെല്ലാനയിലെ ആശ്രമത്തിന്റെ സമീപ പ്രദേശങ്ങളിലെല്ലാം സന്യാസ ഭവനങ്ങൾ തുടങ്ങി. ഈ ആശ്രമങ്ങളിൽ ബെനഡിക്റ്റീൻ നിയമങ്ങൾ അനുസരിച്ചുള്ള ഒരു ജീവിതരീതിക്കും അദ്ദേഹം പ്രാധാന്യം നൽകിയിരുന്നു. ഏകാന്തതയിലും ധ്യാനത്തിലും കഴിയുന്നതിന് പരിശീലനം ലഭിക്കുന്നതിനുള്ള ഒരു സ്ഥലമാണ് പീറ്റർ ഡാമിയനെ സംബന്ധിച്ച് ആശ്രമം. ഫോന്തേ ആവെല്ലാനയിൽ പ്രധാന ദേവാലയത്തോട് ചേർന്നുള്ള ചെറിയ കുടിലുകളിൽ ഒന്നും രണ്ടും പേരായി താമസിക്കുന്ന രീതിയെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. എന്നാൽ പ്രാർത്ഥനകൾക്കായി അവർ ആശ്രമത്തിൽ ഒരുമിച്ചു കൂടുകയും ചെയ്തിരുന്നു. കൂടുതൽ നിഷ്ഠയോടെ ജീവിക്കണമെന്ന് ആഗ്രഹിച്ചവർക്ക് ഒറ്റയ്ക്ക് ഒരു കുടിലിൽ ജീവിച്ചു അവിടെത്തന്നെ പ്രാർത്ഥിച്ചു ആശ്രമജീവിതം നയിക്കുന്നതിനുള്ള സാധ്യതയും ഉണ്ടായിരുന്നു. ഞായറാഴ്ചയും പ്രധാന തിരുനാൾ ദിനങ്ങളിലും പ്രാർത്ഥനയ്ക്കായി അവർ ഒരുമിച്ചു കൂടിയിരുന്നു.

**സഭാനവീകരണത്തിലേക്ക്**

ഒരു സന്യാസ ആശ്രമത്തിന്റെ ആവൃതിക്കുള്ളിലെ ചുവരിനുള്ളിൽ ആരുമറിയാതെ പ്രാർത്ഥനയിലും ധ്യാനത്തിലും മാത്രമായി ജീവിക്കാൻ ഇഷ്ടപ്പെട്ടിരുന്ന പീറ്റർ ഡാമിയൻ സഭയുടെ പൊതുവായ വളർച്ചയിലും വളരെയധികം ശ്രദ്ധാലുവായിരുന്നു. സഭയുടെ വലിയൊരു പ്രതിസന്ധി ഘട്ടത്തിൽ അധികാരികളോട് ചേർന്ന് സഭയെ നവീകരിക്കാനും വിശുദ്ധീകരിക്കാനും അദ്ദേഹം പരിശ്രമിച്ചു. യൂറോപ്പിലാകമാനം ഉണ്ടായ രാഷ്ട്രീയ അസ്ഥിരത സഭയുടെ പ്രമാണങ്ങളെക്കുറിച്ചുള്ള അജ്ഞത സൃഷ്ടിക്കുകയും പുരോഹിതരുടെ ആത്മീയ ഗുണനിലവാരം വളരെയധികം കുറഞ്ഞു പോവുകയും ചെയ്തു. ഈ സമയത്താണ് ഗ്രിഗറി ആറാമൻ മാർപാപ്പയ്ക്ക് സഭയുടെ നന്മയെക്കരുതി ദുഷ്കൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നടപടി എടുക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു പീറ്റർ ഡാമിയൻ കത്തുകൾ എഴുതിയത്.

ഹെൻഡ്രി മൂന്നാമൻ ചക്രവർത്തിക്കും അദ്ദേഹം കത്തുകൾ എഴുതി. അദ്ദേഹത്തിന്റെ കിരീടധാരണ സമയത്തും പിന്നീട് ലാറ്ററൻ ബസിലിക്കയിൽ നടന്ന സിനഡിലും പീറ്റർ ഡാമിയൻ സംബന്ധിക്കുകയും കൈക്കൂലി കൊടുത്ത് സഭയിൽ സ്ഥാനമാനങ്ങൾ നേടുന്നതിനെതിരായ നിയമങ്ങൾ പാസാക്കുന്നതിനു മുൻകൈയ്യെടുക്കുകയും ചെയ്തു. എന്നാൽ സിനഡിന്റെ ആദ്യ സെഷനുകളിൽ സംബന്ധിച്ചതിന് ശേഷം വളരെ വേഗം തന്റെ ആശ്രമത്തിലെ ഏകാന്തതയിലേക്ക് അദ്ദേഹം തിരികെപോയി. ഇക്കാലയളവിലും അദ്ദേഹം അന്ന് നിലവിലിരുന്ന ചില ദൈവശാസ്ത്ര-അച്ചടക്ക വിഷയങ്ങൾ സംബന്ധിച്ച് തുറന്ന കത്തുകൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി.

ഇന്ന് പൗരോഹിത്യ പരിശീലനത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ് നീണ്ട വർഷങ്ങളിലെ തത്വശാസ്ത്ര പഠനം. ദൈവശാസ്ത്ര പഠനത്തെ സഹായിക്കാനും മനുഷ്യചിന്തയെ കൂടുതൽ സമഗ്രമാക്കാനും ലക്ഷ്യം വച്ചുള്ളതാണ് ഈ പഠനം. എന്നാൽ സഭയുടെ പല കോണിലും തത്വശാസ്ത്രപഠനത്തോട് എതിർപ്പുണ്ടായിരുന്നു. ഇത്തരത്തിലുള്ള ചിന്ത വച്ചുപുലർത്തിയിരുന്ന വിശുദ്ധനാണ് പീറ്റർ ഡാമിയൻ. അദ്ദേഹത്തിന്റെ ചിന്തയിൽ യേശു തത്വജ്ഞാനികളെയല്ല തന്റെ ശിഷ്യന്മാരാകാൻ വിളിച്ചിരിക്കുന്നത്. തത്വശാസ്ത്രം രക്ഷപ്രാപിക്കുന്നതിനു അനിവാര്യവുമല്ലാത്തതിനാൽ സന്യാസികൾ തത്വശാസ്ത്രം പഠിക്കേണ്ടുന്നതില്ല എന്നും അദ്ദേഹം

www.malankaralibrary.com



വാദിച്ചു. തത്വശാസ്ത്രം ദൈവശാസ്ത്രത്തെ സേവിക്കാനുള്ള ഉപാധിയാണ് എന്ന ആശയം തോമസ് അക്വീനാസിന്റേതായി പ്രസിദ്ധമായിത്തീർന്നതാണ്. എന്നാൽ യഥാർത്ഥത്തിൽ ഈ ആശയത്തിന്റെ ഉപജ്ഞാതാക്കളിൽ ഒരാളാണ് വി. പീറ്റർ ഡാമിയൻ. ഒരു വീട്ടുജോലിക്കാരി തന്റെ യജമാനത്തിയെസേവിക്കുന്നതുപോലെതത്വശാസ്ത്രം ദൈവശാസ്ത്രത്തെസേവിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആശയം. തത്വശാസ്ത്രത്തോട് അദ്ദേഹത്തിന് വിപ്രതിപത്തി ഉണ്ടായത് തർക്കശാസ്ത്ര പഠനത്തോടെയാണ്. ഒരു വാദത്തിന്റെ യുക്തിസാധുത മാത്രമാണ് ഇവിടെ പ്രധാനം അല്ലാതെ യാഥാർത്ഥ്യത്തിന്റെ സ്വഭാവമല്ല എന്നതായിരുന്നു അതിന്റെ കാരണം.

### ബിഷപ്പ്, കർദിനാൾ

മോണ്ടെ കസിനോ ആശ്രമത്തിലെ ആബട്ടായിരുന്ന ഫെഡറിക്ക് സ്റ്റീഫൻ ഒൻപതാമൻ എന്ന നാമം സ്വീകരിച്ചു മാർപാപ്പ ആയിത്തീർന്നു. എ. ഡി. 1057–ൽ അദ്ദേഹം പീറ്റർ ഡാമിയനെ ഒരു കർദിനാളാക്കാൻ തീരുമാനിച്ചു. എന്നാൽ ഈ പദവി തന്റെ സന്യാസ ജീവിതത്തോട് ചേർന്നു പോകുന്നതല്ല എന്ന കാരണം പറഞ്ഞു അദ്ദേഹം നിരസിച്ചു. തന്റെ ആശ്രമത്തിലും പ്രസംഗകൻ എന്ന ജോലിയിലും സംതൃപ്തനായിരുന്ന അദ്ദേഹം ഒരു കർദിനാളിന്റെ പദവി തനിക്ക് ആവശ്യമില്ല എന്ന് മാർപാപ്പയെ അറിയിച്ചു. പീറ്റർ ഡാമിയന്റെ എതിർപ്പുകൾ അവഗണിച്ചുകൊണ്ട് മാർപാപ്പ അദ്ദേഹത്തെ 1057–ൽ കർദിനാളും ഓസ്തിയ രൂപതയുടെ ബിഷപ്പുമായി പ്രഖ്യാപിച്ചു. അധികം താമസിയാതെ ഗുബ്ബിയോ രൂപതയുടെ അഡ്മിനസ്റ്റ്റേറ്ററായും അദ്ദേഹത്തെ നിയമിച്ചു. തന്റെ പുതിയ ദൗത്യത്തെക്കുറിച്ചു ഉത്തമ ബോധ്യം ഉണ്ടായിരുന്ന പീറ്റർ ഡാമിയൻ തന്റെ സഹോദര കർദിനാളന്മാർക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചു ബോധ്യപ്പെടുത്താനായി ഒരു കത്തയച്ചു. അതിൽ മാതൃക കൊണ്ട് പ്രശോഭിക്കുന്നവരായിത്തീരാൻ അവരെ അദ്ദേഹം ഉപദേശിച്ചു. എന്നാൽ നാല് മാസത്തിനുള്ളിൽ മാർപാപ്പ കാലം ചെയ്തത് സഭയിൽ നൂതന പ്രശ്നങ്ങളുടെ ഉദയത്തിനു കാരണമായിത്തീരുന്നു. പീറ്റർ ഡാമിയൻ ഈ സമയത്ത് ഫൊന്തേ ആവല്ലാനയിലുള്ള തന്റെ ആശ്രമത്തിലേക്ക് തിരികെ പോവുകയാണുണ്ടായത്.

### മിലാനിലെ ദൗത്യം

മിലാനിലെ സഭ വലിയൊരു പ്രതിസന്ധിയിലൂടെ കടന്നു പോവുന്ന കാലഘട്ടമായിരുന്നു ഇത്. രണ്ടുതരം തിന്മകളാണ് ഇവിടുത്തെ സഭയെ നശിപ്പിച്ചുകൊണ്ടിരുന്നത്. ഒന്നാമത്തേത് 'സൈമണി'യും രണ്ടാമത്തേത് 'നിക്കോളായിസ'വും. സഭയിലെ സ്ഥാനമാനങ്ങളും പട്ടങ്ങളും കൈക്കൂ

www.malankaralibrary.com



ലിയിലൂടെ വാങ്ങുന്നതിനെയും വിൽക്കുന്നതിനെയുമാണ് സൈമണി എന്ന് വിളിക്കുന്നത്. വി. ഗ്രന്ഥത്തിൽ അപ്പസ്തോലന്മാരുടെ കൈവപ്പുവഴി പരിശുദ്ധാത്മാവിന്റെ അഭിഷേകം സംഭവിക്കുന്നത് കണ്ടപ്പോൾ ഈ വരം തനിക്കും ലഭിക്കുന്നതിനായി സൈമൺ മാഗുസ് എന്നയാൾ പണം നൽകുന്നു. (അപ്പസ്തോല പ്രവർത്തനങ്ങൾ 8:18). പണം കൊടുത്തു ദൈവീക കൃപകൾ വാങ്ങാനുള്ള സൈമൺ മാഗുസിന്റെ കുടിലതന്ത്രം പരാജയപ്പെട്ടെങ്കിലും 'സൈമണി' എന്ന വാക്ക് തന്റെ പേരിൽ അറിയപ്പെടുന്നു എന്ന് അഭിമാനിക്കാം!

'നിക്കോളായിസം' ആദിമനൂറ്റാണ്ടിലെ സഭ തള്ളിപ്പറഞ്ഞ ഒരു തിന്മയാണ്. നിക്കോളാസ് എന്ന ഒരു ഡീക്കൻ വ്യക്തി കേന്ദ്രീകൃത വിശ്വാസത്തിനും ദൈവബന്ധത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് സഭയിലെ അധികാരത്തെ നിഷേധിച്ചയാളാണ്. സെവില്ലിലെ വി. ഇസിദോറിന്റെ അഭിപ്രായത്തിൽ നിക്കോളായിസ് തന്റെ സുന്ദരിയായ ഭാര്യയെ പാപത്തിലേക്ക് തള്ളിവിട്ടുകൊണ്ട് മറ്റുള്ളവരുടെ കൂടെ ജീവിക്കാൻ അനുവദിച്ച ആളാണ്. പിന്നീട് ഇവർ സഭയിൽനിന്നും വേർപെട്ട ഒരു 'സെക്റ്റായി' അറിയപ്പെട്ടു. വെളിപാടുപുസ്തകത്തിൽ എഫേസൂസിലെ സഭയ്ക്കുള്ള കത്തിൽ രണ്ടുപ്രാവശ്യം ഇവരുടെ പേരെടുത്തു പറയുന്നുണ്ട് "നിക്കൊളാവ്യൂസ് പക്ഷക്കാരുടെ ചെയ്തികൾ നീ വെറുക്കുന്നു. അവ ഞാനും വെറുക്കുന്നു." (വെളി. 2: 6,15).

മിലാൻ പ്രദേശങ്ങളിലെ പല ബിഷപ്പുമാരും വൈദികരും ഇക്കാലയളവിൽ സൈമണി വഴി ഉന്നതസ്ഥാനങ്ങൾ കരസ്ഥമാക്കി. അവരിൽ മിക്കവരും നിക്കോളായിസ് രീതിയിൽ വെപ്പാട്ടിമാരെ കൂടെത്താമസിപ്പിക്കുകയും ചെയ്തിരുന്നു. ഈ തിന്മയ്ക്കെതിരെ പ്രവർത്തിക്കുന്നതിനു 'പത്താറിയ' എന്ന ഒരു സംഘടന നിലവിൽ വന്നു. ഇറ്റലിയിലെ ലൂക്കാ രൂപതയുടെ ബിഷപ്പായിരുന്ന ബാജിയോയിലെ ആൻസലെം (പിന്നീട് അലക്സാണ്ടർ രണ്ടാമൻ മാർപാപ്പ) ഡീക്കനായിരുന്ന വി. അരിയാൾഡോ എന്നിവരായിരുന്നു ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്. (പിന്നീട് വി. അരിയാൾഡോയും, അല്മയനായിരുന്ന വി. എർലെംബാൾഡും സഭാനവീകരണത്തിന്റെ പേരിൽ രക്തസാക്ഷിത്വം വഹിക്കേണ്ടി വന്നു).

ഈ തിന്മകളെ നേരിടുന്നതിനും മിലാൻ പ്രദേശങ്ങളിലെ സഭയിൽ മാറ്റം കൊണ്ടുവരുന്നതിനും എ.ഡി. 1059-ൽ നിക്കോളാസ് രണ്ടാമൻ മാർപാപ്പ തന്റെ പ്രതിനിധിയായി പീറ്റർ ഡാമിയനെ മിലാനിലേക്ക് അയച്ചു. വി. പീറ്റർ ഡാമിയന്റെ ദൗത്യം ആ സഭയെ വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുന്നതിൽ നിന്നും രക്ഷിച്ചു. ഒരു സ്ഥാനമാനങ്ങളും സ്ഥാനക്കയറ്റവും വിലകൊടുത്തു വാങ്ങുകയോ വിൽക്കുകയോ ചെയ്യുകയില്ലെന്ന് മിലാനിലെ ആർച്ചുബിഷപ്പിനെയും അദ്ദേഹത്തിന്റെ വൈദികരെയും കൊണ്ട് അദ്ദേഹം പ്രതിജ്ഞ എടുപ്പിച്ചു. കൂടാതെ ഇക്കാര്യത്തിൽ തെറ്റ് ചെയ്തവർക്ക് തെറ്റിന്റെ കാഠിന്യത്തിനനുസരിച്ചുള്ള ശിക്ഷ നൽകണമെന്നും അദ്ദേഹം നിലപാടെടുത്തു. റോമൻ കൂരിയായിൽ ഉണ്ടായിരുന്ന ചില ഉന്നത അധികാരികൾ വി. പീറ്റർ ഡാമിയന്റെ ചില തീരുമാനങ്ങളോട് വിയോജിപ്പിച്ചു പ്രകടിപ്പിച്ചെങ്കിലും അദ്ദേഹം അവരുടെ സമ്മർദത്തിന് വഴങ്ങാൻ തയ്യാറായിരുന്നില്ല.

**പ്രശ്നപരിഹാരകൻ**

'മാർപാപ്പമാരുടെ ഉപദേശകൻ' എന്ന പേരിൽ പീറ്റർ ഡാമിയൻ അറിയപ്പെട്ടിരുന്നു. തന്റെ ആത്മീയ-ധാർമ്മിക ശക്തിയാൽ അവരെ ഉപദേശിക്കാനും തിരുത്താനും അദ്ദേഹത്തിന് സാധിച്ചിരുന്നു. അതുപോലെ തന്നെ അവർ ഏല്പിച്ച

www.malankaralibrary.com

വലിയ ദൗത്യങ്ങൾ നിർവഹിക്കുന്നതിനുള്ള കഴിവും പ്രാപ്തിയും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഇതിന്റെ നന്ദിപ്രകടനം മാത്രമായിരുന്നു അദ്ദേഹത്തിന്റെ എതിർപ്പ് അവഗണിച്ചും ബിഷപ്പായും കർദിനാളായും അദ്ദേഹത്തെ മാർപാപ്പ തിരഞ്ഞെടുത്തത്.

നിക്കോളാസ് രണ്ടാമൻ മാർപാപ്പ കാലം ചെയ്തപ്പോൾ വീണ്ടും ചില പ്രശ്നങ്ങൾ സഭയിൽ ഉടലെടുത്തു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മാർപാപ്പ തിരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിനും വി. പീറ്റർ ഡാമിയൻ വലിയ പങ്കു വഹിച്ചു. അദ്ദേഹം ഇതുമായി ബന്ധപ്പെട്ടു ഒരു കത്ത് പ്രസിദ്ധീകരിക്കുകയും അത് മാർപാപ്പ തിരഞ്ഞെടുപ്പിൽ വലിയ സ്വാധീനം ചെലുത്തുകയും ചെയ്തു. അങ്ങനെ മിലാനിലെ സഭയിൽ പരിവർത്തനം കൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തിച്ച ബിഷപ്പ് ആൻസലെം അലക്സാണ്ടർ രണ്ടാമൻ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു. ഈ മാർപാപ്പ തിരഞ്ഞെടുപ്പാണ് സഭാചരിത്രത്തിൽ കർദിനാളന്മാർ മാത്രമായി നടത്തുന്ന ആദ്യത്തെ തിരഞ്ഞെടുപ്പ്. ഇതുവഴിയായി രാജാക്കന്മാരുടെയും റോമിലെ പ്രഭുക്കന്മാരുടെയും പുരോഹിതരുടെയും ജനങ്ങളുടെയും മാർപാപ്പ തിരഞ്ഞെടുപ്പിലെ സ്വാധീനം ഇല്ലാതായി. ഈ വിഭാഗം പീറ്റർ ഡാമിയനെ ശത്രു പക്ഷത്തു നിർത്തിയെങ്കിലും അവരുടെയൊന്നും ഭീഷണിക്ക് അദ്ദേഹം വഴങ്ങിയില്ല.

യൂറോപ്പിലെ സഭയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അലക്സാണ്ടർ രണ്ടാമൻ മാർപാപ്പ പീറ്റർ ഡാമിയന്റെ സഹായം തേടി. 1063-ൽ റോമിൽ വച്ച് നടന്ന സിനഡിൽ പ്രസിദ്ധമായ ക്ലൂണി ആശ്രമവും ഫ്രാൻസിലെ മാക്കോൺ രൂപതയിലെ ബിഷപ്പുമായുള്ള തർക്കം പരിഹരിക്കുന്നതിന് മധ്യസ്ഥനായി പീറ്റർ ഡാമിയനെ നിയോഗിച്ചു. അദ്ദേഹം ഫ്രാൻസിലേക്ക് യാത്ര ചെയ്യുകയും അവിടെ ഒരു സിനഡ് വിളിച്ചുകൂട്ടി ആശ്രമത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ അവിടുത്തെ രൂപതാബിഷപ്പിനു അധികാരമില്ലെന്ന് വിധിക്കുകയും ചെയ്തു. ഇത് അവിടെ നിലവിലിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിധിയായി പരിണമിച്ചു. ഈ മാതൃകയിൽ യൂറോപ്പിലെ പല രൂപതകളിലെയും ആശ്രമങ്ങളിലെയും പ്രശ്നങ്ങൾ പിന്നീട് പരിഹരിക്കപ്പെടും ചെയ്തു.

പീറ്റർ ഡാമിയൻ ഫ്രാൻസിലായിരുന്ന സമയത്ത് ആന്റി പോപ്പായിരുന്ന കടാലൂസ് പ്രശ്നങ്ങൾ സൃഷ്ടിക്കുകയും മാർപാപ്പയാകാനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്തു. ഇത്തരത്തിലുള്ള പ്രശ്നങ്ങളിൽ നിരന്തരം ഇടപെട്ടു തന്റെ സന്യാസ ജീവിതത്തിന്റെ ശാന്തത ഇല്ലാതാകുന്നുവെന്ന ചിന്തയാൽ 1067-ൽ പീറ്റർ ഡാമിയൻ തന്റെ ഔദ്യോഗിക സ്ഥാനങ്ങൾ രാജിവച്ചു ഫോന്തേ അവെല്ലാന എന്ന സ്ഥലത്തെ ആശ്രമത്തിലേക്ക് പോവുകയും അവിടെ പ്രാർത്ഥനയിലും



www.malankaralibrary.com

ധ്യാനത്തിലും തന്റെ സമയം ചിലവഴിക്കുകയും ചെയ്തു.

എന്നാൽ അലക്സാണ്ടർ മാർപാപ്പ അദ്ദേഹത്തെ റോമിലേക്ക് വീണ്ടും വിളിച്ചു വരുത്തുകയും ജർമ്മനിയിലേക്ക് തന്റെ പ്രത്യേക ദൗത്യവുമായി അയക്കുകയും ചെയ്തു. ഹെൻഡ്രി നാലാമൻ രാജാവ് തന്റെ ഭാര്യ ബെർത്തയുമായുള്ള ബന്ധം വിച്ഛേദിച്ചു വേറൊരു വിവാഹത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു. എന്നാൽ പീറ്റർ ഡാമിയന്റെ ഇടപെടൽ വഴി അദ്ദേഹം തന്റെ തീരുമാനനത്തിൽ നിന്നും പിന്മാറുകയും കൂടുതൽ ശ്രദ്ധ രാജ്യ ഭരണത്തിനായി നൽകുകയും ചെയ്തു.




**മരണം, വിശുദ്ധൻ, വേദപാരംഗതൻ**

ഒരു ദൗത്യം വിജയകരമായി പൂർത്തിയാക്കി തിരികെയെത്തുമ്പോൾ മറ്റൊരു ദൗത്യം പീറ്റർ ഡാമിയനെ കാത്തിരിക്കുന്ന അവസ്ഥ അന്ന് റോമിൽ നിലനിന്നിരുന്നു. റെവെന്ന സഭയിലെ വലിയൊരു പ്രശ്നം പരിഹരിക്കുന്നതിനായി മാർപാപ്പ അദ്ദേഹത്തെ അയച്ചു. അവിടുത്തെ ദൈവജനത്തെ സഭയുമായി രമ്യതയിൽ കൊണ്ടുവരിക എന്നതായിരുന്നു ഈ ദൗത്യം. ഈ ദൗത്യം വിജയകരമായി നിർവഹിച്ചു റോമിലേക്ക് വരുന്ന അവസരത്തിൽ ഫയെൻസ എന്ന സ്ഥലത്തുവച്ച് അദ്ദേഹം രോഗബാധിതനാവുകയും സാന്താ മരിയ വേക്കിയ ആശ്രമത്തിൽ ഒരാഴ്ച കഴിയുകയും ചെയ്തു. ഇവിടെ തന്റെ മരണക്കിടക്കയ്ക്ക് സമീപത്തു കൂടിയവരോട് പ്രാർത്ഥിക്കാൻ അദ്ദേഹം ആവശ്യപ്പെടുകയും അവർ പ്രാർത്ഥന ചൊല്ലിക്കൊണ്ടിരുന്ന അവസരത്തിൽ തന്റെ സ്വർഗ്ഗസമ്മാനത്തിനായി 1072 ഫെബ്രുവരി 22-ന് വിശുദ്ധൻ യാത്രയാവുകയും ചെയ്തു. അവിടുത്തെ ആശ്രമ സെമിത്തേരിയിലാണ് ആദ്യം പീറ്റർ ഡാമിയനെ അടക്കിയത്.

മരണാനന്തരം വിശ്വാസികൾ വി. പീറ്റർ ഡാമിനയനെ വിശുദ്ധനായി കണ്ടു അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ പ്രാർത്ഥിക്കാൻ തുടങ്ങിയിരുന്നു. ലിയോ പന്ത്രണ്ടാമൻ മാർപാപ്പ 1828 സെപ്റ്റംബർ 27-ന് അദ്ദേഹത്തെ സഭയിലെ വേദപാരംഗതന്മാരുടെ ഗണത്തിലേക്ക് ഉയർത്തി. ഫെബ്രുവരി 21-ന് സഭ അദ്ദേഹത്തിന്റെ തിരുന്നാൾ ആഘോഷിക്കുന്നു. അദ്ദേഹത്തിന്റെ ഭൗതീക ശരീരം ആറു പ്രാവശ്യം മാറ്റി സ്ഥാപിച്ചിട്ടുണ്ട്. അവസാനം 1898-ൽ ഫയെൻസയിലെ കത്തീഡ്രൽ ദേവാലയത്തിൽ വി. പീറ്റർ ഡാമിയന്റെ പേരിലുള്ള ചാപ്പലിൽ അടക്കം ചെയ്തു.

വി. പീറ്റർ ഡാമിയന്റെ സന്യാസ ജീവിത ശൈലി വി. ഫ്രാൻസിസ് അസ്സീസിയെ സ്വാധീനിച്ചിട്ടുണ്ട് എന്ന് വാദിക്കുന്ന പണ്ഡിതന്മാരുമുണ്ട്. പീറ്റർ ഡാമിയൻ വെള്ളിയാഴ്ച ഉപവാസം തന്റെ ആശ്രമങ്ങളിലെല്ലാം നടപ്പാക്കിയത് ക്രിസ്തുവിന്റെ പീഡകളെ അന്നേദിവസം അനുസ്മരിക്കുന്നതിനായിട്ടാണ്. ഇത് വി. ഫ്രാൻസിസ് തന്റെ സന്യാസ നിയമങ്ങളിൽ എഴുതി ചേർത്തിട്ടുണ്ട്. ക്രിസ്തുവിന്റെ സഹനങ്ങളെ തങ്ങളുടെ ജീവിതത്തിൽ പ്രായോഗികമായി അനുഭവവേദ്യമാക്കുക എന്ന ലക്ഷ്യത്തോടെ വി. പീറ്റർ ഡാമിയൻ അനുധാവനം ചെയ്ത പരിത്യാഗ പ്രവൃത്തികൾ പിന്നീട് വന്ന അനേകം സന്യാസ സമൂഹങ്ങൾ അനുകരിച്ചിട്ടുണ്ട്. ക്രിസ്തു തന്റെ ശരീരത്തിൽ ഏറ്റ ചമ്മട്ടിയടികൾ വലിയ വേദന നിറഞ്ഞതായിരുന്നു. അതിന്റെ അനുകരണം വി. പീറ്റർ ഡാമിയൻ പ്രോത്സാഹിപ്പിക്കുകയും അദ്ദേഹം അതിന് മാതൃകയാവുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ഭക്താഭ്യാസങ്ങളെ ഇന്ന് പ്രോത്സാഹിപ്പിക്കുന്നില്ലെങ്കിലും ശാരീരിക സഹനങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള കുരിശിന്റെ വഴി, തീർത്ഥാടനങ്ങൾ, ത്യാഗപ്രവർത്തനങ്ങൾ തുടങ്ങിയവ ക്രിസ്തീയ സുകൃത ജീവിതത്തിന്റെ ഭാഗമാണ്. വി. പീറ്റർ ഡാമിയന്റെ ചിന്തയിൽ കുരിശ് നമ്മുടെ സഹനത്തിന്റെ മാത്രമല്ല വിശ്വാസം പ്രത്യാശ ഉപവി എന്നിവയുടെ അടയാളം കൂടിയാണ്. ഭൂമിയിൽ അടിസ്ഥാനം ഉള്ള കുരിശിന്റെ താഴ്ഭാഗം നമ്മുടെ വിശ്വാസത്തിന്റെ പ്രതീകമാണ്. കുരിശിന്റെ സ്വർഗ്ഗവുമായി ബന്ധിപ്പിക്കുന്ന മുകൾഭാഗം നമ്മുടെ പ്രത്യാശയെ കാണിക്കുന്നു. രണ്ടു വശങ്ങളിലേക്കും നീളുന്ന കുരിശിന്റെ കൈകൾ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രതീകങ്ങളാണ്.

**ദൈവശാസ്ത്ര സംഭാവനകൾ**

വിവിധ വിഷയങ്ങളിൽ അനേകം രചനകൾ വി. പീറ്റർ ഡാമിയൻ നടത്തി. അതിൽ ലേഖനങ്ങൾ, എഴുത്തുകൾ, പ്രാർത്ഥനകൾ, ആരാധന സംബന്ധിയായ വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഗ്രന്ഥങ്ങൾ

www.malankaralibrary.com

എന്നിവയെല്ലാം ഉൾപ്പെടുന്നു. ഇക്കലത്തെ ഇറ്റലിയിലെ ആത്മീയ അവസ്ഥ മനസ്സിലാക്കുന്നതിന് ഈ ഗ്രന്ഥങ്ങൾ വളരെയധികം സഹായകമായിട്ടുണ്ട്.

'ദൈവത്തിന്റെ അപരിമേയത്വം' (*De Divina Omnipotentia*) എന്ന പ്രധാന കൃതിയിൽ ദൈവീക ശക്തി അദ്ദേഹം ചർച്ച ചെയ്യുന്നു. മോണ്ടെ കസ്സിനോയിലെ ബെനഡിക്റ്റീൻ ആശ്രമ സുപ്പീരിയർക്ക് എഴുതിയ ഒരു കത്താണിത്. വി. ജെറോമിന്റെ നിലപാടുകളോട് വിയോജിച്ചുകൊണ്ട് ഭൂതകാലത്ത് സംഭവിച്ച കാര്യങ്ങൾ പോലും ദൈവത്തിനു മാറ്റാൻ സാധിക്കും എന്ന് അദ്ദേഹം വാദിച്ചു. മനുഷ്യനെ സംബന്ധിച്ചു ഭൂതവും വർത്തമാനവും ഭാവിയും എല്ലാം ഉണ്ടെങ്കിലും ദൈവത്തിൽ ഇതൊക്കെയും അനന്തമായ വർത്തമാനമാണ്. വൈരുദ്ധ്യനിയമങ്ങൾ (law of contradiction) ദൈവത്തിന് ബാധകമല്ല എന്നതാണ് ഇതിന് ഉപോത്ബലകമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്.

പീറ്റർ ഡാമിയന്റെ ഏറ്റം സ്വീധീനമുള്ള രചനകൾ പൗരോഹിത്യവുമായി ബന്ധപ്പെട്ടതാണ്. വൈദികർ അധികാര ദുർവിനിയോഗം നടത്തുന്നത് സഭയെ ദുർബലപ്പെടുത്തുന്നതിനെക്കുറിച്ചാണ് അദ്ദേഹം ഈ കൃതികളിൽ പറഞ്ഞിരിക്കുന്നത്. 'ലീബർ ഗൊമോർഹിനൗസ്' വൈദികരുടെ അച്ചടക്ക രാഹിത്യത്തെക്കുറിച്ചും, 'ലീബർ ഗ്രാത്തിസ്സിമൂസ്' അധികാരസ്ഥാനത്ത് എത്തുന്നതിനുവേണ്ടി കൈക്കൂലി കൊടുക്കുന്നതിനെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. സൈമണി എന്ന വിപത്ത് അക്കാലത്തു സഭയിലും സമൂഹത്തിലും വളരെ വ്യാപകമായിരുന്നു. ഇക്കാരണത്താൽ അയോഗ്യതയോടെ വൈദിക-മേല്പട്ട സ്ഥാനത്ത് എത്തിയവർ സഭയുടെ ഉന്നമനത്തെക്കാൾ തങ്ങളുടെ സ്വാർത്ഥ താത്പര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. ഇവരിൽ പലരും തങ്ങളുടെ അനുസരണ-ബ്രഹ്മചര്യ വ്രതങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു.

എ.ഡി. 1050-ൽ 'ലീബർ ഗൊമോർഹിയാനൂസ്' എന്ന കത്ത് ലിയോ ഒൻപതാമൻ മാർപാപ്പയെ അഭിസംബോധന ചെയ്തുകൊണ്ട് പീറ്റർ ഡാമിയൻ എഴുതിയതാണ്. ഇതിൽ കൈക്കൂലി കൊടുത്തു സഭയിലെ സ്ഥാനമാനങ്ങൾ നേടുന്നതിനെ നിശിതമായി വിമർശിക്കുകയും ഇത് വൈദിക ജീവിതത്തിന്റെ അന്തസത്തയെ സാരമായി ബാധിക്കുകയും ചെയ്യുന്നുണ്ടെന്ന് എഴുതുകയും ചെയ്തു. ഇങ്ങനെ വൈദിക സ്ഥാനങ്ങൾ കരസ്തമാക്കിയവരുടെ പട്ടത്തിന്റെ സാധുതയെക്കുറിച്ചുള്ള സംശയങ്ങളും ഇക്കാലയളവിൽ ഉണ്ടായി. വൈദികർ അനുസരണവും ആത്മനിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുന്നതാണ് സഭയെ നശിപ്പിക്കുന്നതിന്റെ പ്രധാന കാരാാം എന്ന് അദ്ദേഹം ഈ കൃതിയിൽ എഴുതുന്നു. ഈ കത്തുകൾ വി. പീറ്റർ ഡാമിയന് സഭയിൽ തന്നെ ധാരാളം ശത്രുക്കളെ സൃഷ്ടിച്ചു. എന്നാൽ എന്ത് ഉദ്ദേശത്തോടെയാണോ വി. പീറ്റർ ഡാമിയൻ ഈ കത്തെഴുതിയത് അത് സാധിച്ചെടുക്കുന്നതിന് സാധിച്ചുവെന്ന് സഭാചരിത്രം സാക്ഷിക്കുന്നു.

'ലീബർ ഗ്രാത്തിസ്സിമൂസ്' എന്ന ലേഖനത്തിൽ കൈക്കൂലി നല്കി അവകാശപ്പെടുത്തിയതാണെങ്കിലും ഇങ്ങനെയുള്ള പട്ടങ്ങൾ സാധുത ഉള്ളതാണെന്ന് അദ്ദേഹം വാദിച്ചു. അതുപോലെ തന്നെ അവർ അനുഷ്ഠിച്ച കൂദാശകളും അവരുടെ ഈ അയോഗ്യതയാൽ വിലയില്ലാതാകില്ല എന്നും അദ്ദേഹം എഴുതി. ഇങ്ങനെയുള്ള വിഷയങ്ങൾ ഇക്കാലത്തു വളരെയധികം ചർച്ച ചെയ്യപ്പെടുകയുണ്ടായി. ദൈവശാസ്ത്രപരമായി പീറ്റർ ഡാമിയൻ ശരിയായിരുന്നു എന്ന് ഇക്കാര്യത്തിൽ പിന്നീടുണ്ടായ സഭാതീരുമാനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

സഭാനവീകരണത്തിൽ പീറ്റർ ഡാമിയനോട് ചേർന്നുനിന്നവരായിരുന്നു കർദിനാൾ ഹുബർട്ടും കർദിനാൾ ഹിൽഡെബ്രാൻഡും. ഇവരിൽ പീറ്റർ ഡാമിയന്റെ മരണശേഷം മാർപാപ്പയായ ഗ്രിഗറി ഏഴാമൻ (ഹിൽഡെബ്രാൻഡ്) സഭയിൽ വലിയ നവീകരണപ്രവർത്തനങ്ങൾ നടത്തിയ വിശുദ്ധനാണ്. പീറ്റർ ഡാമിയൻ മരിച്ചതിന്റെ പിറ്റേവർഷം ലാറ്ററൻ ബസിലിക്കയിൽ വച്ച് ഗ്രിഗറി ഏഴാമൻ മാർപാപ്പ ഒരു സിനഡ് വിളിച്ചു കൂട്ടി കൈക്കൂലിക്കെതിരെയും വൈദിക ബ്രഹ്മചര്യത്തെ അനുകൂലിച്ചും മുൻപ് നടന്ന സിനഡ് തീരുമാനങ്ങൾ ഒരിക്കൽക്കൂടി കർശനമായി നടപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. കൂടാതെ ഇനിയും ഇത്തരം തെറ്റുകൾ ചെയ്യുന്നവരെ സഭയിൽ നിന്നും പുറത്താക്കുമെന്നും പ്രഖ്യാപിച്ചു. റോമിൽ പിന്നീട് കൂടിയ ഒരു സിനഡിൽ വച്ച് സൈമണി ഇല്ലാതാക്കാനായി മാർപാപ്പയ്ക്ക് മാത്രമേ ബിഷപ്പുമാരെ നിയമിക്കാനും പുറത്താക്കാനും ഒരു രൂപതയിൽ നിന്നും മറ്റൊരു രൂപതയിലേക്ക് സ്ഥലം മാറ്റാനും അധികാരം ഉണ്ടായിരിക്കൂ എന്ന് തീരുമാനിക്കുകയും ചെയ്തു.

ക്ലൂണി ആശ്രമം സന്ദർശിച്ചതിന് ശേഷം അവിടുത്തെ ആബട്ടിന് പീറ്റർ ഡാമിയൻ എഴുതിയ ഹൃദയഹാരിയായ എഴുത്തിൽ നിന്നും ഈ ആശ്രമം അദ്ദേഹത്തിന്റെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം എത്ര വലുതാണെന്ന് നമുക്ക് മനസ്സിലാക്കാം. "അങ്ങ് എന്നെ സുരക്ഷിതമായി എന്റെ ഭവനത്തിൽ തിരികെയെത്തിച്ചു. എന്നാൽ അങ്ങയുടെ സ്നേഹത്തിന്റെ സംയോജിപ്പാൽ വേർപിരിക്കാനാവാത്തവിധം നമ്മൾ ഐക്യത്തിൽ ആയിരിക്കുന്നു. അങ്ങിൽ നിന്നും ശാരീരികമായി എനിക്ക് യാത്രപറയാൻ സാധിച്ചെങ്കിലും മാനസികമായും

www.malankaralibrary.com

ആത്മീയമായും അവിടുത്തെ സാന്നിധ്യത്തിൽ നിന്നും ഞാൻ അകലെയല്ല. നിങ്ങളുടെ ജീവിത രീതിയുടെ ആന്തരിക സൗന്ദര്യത്താൽ ഞാൻ ആവാഹിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ദേവദൂത പരമായ ജീവിതത്തോട് ഞാൻ ചേർന്നു നിൽക്കുക്കുകയും നിർമ്മല സ്നേഹത്തിന്റെ പ്രലോഭനത്താൽ ഞാൻ ബന്ധിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു. എന്റെ മനസ്സിനും ഹൃദയത്തിനും എല്ലാം മറന്നുകൊണ്ട് ഈ ഓർമ്മകളിൽ പുനർജനിക്കാൻ സാധിക്കുന്നത് എത്ര സന്തോഷപ്രദമാണ്". (Letter 113, 3:28, *De Gallica profectione domni Petri Damiani*, PL 145:865-8).

പരമ പരിശുദ്ധൻ എന്ന് സമകാലീനർ പോലും കരുതിയിരുന്ന പീറ്റർ ഡാമിയൻ താൻ എഴുതിയ കത്തുകളിലെല്ലാം ഒപ്പിട്ടിരുന്നത് 'പാപിയായ പീറ്റർ', 'പാപിയായ സന്യാസി പീറ്റർ' എന്നീ പേരുകളിലായിരുന്നു. അദ്ദേഹം തന്റെ ശരീരത്തിൽ ചാട്ടവാറടിയേറ്റിരുന്നതുപോലെ തന്നെ സഭയിലെ തിന്മകൾക്കെതിരെ അതേ കാർക്കശ്യത്തോടെ തന്റെ തൂലിക ചലിപ്പിച്ചിരുന്നു.

**ഉപസംഹാരം**

സഭയെ നവീകരിക്കാനും വിശുദ്ധീകരിക്കാനുമായി മാർപാപ്പമാരെയും ചക്രവർത്തിമാരെയും വരെ നിയന്ത്രിക്കാൻ തക്ക ആത്മീയ-ധാർമ്മിക ശക്തിയുള്ള വിശുദ്ധനായിരുന്നു വി. പീറ്റർ ഡാമിയൻ. പതിനൊന്നാം നൂറ്റാണ്ടിലെ റോമൻ സഭയുടെയും അക്കാലത്തെ സമൂഹത്തിന്റെയും വിശുദ്ധീകരണത്തിലൂടെ സഭയെ മുഴുവൻ അദ്ദേഹം പരിവർത്തനപ്പെടുത്തി. ആദിമ സഭയുടെ ആത്മീയ പരിശുദ്ധി സഭ എക്കാലത്തും കാത്തുസൂക്ഷിക്കണമെന്നു ആഗ്രഹിച്ച പരിശുദ്ധനാണ് പീറ്റർ ഡാമിയൻ. തിന്മയോടു സന്ധിയില്ലാ സമരം ചെയ്ത ഈ വിശുദ്ധൻ നമ്മെയും നമ്മുടെ ആത്മീയ പ്രവർത്തനങ്ങളെയും പ്രചോദിപ്പിക്കേണ്ടതാണ്. നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും മാതൃകാപരം ആയിരിക്കണമെന്നും അങ്ങനെ ദൈവരാജ്യം നിരന്തരം സഭയിലൂടെ പ്രഘോഷിക്കുന്നവരാകണമെന്നും വി. പീറ്റർ ഡാമിയൻ ഇന്ന് നമ്മോട് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.



### വി. പീറ്റർ ഡാമിയനോടുള്ള മധ്യസ്ഥ പ്രാർത്ഥന

ദൈവമായ കർത്താവെ, അങ്ങ് വി. പീറ്റർ ഡാമിയനെ വിശുദ്ധിയുടെ മാതൃകയായി ഞങ്ങൾക്ക് നല്കിയല്ലോ. അങ്ങയെ സ്നേഹിക്കുന്നതിനും സഭയെ സേവിക്കുന്നതിനും ഞങ്ങളെയും അനുഗ്രഹിക്കുക.

വി. പീറ്റർ ഡാമിയൻ, അങ്ങയുടെ കാലത്ത് സഭ പലവിധ പ്രശ്നങ്ങളിൽ പെട്ടുഴലുന്നത് അങ്ങ് ദർശിച്ചു. ഈ തെറ്റുകളെ തിരുത്തുന്നതിന് അങ്ങേക്ക് സാധ്യമായതെല്ലാം അങ്ങ് ചെയ്തു. അങ്ങ് തീക്ഷ്ണതയോടെ സന്യാസിയുടെയും വൈദികന്റെയും ദൗത്യത്തെക്കുറിച്ചു എഴുതുകയും അവരുടെ വിളിയോട് വിശ്വസ്തരായിരിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. സൈമണി എന്ന തിന്മയ്ക്കെതിരെ പോരാടി സഭയ്ക്കായി വലിയ നന്മകൾ അങ്ങ് ചെയ്തു.

സഭയെ വിശ്വസതതയോടെ സേവിക്കുന്നതിന് എനിക്ക് സാധിക്കുന്നതിനായി എനിക്കായി അങ്ങ് അപേക്ഷിക്കുക. ദൈവത്തെ സേവിക്കുന്നതിൽ ഒരിക്കലും എനിക്ക് മടുപ്പ് തോന്നാതിരിക്കാൻ എനിക്കുവേണ്ടി അങ്ങ് മാധ്യസ്ഥം വഹിക്കണമേ. ആമ്മേൻ.

www.malankaralibrary.com





# ജനാധിപത്യത്തിന്റെ നിർവചനം മാറുന്നു!

ബോബി എബ്രഹാം

**രണ്ടു കാഴ്ചകൾ.**
**പ്രസ് ക്ലബ് ഓഫ് ഇന്ത്യ, ഡിസംബർ 21**

ഗുസ്തിതാരങ്ങൾ പീഡനാരോപണമുന്നയിച്ചിട്ടും കേസുകളുണ്ടായിട്ടും ഒരു കുഴപ്പവുമില്ലാതെ വിലസുന്ന ബ്രിജ് ഭൂഷൺ ശരൺ സിങിന്റെ സ്വന്തക്കാരൻ ഗുസ്തി ഫെഡറേഷന്റെ തലപ്പത്ത് വീണ്ടും വന്നതിനെത്തുടർന്ന് രാജ്യത്തിന്റെ അഭിമാനതാരം സാക്ഷി മാലിക് ഗുസ്തി അവസാനിപ്പിക്കുന്നതായി പറഞ്ഞ് റസ്ലിങ് ഷൂസ് ഊരി കരഞ്ഞു മടങ്ങുന്നു.

**അതിന് 24 മണിക്കൂർ മുൻപ് ലോക്സഭ.**

പഴയ ക്രിമിനൽ നിയമങ്ങൾ പൊളിച്ചെഴുതുന്ന പുതിയ നിയമങ്ങൾ പാസാക്കുന്നതിന് മുൻപ് ആഭ്യന്തര മന്ത്രി അമിത്ഷാ അഭിമാനത്തോടെ പ്രഖ്യാപിക്കുന്നു: 'സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കാണ് ഈ സർക്കാർ മുൻഗണന കൊടുക്കുന്നത്.'

ബിജെപി ബെഞ്ചുകളുടെ മുൻനിരയിലിരുന്നു ആവേശത്തോടെ ഡെസ്കിലടിച്ച എംപിയുടെ പേര് ബ്രിജ് ഭൂഷൺ ശരൺ സിങ്.

പ്രിയ സുഹൃത്ത് മലയാള മനോരമ ഡൽഹി ലേഖകൻ രാജീവ് മേനോൻ ഫെയ്സ് ബുക്കിൽ കുറിച്ചതാണിത്. രാജ്യത്തു നടക്കുന്ന ജനാധിപത്യത്തിന്റെ നേർരൂപമാണിത്. ഭരണകക്ഷിയുടെ സ്വാധീനമുള്ള എംപിക്കെതിരെ ഒളിംപിക് മെഡൽ ജേതാക്കളായ വനിതകൾ പരാതി കൊടുത്തിട്ടും ഒന്നും നടന്നില്ല. സാധാരണക്കാരനായിരുന്നെങ്കിൽ ഉടൻ അറസ്റ്റ് ചെയ്ത് ജയിലിലിടുമായിരുന്നെങ്കിൽ ഇവിടെ നിയമത്തിന്റെയും ഭരണകൂടത്തിന്റെയും പരിരക്ഷ ആവോളം ബ്രിജ്ഭൂഷൺ ശരൺ സിങ്ങിന് ലഭിക്കുന്നു. അദ്ദേഹത്തിന്റെ പിണിയാളുകൾ പിന്നെയും ഗുസ്തി ഫെഡറേഷന്റെ തലപ്പെത്തുത്തുന്നു. രാജ്യത്തിന്റെ അഭിമാനമുയർത്തിയ താരങ്ങൾ ബൂട്ട് അഴിക്കുന്നു. എന്നാൽ അതിനെയും ന്യായീകരിക്കാൻ പാർട്ടി സംവിധാനങ്ങൾ സജീവമാണ്. ഏതു ക്രിമിനലിനെയും ന്യായീകരിക്കാൻ ആളുണ്ട് രാജ്യത്ത്. വലിയവന് ഒരു നീതി. മറ്റുള്ളവർക്ക് മറ്റൊരു നീതി. എന്നിട്ടും നമ്മൾ പറയുന്നു ജനാധിപത്യം ആണ് രാജ്യത്തെന്ന്.

ശീതകാല സമ്മേളനത്തിനിടെയാണ് പാർലമെന്റിനുള്ളിൽ ആക്രമണമുണ്ടായത്. ബിജെപി എംപി നൽകിയ പാസ് കൊണ്ട് അകത്തു കയറിയവരാണ് പാർലമെന്റിനുള്ളിൽ കോലാഹലമുണ്ടാക്കിയത്. പുകയാക്രമണം അവർ നടത്തിയപ്പോൾ ഇന്ത്യയുടെ പേരുകേട്ട സുരക്ഷാ സംവിധാനമൊക്കെ പാളി. പക്ഷേ, അതേപ്പറ്റി പാർലമെന്റിൽ പ്രസ്താവന നടത്താൻ പോലും പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും തയാറായില്ല. എന്നാൽ ഈ വിഷയത്തിൽ പ്രതിഷേധമുയർത്തിയ 146 പ്രതിപക്ഷ എംപിമാരെയാണ് അവർ പാർലമെന്റിൽ നിന്നു സസ്പെൻഡ് ചെയ്തത്. 100 പേരെ ലോക്സഭയിൽ നിന്നും മറ്റുള്ളവരെ രാജ്യസഭയിൽ നിന്നും. ചോദ്യം ചോദിക്കുന്നവരെ പുറത്താക്കി ചർച്ചയില്ലാതെ നിയമങ്ങൾ പാസാക്കുന്നവർ പറയുന്നത് അവർ ജനാധിപത്യമാണ് നടപ്പാക്കുന്നതെന്നാണ്. മറ്റാരെങ്കിലും ഭരിച്ചപ്പോഴാണ് ഇത്തരമൊരു സംഭവമുണ്ടായിരുന്നതെങ്കിൽ എന്താകുമായിരുന്നു പ്രതികരണം.

പാർലമെന്റിലെ പൊരുതുന്ന മുഖമായിരുന്ന മഹുവ മൊയ്ത്രയെ പുറത്താക്കിയത് ലോഗിൻ വിവരങ്ങൾ മറ്റൊരാൾക്ക് കൈമാറിയെന്ന പരാതിയിലാണ്. എന്നാൽ ഹമാസ് ഭീകര സംഘടനയാണോ എന്ന പാർലമെന്റിലെ ചോദ്യത്തിന് നൽകിയ മറുപടി താൻ നൽകിയതല്ലെന്ന് വിദേശകാര്യ സഹമന്ത്രി മീനാക്ഷി ലേഖി പറഞ്ഞപ്പോൾ ആർക്കെതിരെയും നടപടി ഉണ്ടായില്ല. മീനാക്ഷി ലേഖി പറഞ്ഞതല്ലെങ്കിൽ പിന്നെ അതെങ്ങനെ അവരുടെ പേരിൽ വന്നു. ചോദ്യത്തിന് ഉത്തരമില്ല. നടപടിയുമില്ല. പുകയാക്രമണ കേസിലെ പ്രതികൾക്ക് പാസ് നൽകിയ ബിജെപി എംപിക്കെ

www.malankaralibrary.com

തിരെയും നടപടിയില്ല. എന്നിട്ടും നമ്മൾ വിശ്വസിക്കണം രാജ്യത്ത് ജനാധിപത്യമാണ് നടമാടുന്നതെന്ന്. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പരിഹസിച്ചാൽ രാജ്യത്ത് നടപടിയുണ്ട്. തിരഞ്ഞെടുപ്പ് കമ്മിഷൻ ഉൾപ്പെടെ ഉണർന്നെഴുന്നേൽക്കും. എന്നാൽ രാഹുൽ ഗാന്ധിയെ പരിഹസിച്ചാൽ എല്ലാ സംവിധാനങ്ങളും മൗനത്തിലാകും. അതേ നമ്മൾ പുതിയൊരുതരം ജനാധിപത്യത്തിലാണ് ജീവിക്കുന്നത്. ആ ജനാധിപത്യത്തിൽ ജനങ്ങളുടെ നികുതിപ്പണം കൊണ്ട് പാവപ്പെട്ടവർക്കുണ്ടാക്കുന്ന വീട്ടിൽ ഭരണാധികാരിയുടെ പേര് വയ്ക്കണം. ആ ജനാധിപത്യത്തിൽ ജനങ്ങളുടെ നികുതിപ്പണം കൊണ്ടുണ്ടാക്കുന്ന പൊതു നിർമിതികളിൽ ഭരണാധികാരിയുടെ പേരും പടവും വച്ച് അദ്ദേഹം അനുവദിച്ചതെന്ന് എഴുതിവയ്ക്കണം. ആര് എന്തെഴുതണം, ജനം എന്തു വായിക്കണം എന്നു ഭരണാധികാരി തീരുമാനിക്കണം. ഇവിടെ ഭരണക്കാർക്ക് നിയമത്തിനു മുന്നിൽ പ്രത്യേക പരിഗണനയാണ്.



ഇതു കേൾക്കുമ്പോൾ നമ്മൾ വിചാരിക്കും കേന്ദ്രത്തിൽ മാത്രമാണ് പ്രശ്നം, ബാക്കിയുള്ളിടത്തെല്ലാം കാര്യങ്ങൾ ഭേദമാണെന്ന്. എന്നാൽ കേരളം മാത്രം ഉദാഹരണമായി എടുത്ത് ആ വാദത്തെ ഖണ്ഡിക്കാൻ ആഗ്രഹിക്കുന്നു.

കേരളത്തിൽ നവകേരള സദസിന്റെ പേരിൽ നടന്നതും ജനാധിപത്യ ധ്വംസനമാണ്. 1980 കളിൽ വിദ്യാർഥിയായിരുന്ന കാലത്ത് ചില ജനകീയ ബദൽ പരീക്ഷണങ്ങളിൽ ഈ ലേഖകനും പങ്കാളിയായിട്ടുണ്ട്. അക്കാലത്ത് ഞങ്ങൾ തിരുവനന്തപുരത്ത് നടത്തിയ ഒരു സംവാദത്തിൽ മാർ ഇവാനിയോസ് കോളജിലെ അധ്യാപകനായിരുന്ന ജോസഫ് സാർ പങ്കെടുത്തിരുന്നു. എല്ലാ രാഷ്ട്രീയ കക്ഷികൾക്കും ബദൽ എന്ന നിലയിൽ പോയിരുന്ന ഞങ്ങളോട് പക്ഷേ അദ്ദേഹം ഏറ്റവും വൈകാരികമായി സംസാരിച്ചത് ഇടതുപക്ഷത്തിനെതിരായിട്ടായിരുന്നു. സെൽ ഭരണത്തെക്കുറിച്ചായിരുന്നു അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത്. എന്താണ് സെൽ ഭരണം എന്ന് ഞങ്ങൾക്കറിയുമായിരുന്നില്ല. എല്ലാ കാര്യങ്ങളിലും പാർട്ടി സെല്ലിന്റെ ഇടപെടുലുണ്ടാകുന്ന കാലത്തെക്കുറിച്ച് നേരനുഭവം ഉണ്ടാകുമ്പോഴേ നിങ്ങൾക്കതു മനസ്സിലാകൂ എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. നിങ്ങൾക്ക് ഒരു കാര്യം നടക്കണമെങ്കിൽ പാർട്ടി സെക്രട്ടറിയുടെ കത്ത് വേണമെങ്കിൽ അത് ജനാധിപത്യമാണോ എന്ന് അദ്ദേഹം ചോദിച്ചു. വിമോചന സമരകാല അനുഭവം പേറുന്ന അദ്ദേഹത്തിൽ സഹജമായുണ്ടാകാവുന്ന ഇടതു വിരുദ്ധ മനോഭാവം മാത്രമായിരിക്കും അതെന്നു കരുതിയ ഞങ്ങൾ അദ്ദേഹത്തോട് എതിർത്തു സംസാരിച്ചു. ഭരണം നടത്തുന്നത് പാർട്ടി കേഡർമാരാകുമ്പോൾ എവിടെയാണ് ജനാധിപത്യ സംവിധാനങ്ങളുടെ പ്രസക്തി എന്നു ചോദിച്ച് അദ്ദേഹം സംവാദം അവസാനിപ്പിച്ചു.

അന്ന് അദ്ദേഹം പറഞ്ഞത് വ്യക്തമായില്ലെങ്കിലും ഇപ്പോൾ കാര്യങ്ങൾ വ്യക്തമായിത്തുടങ്ങുന്നു. വണ്ടിപ്പെരിയാറിൽ ഒരു ബാലികയെ പീഡിപ്പിച്ച ശേഷം കൊന്നു കെട്ടിത്തൂക്കിയ സംഭവത്തിൽ പ്രതി ഭരണകക്ഷിയുടെ യുവജനസംഘടനാംഗമായിരുന്നു. എന്നാൽ കോടതി പ്രതിയെ വിട്ടയച്ചു. പ്രോസിക്യൂഷനെതിരെയും പൊലീസിനെതിരെയും നിശിത വിമർശനമാണ് കോടതി നടത്തിയത്. പ്രതി ഭരണകക്ഷിക്കാരനെങ്കിൽ സംവിധാനങ്ങൾ കണ്ണടയ്ക്കും. ഒളിംപിക് മെഡൽ ജേതാവിന് നീതി കിട്ടാത്തിടത്ത് പാവപ്പെട്ട ഒരു പെൺകുട്ടിക്ക് നീതികിട്ടുമെന്ന് പ്രതീക്ഷിക്കരുതല്ലോ. പക്ഷേ, അദ്ഭുതപ്പെടുത്തുന്നത് അതല്ല. പൊലീസിന്റെയും പ്രോസിക്യൂഷന്റെയും അനാസ്ഥയ്ക്കെതിരെ പ്രതിഷേധിച്ചവരെ നേരിടുന്നത് സിപിഎം പ്രവർത്തകരാണ്. അവർ വാരിക്കുന്തവുമായി പ്രകടനം നടത്തുന്നു. കോൺഗ്രസ് പ്രവർത്തകരെ ആക്രമിക്കുന്നു. പൊലീസ് നോക്കി നിൽക്കുന്നു. വാരിക്കുന്തം മാത്രമല്ല, നീളൻ കമ്പിയും ആക്രമണ ആയുധമാകുന്നു.

ജനാധിപത്യത്തിൽ പ്രതിഷേധം ജനങ്ങളുടെ അവകാശമാണ്. പക്ഷേ, കേരളത്തിൽ അത് പാടില്ല. മുഖ്യമന്ത്രിക്കെതിരെ പ്രതിഷേധിച്ചാൽ നടപടിയെടുക്കുക പൊലീസല്ല, പാർട്ടി കേഡറുകളാണ്. അവർ ചെടിച്ചട്ടിയും ഹെൽമറ്റും ഉപയോഗിച്ച് പ്രതിഷേധക്കാരെ ആക്രമിക്കും. അംഗപരിമിതരെപ്പോലും പൊലീസ് നോക്കിനിൽക്കെ ആക്രമിക്കും. പൊലീസ് കേസ് എടുക്കുക ആക്രമിച്ചവർക്കെതിരെയല്ല, ഇരകൾക്കെതിരെയാണ്. ഇത്തരം ആക്രമണത്തെ മുഖ്യമന്ത്രി വിശേഷിപ്പിക്കുക രക്ഷാപ്രവർത്തനം എന്നാണ്. ഏറ്റവും അവസാനം നവകേരള സദസ്സുമായി ബന്ധപ്പെട്ടെടുത്ത കേസുകളുടെ എണ്ണം പുറത്തുവന്നിട്ടുണ്ട്. 256 കേസ് യുഡിഎഫ് പ്രവർത്തകർക്കെതിരെ എടുത്തപ്പോൾ വ്യാപക അക്രമം നടത്തിയ സിപിഎം പ്രവർത്തകർക്കെതിരെ എടുത്തത് 21 എണ്ണം മാത്രം. പ്രതിഷേധക്കാരെ ആക്രമിച്ച ഗൺമാനെതിരെ നടപടി പോലുമില്ല. കാരണം അയാൾ പാർട്ടിക്കു വേണ്ടപ്പെട്ടവനാണ്.

www.malankaralibrary.com

കേന്ദ്രത്തിലായാലും കേരളത്തിലായാലും അവർ പറയുക സ്ത്രീകൾക്ക് സംരക്ഷണമൊരുക്കുന്നവരെന്നാണ്. ഈ ഭരണത്തിലാണ് യുപിയിലെ ഹാത്രസിൽ ഒരു ദലിത് പെൺകുട്ടി ക്രൂരമായി പീഡിപ്പിക്കപ്പെട്ടതും കൊല ചെയ്യപ്പെട്ടതും. ഇങ്ങ് കേരളത്തിൽ വാളയാറിൽ രണ്ടു പെൺകുട്ടികളെ പീഡിപ്പിച്ചു കൊന്ന പ്രതികൾ ഭരണകക്ഷിക്കാരായതു കൊണ്ടു മാത്രം സംരക്ഷിക്കപ്പെട്ടു. വണ്ടിപ്പെരിയാറിൽ സംഭവിച്ചതും അതുതന്നെ. ക്രൂരമായി കൊല ചെയ്യപ്പെടുന്നത് ജനാധിപത്യമാണ്.

എന്താണ് സെൽഭരണം എന്ന് ഇപ്പോൾ വ്യക്തമാകുന്നു. പാർട്ടിയാണ് തീരുമാനിക്കുന്നത്. നിങ്ങളുടെ പെൻഷൻ അപേക്ഷ തീരുമാനമാകണമെങ്കിൽ പോലും പാർട്ടിയുടെ ഏതെങ്കിലും ഘടകം ഇടപെട്ടേ മതിയാകൂ. പൊലീസ് പൂർണമായും രാഷ്ട്രീയവൽക്കരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ ഗൺമാൻ കടമ മറന്ന് പ്രതിഷേധക്കാരെ അടിക്കാൻ ചാടിയിറങ്ങുന്നത്. അതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥൻ കടയ്ക്കലിൽ വാ, കാണിച്ചുതരാം എന്നു വെല്ലുവിളിക്കുന്നത്. എന്തു തെമ്മാടിത്തരം കാണിച്ചാലും ഭരണകക്ഷിയുടെ സംരക്ഷണം ഉണ്ടാകുമെന്ന് അവർക്കുറപ്പുണ്ട്. വിമർശനം ഏകപക്ഷീയമാകുന്നുണ്ടെങ്കിൽ ക്ഷമിക്കുക. അനീതി നടക്കുമ്പോൾ ദുർബല പക്ഷത്തെ ആക്രമിക്കുക നീതിയല്ല എന്നു മാത്രം കരുതുന്നു.

മാധ്യമപ്രവർത്തകന്റെ ദൗത്യം പാർശ്വത്കരിക്കപ്പെട്ടവന്റെ ശബ്ദം ഉയർത്തിക്കാട്ടുകയെന്നതു തന്നെയാണ്. അതുകൊണ്ടുതന്നെയാണ് മറിയക്കുട്ടിമാരോട് ഐക്യപ്പെടേണ്ടിവരുന്നത്. ഒരു മാസത്തെ ക്ഷേമപെൻഷനായി മറിയക്കുട്ടിമാർ അലയുമ്പോൾ ഭരണക്കാരുടെ ധൂർത്തിന് പണം എവിടെനിന്ന് എന്ന് കോടതി തന്നെ ചോദ്യം ഉയർത്തുമ്പോൾ ആ ചോദ്യം ജനങ്ങളിലേക്കെത്തിക്കുകയാണ് മാധ്യമ ദൗത്യം. എന്നാൽ ഞങ്ങൾക്ക് ഭൂരിപക്ഷമുണ്ട് എന്ന വാദത്തിലാണ് കേന്ദ്രത്തിലായാലും കേരളത്തിലായാലും ഭരണക്കാർ അഭയം തേടുന്നത്. അനീതികൾ ചോദ്യംചെയ്യപ്പെടുക തന്നെ ചെയ്യും. അത് ജനാധിപത്യം കാംക്ഷിക്കുന്ന ജനതയുടെ അഭിലാഷമാണ്. പാർട്ടി സെക്രട്ടറിമാരുടെ തിട്ടൂരത്തിനു മുന്നിൽ വിറച്ചുനിൽക്കാൻ ഇത് ചൈനയും കൊറിയയുമല്ല. അത്രയും കാര്യങ്ങളെങ്കിലും മനസ്സിലാക്കുന്ന ജനാധിപത്യ ബോധം മാത്രമേ ഭരണം കൈയാളുന്ന എല്ലാവരിൽ നിന്നും ജനം ആഗ്രഹിക്കുന്നുള്ളു. അത് അത്രവലിയ തെറ്റല്ല.

ഏതായാലും ജനത്തിന്റെ കാര്യം വലിയ കഷ്ടമാണ്. സഹകരണ ബാങ്കുകളിൽ നിന്നു കൊള്ളയടിക്കപ്പെട്ട തങ്ങളുടെ പണം എന്നു കിട്ടുമെന്ന് അവർക്കറിയില്ല. അവർക്കറിയാവുന്നത് ഭരണത്തിന്റെ ഉന്നത തലങ്ങളിൽ ചില കൊടുക്കൽ വാങ്ങലുകൾ



നടക്കുന്നുണ്ടെന്നു മാത്രം. ഏറ്റവും ഒടുവിൽ പ്രധാനമന്ത്രി കേരളത്തിൽ വന്നു നടത്തിയ പ്രസ്താവനയും സൂചിപ്പിക്കുന്നത് അതാണ്. സ്വർണക്കടത്തിന്റെ ഓഫിസ് ഏതെന്ന് എല്ലാവർക്കുമറിയാം എന്നാണ് അദ്ദേഹം പറഞ്ഞത്. എന്നിട്ടും അദ്ദേഹത്തിന്റെ കീഴിലുള്ള അന്വേഷണ ഏജൻസികൾ മൗനം പാലിക്കുന്നുണ്ടെങ്കിൽ ചില അന്തർധാരകൾ വേണം. അതെന്തുമാകട്ടെ. പാവം ജനത്തിന് ഇരട്ടനീതി അനുഭവിക്കാനാണ് യോഗം.

**മേമ്പൊടി**

കേരളത്തിൽ ഗവർണർ വിവാദ കഥാപാത്രമായി മാറുന്നെങ്കിൽ അത് അത്ര നല്ല പ്രവണതയല്ല. ഇടയ്ക്കിടെ അദ്ദേഹം ഉണർന്നെഴുന്നേൽക്കുന്നത് മറ്റു ചില കാര്യങ്ങളിൽ നിന്നു ശ്രദ്ധതിരിച്ചുവിടാനാണെന്ന് ആരെങ്കിലും ആരോപിച്ചാൽ ഏതിർക്കാൻ കഴിയില്ല. ഇതിനു മുമ്പും അങ്ങനെതന്നെയായിരുന്നു. സർക്കാർ പറയുന്നതെല്ലാം ചെയ്തുകൊടുത്തശേഷം ആദർശ വേഷം അണിയുകയാണ് അദ്ദേഹം ചെയ്യുന്നതെന്ന് ആരോപണം ഉയരുന്നുണ്ട്. ഏതായാലും കരിങ്കൊടി പ്രകടനം ഉണ്ടാകുമ്പോൾ കാറിൽ നിന്നു ചാടിയിറങ്ങുന്ന ഗവർണർ നല്ലൊരു മാതൃകയല്ല. സർക്കാരിന്റെ ധൂർത്തിനെക്കുറിച്ചു പറയുമ്പോൾ രാജ്ഭവന്റെ ചെലവും അന്വേഷിക്കേണ്ടതുണ്ട്. എത്ര സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും ഗവർണറുടെ ആവശ്യങ്ങൾ സർക്കാർ അവഗണിക്കാറില്ല എന്നത് എല്ലാവർക്കും അറിയാം. ഏറ്റവും ഒടുവിൽ ഗവർണർ സർവകലാശാല സെനറ്റുകളിലേക്ക് നടത്തിയ നോമിനേഷനുകളാണ് എസ്എഫ്ഐ എന്ന സംഘടനയെ ചൊടിപ്പിച്ചത്. എന്നാൽ സർക്കാർ നൽകുന്ന പട്ടികയിൽ എത്ര അക്കാദമിക് പണ്ഡിതന്മാരുണ്ടാകുമെന്ന ചോദ്യത്തിന് അവർക്കും മറുപടിയില്ല. ആ പഴുത് മുതലെടുക്കുകയാണ് ഗവർണർ ചെയ്തത്. ഇതിനിടയിൽ അവഗണിക്കപ്പെടുന്നത് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗമാണ്. നിലവിൽ ബിരുദ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു. പല കോളജുകളും പൂട്ടിയിടേണ്ടിവരുമോയെന്ന ഭീതിയുമുണ്ട്. ഇതൊക്കെ ആര് വകവയ്ക്കുന്നു. കുട്ടികൾ വിദേശത്തേക്ക് കടന്നു രക്ഷപ്പെടാൻ ശ്രമിക്കുന്നതിൽ അദ്ഭുതമില്ലല്ലോ. നമുക്ക് സാംസ്കാരിക മന്ത്രിയുടെ പ്രബോധനങ്ങൾ കേട്ട് രോമാഞ്ചം കൊണ്ടിരിക്കാം.

www.malankaralibrary.com






# ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)



റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.

സുറിയാനി പാരമ്പര്യം ആദ്യകാലഘട്ടംമുതൽ തന്നെ തനിമയിലും അവത-രണരീതിയിലും ശ്രദ്ധേയമാണ്. സഭയുടെ ആരാധനാ-ദൈവശാസ്ത്രത്തിന് നിർണ്ണായകമായ സംഭാവന നല്കുവാൻ അത്തരം അദ്വിതീയത കാരണമായിട്ടുണ്ട്. പവിത്രീകരണം, പ്രകാശീകരണം, ദൈവീകരണം എന്നി ആത്മീയ മുന്നേറ്റ-ങ്ങൾക്കായി വേദിയൊരുക്കുവാൻ ഈ ആരാധനയുടെ ആഘോഷം കാരണമാകുന്നു.മാമ്മോദീസായുടെ ചൈതന്യത്താൽ ഒരു വിശ്വാസി സാരാംശത്തിൽ ഭക്തൻ അഥവ ആരാധകൻ എന്ന സംജ്ഞയ്ക്ക് അർഹനാകുന്നു. ക്രിസ്താനുകരണത്തിന്റെ മുന്നേറ്റത്തിൽ ആരാധകൻ, ആരാധനയെ ആഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്നു. രഹസ്യാത്മകമായ ആരാധനയുടെ ഉൾക്കാമ്പ് സ്വജീവിതത്തോട് ചേർത്ത്‌വെച്ച്കൊണ്ട് ആരാധനയെ ജീവിതത്തിന്റെ അസ്തിത്വപരമായ അനിവാര്യതയാക്കി മാറ്റുന്നു. പ്രസ്തുത ആഘോഷത്തിന്റെ കൃത്യവിലോപം, സ്വന്തം സ്വത്വത്തിന്റെ തന്നെ അപചയമായി ദർശിക്കുന്നു. ആരാധനതന്നെ സൗഖ്യം, നവീകരണം, പുനഃപ്രതിഷ്ഠാപനം എന്നിവ പ്രദാനം ചെയ്ത് ഭക്തനെ ചേർത്ത് നിർത്തുന്നു. ക്രിസ്തുവാണ് ആരാധനയുടെ മാതൃകയും ലക്ഷ്യവും. സഭയുടെ രക്ഷാകര മുന്നേറ്റത്തിൽ വിശുദ്ധ ഓർമ്മയിലൂടെ വിശുദ്ധി-യുടെ പടവുകൾ കയറുകയും രക്ഷാകര ചരിത്രം അനുസ്മരിക്കുകയും ആഘോ-ഷിക്കുകയും പുനരവതരിപ്പിക്കുകയും ചെയ്യുന്നു. സുറിയാനി പൈതൃകത്തിന്റെ അതുല്യമായ ചില ആരാധനാ ആദ്ധ്യാത്മികത ഇവിടെ പ്രതിപാദിക്കുന്നു

**കണ്ണുനീരും പ്രാർത്ഥനയും**

സഭയുടെ ആരാധനാക്രമത്തിൽ പ്രാർത്ഥനയും കണ്ണുനീരും സമാനമായി നിലകൊള്ളുന്നു. അനുതാപത്തിന്റെ അടയാളമായി കണ്ണുനീര് അവതരിപ്പിക്കുന്നു.

www.malankaralibrary.com

അത് സ്വയം ശൂന്യമാക്കുന്ന ദൈവസ്നേഹത്തിന്റെ പ്രതികരണവും സ്വന്തം ബലഹീനതയെകുറിച്ചുള്ള അവബോധത്തിന്റെ പ്രകാശനവുമാണ്. സുറിയാനി പിതാക്കാന്മാർ അവരുടെ എഴുത്തുകളിലും പ്രസംഗങ്ങളിലും കണ്ണുനീരിന്റെ അനിവാര്യത രേഖപ്പെടുത്തിയിട്ടുണ്ട്. ഭൗതീകതയും ആത്മീയതയും, വൈകാരികതയും വിശുദ്ധിയും തമ്മിലുള്ള വേർതിരിവിനുള്ള ഭാവമായും ഇത് അവതരിപ്പിക്കുന്നു. സാറുഗിലെ വി.യാക്കോബ് ഇപ്രകാരം സാക്ഷിക്കുന്നു: കണ്ണുനീർ സ്വന്തമല്ലാത്തവൻ വിഷാദിക്കണം നിർദ്ദേശിക്കുന്നത് ഇപ്രകാരമാണ്: നിനക്ക് കണ്ണുനീർ സ്വന്തമായില്ലങ്കിൽ ദരിദ്രനെ വിളിച്ച് അവനോടൊപ്പം വിലപിക്കുക. സന്തോഷവും ക്ഷമയും പ്രദാനം ചെയ്യുന്ന അനുതാപത്തിന്റെ തിരുനാളാണ് സുറിയാനിപാരമ്പര്യത്തിൽ കണ്ണുനീർ. ദൈവത്തിലേക്കുള്ള പരിശുദ്ധ സ്നേഹത്തിന്റെ അടയാളമാണിത്. ദൈവത്തെ സ്വന്തമാക്കുവാനും ദർശിക്കുവാനുമുള്ള കണ്ണുനീരോടുകൂടിയ വിലാപമാണ് ഇവിടെ വിവക്ഷിക്കുന്നത്. അത്യാനന്ദപൂർണ്ണമായ പ്രാർത്ഥനയുടെ പ്രകടനമാണിത്. പാപരഹിതമായ ഒരു ജീവിതം കെട്ടിപ്പടുക്കുവാനുള്ള ബോധപൂർവ്വമായ ശ്രമമാണിത്. ദൈവകൃപയും ആത്മാർത്ഥതയും താപസചൈതന്യവും ഇത് വ്യക്തമാക്കുന്നു. പാപിനിയായ സ്ത്രി എന്ന രചനയിൽ സാറുഗിലെ വി. യാക്കോബ്, സ്ത്രീയുടെ കണ്ണുനീരോടുകൂടിയ തൈലാഭിഷേകത്തെ അനുതാപത്തിന്റെ മാമ്മോദീസാ ആയി അവതരിപ്പിക്കുന്നു. ദൈവത്തിൽ നിന്നും കരുണ ലഭ്യമാക്കുവാനുള്ള കൈക്കൂലിയായി ഇത്തരണത്തിൽ കണ്ണുനീരിനെ പരിചയപ്പെടുത്തുന്നു. അനുതാപവും കണ്ണുനീരും സ്വന്തമാക്കുന്നവർക്ക് ക്രിസ്തു നല്ല വൈദ്യനായി പരിണമിക്കുന്നു. വൈദ്യനെ പ്രീതിപ്പെടുത്തുവാൻ കണ്ണുനീര് അനിവാര്യമത്രേ. സുഖപ്പെടുത്തുമ്പോൾ വേതനമായി നല്കുന്നതും കണ്ണുനീര് തന്നെയാണ്. വിലാപം, പാപപരിഹാരത്തിന്റെ ഒരു സുഗന്ധ ധൂപാർണ്ണമാണ് . അപ്രകാരം, സഭാപാരമ്പര്യം, ദൈവസ്നേഹത്തിന്റെ അടയാളവും അനുതാപത്തിന്റെ പ്രതികരണമായും കണ്ണുനീരിനെ ദൃഷ്ടാന്തമാക്കുന്നു.

**ഹൂസോയോ**

ഹൂസോയോ എന്ന മനോഭാവം, സുറിയാനി ആരാധനാക്രമം അഭംഗുരമായി നിലനിറുത്തുന്നു. മനുഷ്യസ്വഭാവത്തിന്റെ ദൗർബ്ബല്ല്യത്തെ പറ്റിയുള്ള അവബോധമാണ് ഹൂസോയോ. ആയതിനാൽ സഭയുടെ എല്ലാ ഔദ്യോഗിക പ്രാർത്ഥനകളും 51-ാം സങ്കീർത്തനത്തോടുകൂടി ആരംഭിക്കുന്നു. വി.കുർബാനയുടെ അനാഫുറയുടെ ആരംഭത്തിന് മുമ്പും ഇത് സുവ്യക്തമായി ഏറ്റ് പറയുന്നു. സഭാപാരമ്പര്യത്തിൽ അനുതാപം എന്നത് ഒരു താപസ സംസ്കാരത്തിൽ രൂപപ്പെട്ടുവന്നതാണ്. മരണം, ന്യായവിധി, ഉത്ഥാനം എന്നിവ അനുസ്യൂതം മനസ്സിലെ നിമന്ത്രണങ്ങൾ ആയിരിക്കുമ്പോൾ ഹൂസോയോ പ്രസക്തമാകുന്നു. വൈദീകശുശ്രൂഷയിലെ കറുത്തകുപ്പായം



പൗരോഹിത്യ ജീവിതത്തിന്റെ അന്ത:സാരം വ്യക്തമാക്കുമ്പോൾ, ലോകത്തിന്റെ രക്ഷക്കുവേണ്ടി വിലപിക്കേണ്ടതായ ജീവിത ദൗത്യം വ്യക്തമാക്കുന്നു. പ്രസ്തുത നിറം, സഭ അനുവർത്തിക്കേണ്ടതുമായ ഒരു ആത്മീയ ദർശനമാണ് സുവ്യക്തമാക്കുന്നത്. മഹത്തായ ഒരു ദൈവശാസ്ത്രത്തെ പ്രതീകാത്മകമായി അത് പ്രദർശിപ്പിക്കുന്നു. രണ്ടാം വരവിനായുള്ള പ്രത്യാശയുടെ പ്രതികരണമാണ് അനുതാപം. ദൈവരാജ്യം സമീപിച്ചിരിക്കുന്നതിനാൽ ഹൂസോയോ അനിവാര്യമാണ്. പുതിയ സൃഷ്ടിയാകുവാനും ബന്ധങ്ങളിൽ ദൈവീകമായി മുന്നേറുവാനും അനുതാപം ഭക്തരെ സജ്ജരാക്കുന്നു. അനുതാപത്തെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭമായും ദൈവീകമായ എല്ലാ മുന്നേറ്റങ്ങളുടെയും സ്ഥിര അടിസ്ഥാനമായും അവതരിപ്പിച്ചിരിക്കുന്നു. സുറിയാനി ആരാധനാക്രമം അനുതാപത്തെ രണ്ടാം മാമ്മോദിസായായും വർണ്ണിക്കുന്നു. അനുതാപത്തിന് ത്രിമാനങ്ങൾ സുറിയാനി ദൈവശാസ്ത്രം അവതരിപ്പിക്കുന്നു: മാമ്മോദിസായിലൂടെ ആരംഭമാകുന്ന അനുതാപം, ജീവിതമുന്നേറ്റത്തിന്റെ സംഭവ്യമാകുന്ന ദൗർബല്യങ്ങൾക്കുശേഷമുണ്ടാകുന്ന അസ്തിത്വപരമായ അനുതാപം, അപരന്റെ പാപങ്ങൾക്ക് വേണ്ടിയുള്ള അനുതാപം. മൂന്നാമത്തെ ഭാവം താപസ അനുതാപം അഥവ ക്രിസ്താനുകരണ അനുതാപം എന്നും വിളിക്കപ്പെടുന്നു. ദൈവരാജ്യത്തിനുവേണ്ടി പ്രസ്തുത മാനസിക ഭാവത്തെ സുറിയാനി പാരമ്പര്യം ആദ്ധ്യാത്മിക ചൈതന്യമായി നിലനിറുത്തുന്നു.

www.malankaralibrary.com





റവ. ഫാ. വർഗീസ് വള്ളിക്കാട്ട്

# വെളിപാട് വെളിച്ചമാകണം

യുക്തിയെ പ്രകാശിപ്പിക്കുകയും ജീവിതത്തിനാകെ വെളിച്ചം പകരുകയും കാലദേശങ്ങളെ പ്രത്യാശാഭരിതമാക്കുകയും ചെയ്യുന്ന ദൈവിക വെളിച്ചമാണ് വെളിപാട് അഥവാ ദൈവിക ജ്ഞാനം. ആത്മീയ വിജ്ഞാനം, ആന്തരിക ബോധ്യം എന്നിങ്ങനെയും വെളിപാടിനെ വിശേഷിപ്പിക്കാവുന്നതാണ്.

**വെളിപാട് വെളിച്ചമാകുന്നതെങ്ങനെ?**

മനുഷ്യന്റെ സ്വാഭാവിക പ്രവണതകൾക്കപ്പുറമുള്ള സഹജാവബോധവും സഹാനുഭൂതിയും സഹജീവിസ്നേഹവും ധാർമിക ബോധവും, മനുഷ്യജീവിതത്തെ സംബന്ധിച്ച സമഗ്ര വീക്ഷണവും പകർന്നു നൽകുന്ന, ആഴമായ ദർശനങ്ങളാണ് വെളിപാടുകൾ! ഇത്തരം വെളിപാടുകൾ ആഴമായ ദൈവാനുഭവത്തിൽനിന്നാണ് ഉരുത്തിരിയുന്നത്. മത ഗ്രന്ഥങ്ങൾ പൊതുവെ, ഇത്തരം വെളിപാടുകളുടെ സമാഹാരങ്ങളാണ്. അവ, മനുഷ്യനാര്, ദൈവമാര്, മനുഷ്യനും ലോകവും ദൈവവും തമ്മിലുള്ള ബന്ധമെന്ത് എന്നിവയെല്ലാം വെളിപ്പെടുത്തുന്ന ആഖ്യാനങ്ങളാണ്.

വെളിപാടുകൾ മനുഷ്യ ജീവിതത്തിനു വെളിച്ചം പകരുന്ന വഴിവിളക്കുകളായി വിവക്ഷിക്കപ്പെടുന്നു. മത ഗ്രന്ഥങ്ങൾ വിശുദ്ധമായി കണക്കാക്കപ്പെടുന്നത് അവ മനുഷ്യ യുക്തിയെ പ്രകാശമാനമാക്കുന്ന ദർശനങ്ങൾ ഉൾക്കൊള്ളുന്നവ ആയതുകൊണ്ടാണ്!

വെളിപാട് വെളിച്ചമാകുന്നത് അവ ജീവിതത്തെ വ്യാഖ്യാനിക്കാൻ സഹായിക്കുന്നതുകൊണ്ടു കൂടിയാണ്! മനുഷ്യജീവിതത്തിന്റെ അർത്ഥമെന്ത് എന്നു വെളിപ്പെടുത്തുന്ന അത്തരം വ്യാഖ്യാനങ്ങളെ 'ദൈവശാസ്ത്രം' എന്നു വിളിക്കുന്നു! ദൈവത്തെയും മതത്തെയും മാറ്റിനിർത്തിയും ജീവിതത്തെ വ്യാഖ്യാനിക്കാം. യുക്തികൊണ്ട് ജീവിതത്തെ വ്യാഖ്യാനിക്കുന്നതിനെ തത്വശാസ്ത്രം അഥവാ ഫിലോസഫി എന്നു പറയുന്നു. വെളിപാടിനെ വ്യാഖ്യാനിക്കുന്ന യുക്തിയായും തത്വശാസ്ത്രത്തെ പരിഗണിക്കാവുന്നതാണ്.

**വെളിപാടും വ്യാഖ്യാനവും**

സഭയിൽ യേശു തന്റെ സുവിശേഷ പ്രാഘോഷണത്തിലൂടെ ദൈവം, മനുഷ്യൻ, ലോകം

www.malankaralibrary.com

എന്നിവ സംബന്ധിച്ച ഒരു സമഗ്ര ദർശനം അവതരിപ്പിച്ചു! യേശുവിന്റെ ശിഷ്യന്മാർ അവ വ്യാഖ്യാനിച്ചുകൊണ്ട് പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. സുവിശേഷങ്ങൾ യേശു വെളിപ്പെടുത്തിയ സത്യങ്ങൾ അവതരിപ്പിക്കുന്നു! വി. പൗലോസിന്റെ ലേഖനങ്ങൾ യേശുവിന്റെ പ്രബോധനങ്ങളെ ആഴത്തിൽ വ്യാഖ്യാനിക്കുന്നു. കൂടാതെ യേശുവിന്റെ ശിഷ്യന്മാർ എഴുതിയ വിവിധ ലേഖനങ്ങൾ ബൈബിൾ പുതിയ നിയമത്തിലുണ്ട്! അവരവരുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ, ഒരോ ലേഖന കർത്താവും യേശുവിനെയും യേശുവിന്റെ ജീവിതത്തെയും പ്രബോധനങ്ങളെയും വ്യാഖ്യാനിക്കുകയാണ്! എല്ലാവരും എത്തിച്ചേരുന്നത് ക്രിസ്തു ചൈതന്യതിന്റെ ആഴങ്ങളിൽ മറഞ്ഞിരിക്കുന്ന ആന്തരിക സത്യങ്ങളിലാണ്!

സഭയുടെ ചരിത്രം സുവിശേഷ പ്രാഘോഷണത്തിന്റെയും, വ്യാഖ്യാനത്തിന്റെയും അതു പകർന്നു നൽകുന്ന വെളിച്ചത്തിന്റേതുമാണ്! വി. ജെറോമും, വി. അഗസ്തീനോസും വി. തോമസ് അക്വിനാസ്സുമെല്ലാം ഇങ്ങനെ സുവിശേഷത്തെ ആഴത്തിൽ വ്യാഖ്യാനിച്ചവരാണ്! അവരെ വേദപാരംഗതരായി സഭ കണക്കാക്കുന്നു! സഭയുടെ ആരംഭംമുതൽ ഇന്നും ഈ പ്രക്രിയ സഭയിൽ നടന്നുകൊണ്ടാണ് ഇരിക്കുന്നത്.

**വെളിപാടുകളും വ്യാഖ്യാനവും ഇസ്ലാമിൽ**

കത്തോലിക്കാ സഭയുടെ വ്യാഖ്യാന രീതികൾ പിന്തുടർന്ന്, ഇസ്ലാം മത പണ്ഡിതരും ആദ്യകാലത്തു വെളിപാടുകളെ വ്യാഖ്യാനിച്ചിരുന്നു! ഏകദേശം അഞ്ചു നൂറ്റാണ്ട്, ഏറിയും കുറഞ്ഞും ഇസ്ലാമിൽ ഈ പാരമ്പര്യം നിലനിന്നിരുന്നതായി കാണാം! 'കലാം' എന്നു വിളിക്കപ്പെട്ട ഈ 'വേദഗ്രന്ഥ വ്യാഖ്യാന' പാരമ്പര്യം സമ്പൂർണ്ണമായിത്തന്നെ, നിയമശാസ്ത്രത്തിനും നിയമ വ്യാഖ്യാനത്തിനും വഴിമാറുകയും, യുക്തിയുടെ ഉപയോഗം അനുഷ്ഠാനങ്ങൾക്കും പാരമ്പര്യങ്ങൾക്കും പൂർണ്ണമായി വഴങ്ങിക്കൊടുക്കുകയും ചെയ്തത് പന്ത്രണ്ടാം നൂറ്റാണ്ടോടെയാണ്!

ആധുനിക മനുഷ്യന്റെ യുക്തിക്കും ധാർമിക ബോധത്തിനും സാംസ്കാരിക അവബോധത്തിനും നിരക്കാത്ത വ്യാഖ്യാനങ്ങളും പ്രവർത്തന രീതികളും മുറുകെപ്പിടിക്കുന്ന തീവ്ര വിഭാഗങ്ങൾ ഇസ്ലാമിക ചിന്തയിൽ ആധിപത്യം സ്ഥാപിച്ചു വരുന്നത് സമകാലിക അനുഭവമാണല്ലോ. യുക്തിയെ വെല്ലുവിളിക്കുന്ന ഇത്തരം സമീപനങ്ങൾ എങ്ങിനെയുണ്ടാകുന്നു? ചരിത്രത്തിൽ സംഭവിച്ച ചില രാഷ്ട്രീയ നിലപാടുകൾ വെളിപാടിന്റെ വെളിച്ചവും യുക്തിയെ പ്രകാശിപ്പിക്കാനുള്ള അതിന്റെ സാധ്യതയും ചോർത്തിക്കളഞ്ഞതിന്റെ അനന്തര ഫലമാണ് ഇതെന്നു ചരിത്രം പരിശോധിക്കുമ്പോൾ ബോധ്യമാകും.

**വെളിപാടിന്റെ അപ്രമാദിത്വവും മനുഷ്യ യുക്തിയുടെ പരിമിതിയും**

പരിമിതമായ മനുഷ്യയുക്തികൊണ്ട് ദൈവിക വെളിപാടിനെ വിലയിരുത്തുകയോ വ്യാഖ്യാനിക്കുകയോ ചെയ്യുന്നത് ഇന്നത്തെ ഇസ്ലാമിക ചിന്തയിൽ പൊതുവേ അംഗീകരിക്കപ്പെട്ട രീതിയല്ല. അതിനാൽത്തന്നെ വിശ്വാസത്തെ യുക്തിയുമായി പൊരുത്തപ്പെടുത്താനുള്ള ഒരു ശ്രമവും സഹിഷ്ണുതയോടെ ഇസ്ലാം അംഗീകരിക്കുകയില്ല എന്നു കാണാം. വെളിപാടിനെ അക്ഷരംപ്രതി അനുസരിക്കുക എന്നതു മാത്രമാണ് അംഗീകരിക്കപ്പെട്ട രീതി. അതായത് വെളിപാടിനെ യുക്തികൊണ്ട് വ്യാഖ്യാനിക്കുന്ന ക്രിസ്തീയ ദൈവശാസ്ത്ര രീതി ഇസ്ലാം അംഗീകരിക്കുന്നില്ല. പകരം, 'ഹദീസുകൾ' എന്തു പറയുന്നു എന്നതാണ് വ്യാഖ്യാനത്തിനുള്ള ഏക അംഗീകൃത മാർഗം!



**യുക്തിയുടെ സ്ഥാനത്തു ഹദീസുകൾ പ്രതിഷ്ഠിക്കപ്പെടുന്നു**

ഹദീസുകൾ പ്രവാചക ചര്യകളാണ്. അവ നേരിട്ടു രേഖപ്പെടുത്തപ്പെട്ടവയോ പലരിലൂടെ കൈമാറ്റം ചെയ്യപ്പെട്ടു പകർന്നു കിട്ടിയവയോ, അനേകരിലൂടെ കൈമാറ്റം ചെയ്യപ്പെട്ട് ആധികാരികത നഷ്ടപ്പെട്ടവയോ, കെട്ടിച്ചമയ്ക്കപ്പെട്ടവയോ തികച്ചും അടിസ്ഥാന രഹിതമായ കിംവദന്തികളിൽനിന്ന് രൂപം കൊണ്ടവയോ ആകാം എന്നതിനാൽ, പൊതുവേ അംഗീകരിക്കപ്പെട്ടവയെ 'സ്വഹീഹാക്കിയിരിക്കുന്നു' അഥവാ അവ ആധികാരികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് നിലവിലുള്ള രീതി! ഏഴാം നൂറ്റാണ്ടുമുതൽ 12 ആം നൂറ്റാണ്ടുവരെ ഇസ്ലാമിൽ ഒരു പരിധിവരെ നിലനിന്ന സ്വതന്ത്ര ചിന്തക്കും അവ പുലർത്തിപോന്നവർക്കും കടിഞ്ഞാണിടുക എന്ന രാഷ്ട്രീയ ലക്ഷ്യം ഈ നീക്കത്തിനു പിന്നിലുണ്ടായിരുന്നു എന്നു കരുതുന്ന ചരിത്രകാരൻമാരുണ്ട്.

ഇപ്രകാരം, യുക്തിക്കു മുകളിൽ ഹദീസുകൾ പ്രതിഷ്ഠിക്കുന്ന രീതി സാർവത്രികമായതു പത്താം നൂറ്റാണ്ടിനു ശേഷമാണ്. അതിനു കാരണമായതു

www.malankaralibrary.com

മതപരമായ കാരണങ്ങളെക്കാൾ രാഷ്ട്രീയ കാരണങ്ങളായിരുന്നു! രാഷ്ട്രീയ അധികാരത്തിനു സമ്പൂർണ്ണമായി വിധേയപ്പെട്ടുകൊണ്ടുള്ള മതജീവിതം ലക്ഷ്യമാക്കിയ ഖലീഫമാരാണ്, യുക്തിയുടെ ചോദ്യങ്ങളെ നിഷ്കാസനം ചെയ്തുകൊണ്ടു നീതി നടപ്പാക്കിത്തുടങ്ങിയത്! യഥാർത്ഥത്തിൽ, ഇതു നീതിയുടെ മാർഗത്തെ സരളമാക്കുന്നതിനു പകരം സങ്കീർണ്ണമാക്കുകയാണ് ചെയ്തത്. ധാർമിക അടിത്തറ കുറ്റമറ്റതാകുന്നത് വെളിപാടിന്റെയും യുക്തിയുടെയും മാർഗത്തെ ദൈവിക ദാനങ്ങളായി അംഗീകരിച്ചുകൊണ്ട് ധാർമിക വിഷയങ്ങളെ സമീപിക്കുമ്പോഴാണല്ലോ.

**ദൈവശാസ്ത്രത്തിന്റെ ശോഷണവും നിയമത്തിന്റെ സർവ്വാധിപത്യവും**

ഇസ്ലാമിക ദൈവശാസ്ത്രം ഏറ്റവും സമഗ്രവും സമ്പന്നവുമായിരുന്ന 8, 9, 10 നൂറ്റാണ്ടുകളിൽ ബസ്രയിലെയും ബാഗ്ദാദിലെയും മുസ്ലീം പണ്ഡിതർ ഇസ്ലാമിക ലോകത്തെന്നപോലെ, യഹൂദ ക്രൈസ്തവ മത പണ്ഡിതർക്കിടയിലും സർവ്വാദരണീയരായിരുന്നു! അതിന്റെ പശ്ചാത്തലം, യഹൂദ - ക്രൈസ്തവ പണ്ഡിതരുമായുള്ള അവരുടെ തുറന്ന സംസർഗ്ഗമായിരുന്നു! ദൈവശാസ്ത്ര വിഷയങ്ങളിൽ തുറന്ന സംവാദങ്ങളും ആശയ വിനിമയവും നടന്നിരുന്നു! ഡമാസ്കസിലെ വി. ജോണിനെപ്പോലെയുള്ള ക്രൈസ്തവ പണ്ഡിതർ ഇസ്ലാമിക പണ്ഡിതരുമായി തുറന്ന സംവാദങ്ങൾ നടത്തിയിരുന്നു.

ക്രമേണ, ഇസ്ലാമിക ഭരണം അനിസ്ലാമികമായ എല്ലാറ്റിനോടും അസഹിഷ്ണുത പ്രകടിപ്പിക്കുകയും യഹൂദരോടും ക്രൈസ്തവരോടും തികച്ചും നിഷേധാത്മക നിലപാടു സ്വീകരിക്കുകയും ചെയ്തതോടുകൂടി, യുക്തിയുടെ ചോദ്യങ്ങളെ അപ്പാടെ ഒഴിവാക്കുന്നതിനുള്ള മാർഗം എന്ന നിലയിൽ, ഇസ്ലാമിക ഭരണകർത്താക്കൾ ദൈവശാസ്ത്രത്തെത്തന്നെ റദ്ദ് ചെയ്തു! ദൈവശാസ്ത്രത്തെ മാത്രമല്ല, തത്വശാസ്ത്രത്തെയും മതജീവിതത്തിൽനിന്നും ബഹിഷ്കരിച്ചു. 'ബിലാകൈഫ്' അഥവാ ചോദ്യം ചോദിക്കാതെ അനുസരിക്കുന്നവരുടെ കൂട്ടമായി വിശ്വാസികളെ രൂപപ്പെടുത്താനുള്ള മാർഗങ്ങൾ ശക്തമായി പ്രയോഗിക്കപ്പെട്ടു. 'അൽ -മുതസില' എന്നറിയപ്പെട്ട യുക്തിവാദികളായ ദൈവശാസ്ത്രജ്ഞർ പരക്കെ വേട്ടയാടപ്പെട്ടു! ക്രമേണ, ഇസ്ലാമിക ലോകത്ത് അവരുടെ വംശമറ്റുപോയി!

'അൽ-മുതസില'യിൽ ഉൾപ്പെട്ടവർ അഥവാ, മുതസിലൈറ്റുകൾ കുറ്റിയറ്റുപോയത് പിൽക്കാല ഇസ്ലാമിനെ ശക്തിപ്പെടുത്തിയോ ദുർബലമാക്കിയോ എന്ന സ്വതന്ത്രമായ ഒരു അന്വേഷണം ഇന്ന് തികച്ചും അനിവാര്യമാണ്. ഇതര മതങ്ങളോടും മത വിശ്വാസികളോടും ക്രിയാത്മകമായി സംവദിക്കാനുള്ള ഇസ്ലാമിന്റെ ശേഷിയെ ചോർത്തിക്കളഞ്ഞത്, ഇസ്ലാമിനുള്ളിലെ ദൈവശാസ്ത്രജ്ഞരോട് ഖലീഫമാർ സ്വീകരിച്ച നിഷേധാത്മക നിലപാടാണ്.

**യുക്തിക്കുമേൽ വൈകാരിക യുക്തി!**

ഇതര മതങ്ങളോടും, മത വിശ്വാസികളോടും, അവിശ്വാസികളോടും അക്രമാസക്തമായ അസഹിഷ്ണുത പുലർത്താൻ ഇസ്ലാമിൽ ഒരു വിഭാഗത്തെ പ്രേരിപ്പിക്കുന്നത് എന്താണ്? മനുഷ്യനും ദൈവവുമായി ബന്ധപ്പെട്ട അടിസ്ഥാന ചോദ്യങ്ങൾക്ക് യുക്തിഭദ്രമായ ഉത്തരമില്ലാത്ത അവസ്ഥ, വിശ്വാസികളെ നിസ്സഹായരും അക്രമാസക്തരുമാക്കുന്നുണ്ടോ? വിശ്വാസികൾ അള്ളാഹുവിന്റെ 'അടിമകൾ' മാത്രമാണെന്നും അള്ളാഹുവിന്റെ മുൻ നിശ്ചയപ്രകാരമാണ് ഒരോ മനുഷ്യനും സ്വർഗ്ഗവും നരകവും ലഭിക്കുന്നതെന്നും പഠിപ്പിക്കുന്ന മുഖ്യധാരാ ഇസ്ലാമിന്, മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയെ സംബന്ധിച്ചു നിഷേധാത്മക നിലപാടാണോ ഉള്ളത്? ചിന്തയിലും പ്രവർത്തിയിലും സ്വതന്ത്രരല്ലാത്ത (അടിമകൾ മാത്രമായ) മനുഷ്യർക്ക് അവരുടെ പ്രവർത്തികളുടെമേൽ ഉത്തരവാദിത്വമുണ്ടാകുമോ? അത്തരം മനുഷ്യരെ അവരുടെ 'തെറ്റായ പ്രവർത്തി'കളുടെ പേരിൽ ശിക്ഷിക്കുന്ന ദൈവം നീതിമനാണോ? ദൈവിക നീതിയുടെ മാനദണ്ഡം എന്താണ് തുടങ്ങിയ ചോദ്യങ്ങൾ ഇന്നത്തെ ഇസ്ലാമിൽ ഉത്തരമില്ലാതെ തുടരുകയോ അത്തരം ചോദ്യങ്ങൾത്തന്നെ റദ്ദ് ചെയ്യപ്പെടുകയോ ചെയ്തിരിക്കുന്നു!

മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയെ അംഗീകരിക്കുന്ന നിലപാടായിരുന്നു മുതസിലൈറ്റുകളുടേത്! ഇത് ഇസ്ലാമിന്റെ ദൈവിക മുൻ നിശ്ചയ (പ്രീഡെസ്റ്റിനേഷൻ) സിദ്ധാന്തത്തെ ഖണ്ഡിക്കുന്നതായിരുന്നു. ഖലീഫമാരുടെ അധികാരം ചോദ്യം ചെയ്യപ്പെടാവുന്നതല്ല എന്നതിനുള്ള കാരണം, ദൈവിക മുൻ നിശ്ചയപ്രകാരമാണ് അവർ ഭരണം നടത്തുന്നത് എന്ന വിശ്വാസമായിരുന്നു! ഖലീഫമാർ മുതസിലൈറ്റുകളെ വേട്ടയാടാനുള്ള ഒരു കാരണവും ഇതായിരുന്നു!

ഖുർആൻ സംബന്ധിച്ച് ഇസ്ലാമിക ലോകത്തു നിലനിന്ന വ്യത്യസ്ത നിലപാടുകൾ പരിഹരിക്കപ്പെട്ടതും, ചോദ്യം റദ്ദ് ചെയ്തുകൊണ്ടായിരുന്നു! 'അള്ളാഹുവിന്റെ വചന'മായ ഖുർആൻ, സൃഷ്ടിക്കപ്പെട്ടതാണോ അതോ നിത്യമായതോ എന്നതായിരുന്നു ചോദ്യം! ഖുർആൻ അതിന്റെ ആദിമരൂപത്തിൽ എഴുതപ്പെട്ട ഗ്രന്ഥമായി സ്വർഗ്ഗലോകത്തു നിത്യമായി നിലനിൽക്കുന്നു എന്നാണ് ഇസ്ലാമിന്റെ നിലവിലുള്ള വിശ്വാസം. ഇത്, 'അള്ളാഹുവിന്റെ ഏകത്വം' എന്ന വിശ്വാസവുമായി പൊരുത്തപ്പെടാത്തതാകയാൽ, ഖുർആൻ സൃഷ്ടിക്കപ്പെട്ടതാണ് എന്ന നിലപാടാണ് മുതസിലൈറ്റുകൾക്ക് ഉണ്ടായിരുന്നത്. 'സൃഷ്ടിക്കപ്പെടാത്ത, അഥവാ നിത്യമായ വചനം'

www.malankaralibrary.com



എന്ന വിശ്വാസം ക്രിസ്തുവിനെ സംബന്ധിക്കുന്ന, ത്രിത്വ വിശ്വാസികളായ ക്രിസ്ത്യൻ സഭകളുടെ ദൈവശാസ്ത്ര നിലപാട് ശരിവയ്ക്കുന്നതാവും എന്നതിനാൽ, വചനം സൃഷ്ടിയാണ് എന്ന നിലപാടു സ്വീകരിക്കണം എന്നു മുതസിലൈറ്റുകൾ വാദിച്ചു! നിത്യനായ ദൈവത്തിന്റെ വചനം എങ്ങിനെ നിത്യമല്ലാത്ത സൃഷ്ടിയാകും എന്ന ചോദ്യം ഇന്നും ഇസ്ലാമിനെ കുഴയ്ക്കുന്നതാണ്! റൂഹ് അഥവാ ആത്മാവ് എന്ത് എന്നതും വ്യക്തമായ ഉത്തരമില്ലാത്ത ചോദ്യങ്ങളുടെ പട്ടികയിൽ പെടുന്ന കാര്യമാണ്!

'ദൈവിക നിയമം' അഥവാ ശരിയത്ത് സംബന്ധിച്ചും മുതസിലൈറ്റുകളും ഹദീസ് വാദികളും ഏറ്റുമുട്ടിയിരുന്നു. ഒരു കാര്യത്തെ നന്മയെന്നോ തിന്മയെന്നോ വിശേഷിപ്പിക്കുന്നതിന്റെ മാനദണ്ഡം എന്താണ് എന്നതായിരുന്നു തർക്കവിഷയം. ഒരു കാര്യം തിന്മയെന്നു ദൈവം കല്പിച്ചതുകൊണ്ട് തിന്മയാകുകയാണോ അതോ അതിൽത്തന്നെ വസ്തുനിഷ്ഠമായി തിന്മയായതുകൊണ്ട്, ദൈവം അതിനെ അപ്രകാരം വെളിപ്പെടുത്തുകയാണോ? വെളിപാടിലൂടെ ദൈവം വസ്തുക്കളുടെ സ്വഭാവത്തിൽത്തന്നെയുള്ള യാഥാർഥ്യത്തെവെളിപ്പെടുത്തുകയാണ് എന്നു പറയാമോ? അതായത്, കൊല്ലുന്നതു തിന്മയായതുകൊണ്ട് കൊല്ലരുത് എന്ന കല്പന ഉണ്ടായതാണോ അതോ കല്പന ഉള്ളതുകൊണ്ട് മാത്രമാണോ കൊല്ലുന്നതു തിന്മയാകുന്നത്? കല്പനയാണ് മാനദണ്ഡം എന്നതാണ് ഇസ്ലാമിന്റെ അംഗീകൃത നിലപാട്. അതായത്, അല്ലാഹു കൊല്ലാൻ പറഞ്ഞിട്ടുള്ളവരെ കൊല്ലാം, കൊല്ലരുത് എന്നു പറഞ്ഞിട്ടുള്ളവരെ കൊല്ലരുത്!

**ശരിയത്തു മനുഷ്യ വർഗ്ഗത്തിനു മുഴുവനുമുള്ള മാനദണ്ഡം**

ശരിയത്താണ് മനുഷ്യവംശത്തിനു മുഴുവനുമുള്ള മാനദണ്ഡം, അതിൽനിന്നു വ്യത്യസ്തമായതൊന്നും സ്വീകാര്യമല്ല എന്നതാണ് ഇസ്ലാമിന്റെ അംഗീകൃത നിലപാട്. ഈ നിലപാടിൽ നിന്നുകൊണ്ടു ശരിയത്തു നിയമങ്ങൾ വ്യാഖ്യാനിക്കുമ്പോൾ, യുക്തിയല്ല ഹദീസുകളാണ് മാനദണ്ഡമാക്കേണ്ടത് എന്നതു വിഷയം കൂടുതൽ സങ്കീർണ്ണമാക്കുന്നു! ഹദീസുകളാകട്ടെ മിക്കപ്പോഴും ആധുനിക മനുഷ്യന്റെ യുക്തിയെ പരീക്ഷിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു എന്നതും കാണാതിരുന്നുകൂടാ!

വെളിപാടും യുക്തിയും ഉപയോഗപ്പെടുത്തി ഹദീസുകളുടെ ഉള്ളടക്കം പരിശോധിക്കണം എന്ന നിലപാടായിരുന്നു മുതസിലൈറ്റുകൾക്ക്! നിയമത്തിനുമേൽ മനസ്സാക്ഷിയുടെ സ്വരത്തിന് അവർ പ്രാധാന്യം നൽകി! എന്നാൽ, ശരിയത്തിൽ മനസ്സാക്ഷിക്കു സ്ഥാനമില്ല എന്നതാണ് അംഗീകരിക്കപ്പെട്ട ഇസ്ലാമിക നിലപാട്! അവിശ്വാസികളുടെ കണ്ണിൽ അനീതിയെന്ന് തോന്നുന്നത് അല്ലാഹു നിയമാനുസൃതമാക്കി തന്നാൽ, വിശ്വാസികൾക്ക് അതു ഹലാലാണ്! ശരിയത്തു ഹലാലാക്കിയതിനെ ചോദ്യംചെയ്യാൻ മനുഷ്യന്റെ യാതൊരു കോടതിക്കും അധികാരമില്ല, കാരണം നീതിയുടെ മാനദണ്ഡം ശരിയത്തു നിയമം മാത്രമാണ്! ആധുനിക മനുഷ്യന്റെ യുക്തിയെ വെല്ലുവിളിക്കുന്ന ഇത്തരം നിലപാടുകൾ ഇന്ന് ഇസ്ലാമിക ലോകത്തുതന്നെ പ്രതിസന്ധികൾ ഉണ്ടാക്കുന്നുണ്ട്.

പത്താം നൂറ്റാണ്ടുമുതൽ, യുക്തിയുടെ സ്ഥാനം നിയമം കയ്യടക്കുകയും ഹനാഫി, ഷാഫി മാലിക്കി, ഹൻബാളി എന്നീ നിയമ ശാസ്ത്ര സ്കൂളുകൾ ഹദീസുകൾ മുൻനിർത്തിയുള്ള നിയമ വിചാരത്തെ ദൈവശാസ്ത്ര ചിന്തയുടെ മുകളിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. 1017 ൽ കാലിഫ് അൽ കാദിർ, മുതസിലൈറ്റുകളെ നിരോധിക്കുകയും അവരുടെ പ്രബോധനങ്ങളെ വിലക്കുകയും ചെയ്തു. ക്രമേണ അവരും അവരോടൊപ്പം യുക്തിയുടെ വെളിച്ചവും കാല യവനികക്കുള്ളിൽ മറഞ്ഞു പോകുകയും ചെയ്തു!

ഇന്നത്തെ ഇസ്ലാമിൽ ഒരു വിഭാഗം, എന്തുകൊണ്ട് മധ്യയുഗത്തിന്റെ ശൈലിയിലേക്കും തീവ്ര നിലപാടുകളിലേക്കും തിരിച്ചു പൊയ്ക്കൊണ്ടിരിക്കുന്നു എന്നതു പരിഷ്കൃത ലോകത്തിന്റെ യുക്തിയെ അന്ധാളിപ്പിക്കുന്ന വസ്തുതയാണ്! യുക്തിയുടെ വെളിച്ചം ആവശ്യമില്ലാത്ത മനുഷ്യനു വെളിപാടുകൊണ്ടുള്ള പ്രയോജനമെന്ത് എന്ന ചോദ്യം എല്ലാ മത വിശ്വാസികളെയും ഉണർത്തേണ്ടതാണ്!

ക്രിസ്തുമതം മധ്യ നൂറ്റാണ്ടുകളുടെ ഇരുണ്ട യുഗത്തിൽനിന്നു പുറത്തുവന്നത് സ്വയം വിമർശനപരമായ 'ക്രിട്ടിക്കൽ തിങ്കിങ്ങിനെ' സ്വാഗതം ചെയ്തുകൊണ്ടാണ്! വെളിപാടും യുക്തിയും ദൈവത്തിൽനിന്നാണ് എന്ന് അംഗീകരിച്ചുകൊണ്ടാണ്! ഇസ്ലാമിന്റെ ബൗധിക നിരയിൽ പ്രവർത്തിക്കുന്നവർ, കേവലം വൈകാരിക യുക്തിക്കു കീഴടങ്ങാതെ, വെളിപാടിന്റെ വെളിച്ചംകൊണ്ട് കാലഘട്ടത്തെ പ്രകാശമാനമാക്കുന്ന യുക്തിക്കു മുൻതൂക്കം നൽകാൻ തയ്യാറാകേണ്ടിയിരിക്കുന്നു!

www.malankaralibrary.com





# വന്ദ്യ മോൺ. ഡോ. മത്തായി കടവിൽ ഒ.ഐ.സി.

## പൂനാ – കട്കി സെന്റ് എഫ്രേം ഭദ്രാസന നിയുക്ത മെത്രാപ്പോലീത്ത

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൂനാ-കട്കി സെന്റ് എഫ്രേം ഭദ്രാസനത്തിന്റെ പുതിയ ഇടയനായി, പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ അംഗീകാരത്തോടെ, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ, ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ വെരി റവ. ഡോ. മത്തായി കടവിൽ ഓ.ഐ.സി. യെ നിയമിച്ചു. ഈ നിയമന പ്രഖ്യാപനം 2023 ഡിസംബർ 12-ന് വത്തിക്കാനിലും ഇൻഡ്യൻ സമയം വൈകിട്ട് 4.30-ന് പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിലും നടന്നു. പട്ടം കത്തീഡ്രലിൽ പ്രാർത്ഥനയ്ക്കു ശേഷം നടന്ന ചടങ്ങിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ സുന്നഹദോസ് സെക്രട്ടറി തിരുവല്ലാ ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസിന്റെ നിയമന പ്രഖ്യാപനം വായിച്ചു. നിയുക്ത മെത്രാനെ കാതോലിക്കാ ബാവാ കുരിശുമാല അണിയിച്ചു. പൂനാ-കട്കി ഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്റർ ഡോ. തോമസ് മാർ അന്തോണിയോസ് ഹാരമണിയിച്ചു. ബിഷപ്പുമാരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവേൽ മാർ ഐറേനിയോസ്, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, വിൻസെന്റ് മാർ പൗലോസ്, ആൻറണി മാർ സിൽവാനോസ്, വൈദികർ, സന്യസ്തർ, വിശ്വാസികൾ തുടങ്ങിയവർ സംബന്ധിച്ചു. റവ. ഡോ. മത്തായി കടവിൽ ഓ.ഐ.സി. റവ. ഡോ. മത്തായി കടവിൽ ഓ.ഐ.സി. മൂവാറ്റുപുഴ രൂപതയിൽ പൂത്തൃക്ക സെന്റ് ജയിംസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ കടവിൽ മത്തായി, അന്നമ്മ ദമ്പതികളുടെ മകനായി 1963 ൽ ജനിച്ചു. ഹൈസ്കൂൾ പഠനത്തിനുശേഷം 1979-ൽ ബഥനി മിശിഹാനുകരണ സന്യാസ ആശ്രമത്തിൽ പ്രവേശിച്ചു. പൂനാ പേപ്പൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി 1989 ഒക്ടോബർ 9-നു വൈദീക പട്ടം സ്വീകരിച്ചു. തുടർന്ന് ലൂവൈനിലെ കത്തോലിക്കാ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. ബഥനി സന്യാസ പരിശീലന ശുശ്രൂഷയിൽ റെക്ടറായും, സെന്റ് മേരീസ് മലങ്കര സെമിനാരി പ്രൊഫസറായും ബഥനി പബ്ലിക്കേഷന്റെയും മലങ്കര സെമിനാരി പബ്ലിക്കേഷന്റെയും ഡയറക്ടാറും എഡിറ്ററായും, വിവിധ ഇടവകകളുടെ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെയും മലങ്കര കാത്തലിക് അസോസിയേഷന്റെയും ഭദ്രാസന, സഭാതല ഡയറക്ടറായും ശുശ്രൂഷ ചെയ്ത അദ്ദേഹം അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനും, പത്തിലധികം ഗ്രന്ഥങ്ങളുടെ രചയിതാവും അനേകം ദേശീയ അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ ഈടുറ്റ ലേഖനങ്ങളുടെ കർത്താവുമാണ്. 2009 മുതൽ 2015 വരെ ബഥനി നവജ്യോതി പ്രോവിൻസിന്റെ സുപ്പീരിയറായി സേവനമനുഷ്ഠിച്ച അദ്ദേഹം 2021 മുതൽ ബഥനി മിശിഹാനുകരണ സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഫ്രഞ്ച്, ജർമൻ എന്നീ ഭാഷകൾ അറിയാവുന്ന ബഹുഭാഷാ പണ്ഡിതൻ കൂടിയാണ് അദ്ദേഹം. പരേതയായ ത്രേസ്യാമ്മ, ഫിലിപ്പ് കടവിൽ, ലോസ്സി, അമ്മിണി, ഗ്രേസി എന്നിവർ സഹോദരങ്ങളാണ്. നിയുക്ത ഇടയന് പ്രാർത്ഥനാശംസകൾ!

www.malankaralibrary.com





# എന്തിന് നാല് സുവിശേഷങ്ങൾ?

ബ്ര. ബനഡിക്ട് പാലനിൽക്കുന്നതിൽ

ബൈബിൾ വായിക്കുന്ന ആർക്കും തോന്നാം: യേശുവെന്ന ഒരു വ്യക്തിയെപറ്റി നാല് സുവിശേഷങ്ങൾ നാല് വ്യത്യസ്ത തരത്തിലുള്ള വിവരണങ്ങൾ നൽകുന്നുവെന്ന്. അതിൽ ചിലത് ചെറുതാണ് (മർക്കോസിന്റെ സുവിശേഷം); ചിലത് ദൈർഘ്യമുള്ളതും (ലൂക്കായുടെ സുവിശേഷം). നാല് സുവിശേഷങ്ങൾ അവതരിപ്പിക്കുന്ന സംഭവങ്ങളിലും വ്യത്യസ്തത നിലനിൽക്കുന്നു. ഒരിടത്ത് നല്ലിടയന്റെ ഉപമ അവതരിപ്പിക്കുമ്പോൾ മറ്റൊരിടത്ത് അതിനെ പറ്റി ഒരു പ്രതിപാദനവുമില്ല. ഈ വ്യത്യസ്തതകൾ അല്ലെങ്കിൽ പൊരുത്തകേടുകൾ ചിലരുടെ മനസ്സിൽ ഇപ്രകാരം ഒരു സംശയം ഉയർത്തിയേക്കാം. ഈ സുവിശേഷങ്ങൾ സത്യമാണോ? ക്രിസ്തുവിന്റെ ജീവിതത്തെ പറ്റിയുള്ള അവയുടെ വിവരണങ്ങൾ വിശ്വസനീയമോ? യഥാർത്ഥത്തിൽ ഇവയുടെ ഉദ്ദേശ ലക്ഷ്യം ദൈവപുത്രനായ ക്രിസ്തുവിനെ അവതരിപ്പിക്കുന്നതാണെങ്കിൽ എന്തിനു 4 സുവിശേഷങ്ങൾ, ഒരു സുവിശേഷം മതിയാകില്ലേ?

യഥാർത്ഥത്തിൽ എന്താണ് സുവിശേഷമെന്ന് മനസ്സിലായാൽ ഈ ചോദ്യത്തിനു ഉത്തരം ലഭിക്കും. കാലാതീതനായ ദൈവത്തിന്റെ സമ്പൂർണ്ണമായ വെളിപ്പാടാണ് യേശു. ദൈവം നമ്മോടു പറയാൻ ആഗ്രഹിച്ചതെല്ലാം യേശുവാണ് (YouCat 18). പുതിയ നിയമത്തിന്റെ കേന്ദ്രപ്രമേയവും മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശു ക്രിസ്തുവാണ്; ഇതാണ് ഏക സുവിശേഷം (സദ്വാർത്ത). ഇവിടെ മനസ്സിലാക്കുന്നത് ഒരേയൊരു സുവിശേഷമേയുള്ളൂ, അത് ദൈവപുത്രനായ യേശുവാണ്. ഈ സത്യത്തെ വി. മർക്കോസ് തന്റെ സുവിശേഷത്തിന്റെ രത്നച്ചുരുക്കമായി ആദ്യവാക്യത്തിൽ തന്നെ അനാവരണം ചെയ്യുന്നു (മർക്കോ 1:1); വി.മത്തായി ശ്ലീഹായാകട്ടെ വി. പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിലൂടെ ഇത് വ്യക്തമാക്കുന്നു (മത്താ 16:16). ഇത് നാല് സുവിശേഷങ്ങൾ എന്തിന് എന്ന ചോദ്യത്തിനു മൂർച്ച കൂട്ടുന്നു. പുതിയ നിയമത്തിലെ 4 സുവിശേഷങ്ങൾ ഓരോന്നും അതിൽ തന്നെ സമ്പൂർണമാണ്, അവ വായിക്കുമ്പോൾ വ്യക്തമാകുന്നത് യേശു ക്രിസ്തുവാണ് ഇവയുടെ കേന്ദ്രം എന്നാണ്. എങ്കിലും യേശുവെന്ന ദൈവപുത്രനായ ചരിത്രപുരുഷനെ പൂർണ്ണമായി കോറിയിടാൻ ഒരു സുവിശേഷത്തിനും പൂർണ്ണമായി സാധിച്ചിട്ടില്ല. വി. യോഹന്നാന്റെ സുവിശേഷം ഇത് ചൂണ്ടികാണിക്കുന്നു: ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു (യോഹ 20:30). ആദിമ സഭയിൽ അപ്പസ്തോലന്മാർ പ്രസംഗിച്ചതും ഈ യേശുവിന്റെ ജീവിത, മരണ ഉത്ഥാനത്തിലൂടെ സംലഭ്യമായ മനുഷ്യരക്ഷയെപറ്റിയാണ്. ഇനിയും എങ്ങനെയാണ് ഈ സുവിശേഷം ആദ്യനൂറ്റാണ്ടുകളിൽ പങ്കുവച്ചത് എന്ന് നോക്കാം.

www.malankaralibrary.com




ഇവിടെ ശ്രദ്ധേയമായ കാര്യം സഭയുടെ ആരംഭ കാലത്ത് ഈ സുവിശേഷം പ്രഘോഷിക്കപ്പെട്ടത് വാമൊഴിയായിട്ടാണ്, പില്ക്കാലത്താണ് ഇവ എഴുതപ്പെട്ടത്. പലയിടങ്ങളിലും ക്രിസ്തുവിനെ പ്രഘോഷിക്കാൻ ഇറങ്ങിയ പ്രഘോഷകർ ആദിമ സഭയിൽ ഈ സുവിശേഷം വിവിധ സഭാസമൂഹങ്ങളിലാണ് പങ്കുവച്ചത്. ഇതിനാൽ തന്നെ ഓരോ പ്രദേശത്തിന്റെയും സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം അനുസരിച്ച് ആ ജനസമൂഹത്തിനു ഉൾകൊള്ളാൻ സാധിക്കുന്ന തരത്തിൽ അതോടൊപ്പം തങ്ങളുടേതായ വ്യക്തിപരവും ദൈവശാസ്ത്രപരവുമായ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ സുവിശേഷകനും സുവിശേഷത്തെ (യേശുവിനെ) അവതരിപ്പിച്ചിരിക്കുന്നത്. ഉദാഹരണത്തിന് മത്തായി എഴുതിയ സുവിശേഷം നൽകുന്നത് മത്തായിയുടെ വീക്ഷണത്തിലുള്ള യേശുവിന്റെ ചിത്രമാണ്. ചുരുക്കത്തിൽ നാല് സുവിശേഷങ്ങളും പരസ്പര വിരുദ്ധമല്ല, പരസ്പര പൂരകങ്ങളാണ്, യേശുവെന്ന ചരിത്രപുരുഷനെ മനസ്സിലാക്കാൻ.

ഓരോ സുവിശേഷകനും തന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ യേശുവിന്റെ ജീവിതത്തെയും പ്രബോധനത്തെയുംപ്പറ്റി എഴുതിയിരിക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഇതിനെ പറ്റി പഠിപ്പിക്കുന്നത്: വിശുദ്ധഗ്രന്ഥകാരന്മാർ നാലു സുവിശേഷങ്ങൾ രചിച്ചപ്പോൾ വാമൊഴിയായോ ലിഖിതരൂപത്തിലോ പ്രചാരത്തിൽ വന്ന അനേകം കാര്യങ്ങളിൽ ചിലതു തിരഞ്ഞെടുക്കുകയും ചിലതു സംഗ്രഹിച്ചു സമന്വയിപ്പിക്കുകയും ചിലതു തങ്ങളുടെ സഭകളുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് വിശദീകരിക്കുകയും ചെയ്തു. (CCC 126). അതിനാൽ ചില ഇടങ്ങളിൽ ചില കാര്യങ്ങൾക്ക് ഒരു സുവിശേഷകൻ നൽകുന്ന പ്രാധാന്യം മറ്റൊരു സുവിശേഷകൻ നൽകാതെ ഇരിക്കുന്നതും ചിലപ്പോൾ പരാമർശിക്കാതെ ഇരിക്കുന്നതും നമുക്ക് കാണാൻ സാധിക്കും. ഇതുവരെ പറഞ്ഞതിനെ ഒരു കൊച്ചു ഉദാഹരണത്തിൽ ഇങ്ങനെ മനസ്സിലാക്കാം: ഒരു പ്രിസത്തിലൂടെ (prism) വെളിച്ചം കടന്നുപോകുമ്പോൾ മറുവശത്ത് ആ വെളിച്ചത്തെ ദർശിക്കുന്നത് മഴവില്ലിന്റെ 7 വർണ്ണങ്ങളായിട്ടാണ്. ഈ 7 നിറങ്ങളും ഒരേ വെളിച്ചത്തിന്റെ വിവിധ ഭാഗമാണ്, എന്നാൽ ഒരു നിറം മാത്രമല്ല സമ്പൂർണ്ണമായും ആ വെളിച്ചം. ഇതുപ്പോലെ ഓരോ സുവിശേഷങ്ങളും നീതി സൂര്യനായ ദൈവപുത്രൻ യേശു ക്രിസ്തുവിന്റെ നാല് വർണ്ണങ്ങളാണ്. അവ ഒന്നിച്ച് വായിച്ചു ഗ്രഹിക്കുമ്പോൾ ആ വെളിച്ചത്തെ നമുക്ക് തിരിച്ചറിയാൻ സാധിക്കും. അവസാനമായി, ഈ സുവിശേഷങ്ങൾ വിരചിക്കപ്പെട്ടത് ക്രിസ്തുവെന്ന ചരിത്ര പുരുഷനെ പറ്റി എഴുതിയ വാർത്താറിപ്പോർട്ടോ ഡയറി കുറിപ്പോ ആയിട്ടല്ല മറിച്ച്, സുവിശേഷകന്മാർ തങ്ങളുടെ യേശു അനുഭവം രേഖപ്പെടുത്തിയതാണ്. 1 യോഹന്നാൻ 1:1ൽ നാം വായിക്കുന്നു: ഞങ്ങൾ കേട്ടതും സ്വന്തം കണ്ണു കൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ഇനി, എന്തിന് ഇവ എഴുതപ്പെട്ടു എന്നു ചോദിച്ചാൽ, വി.യോഹന്നാൻ ശ്ലീഹായുടെ വാക്കുകളിൽ: ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത്, യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാക്കുന്നതിനും വേണ്ടിയാണ്. (യോഹ 20:31)



www.malankaralibrary.com






# കാതൽ കലയും കളവും

റവ ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ
സെക്രട്ടറി, കെസിബിസി ജാഗ്രത കമ്മീഷൻ

സ്വവർഗാനുരാഗം ഉൾപ്പെടെയുള്ള ഭിന്ന ലൈംഗിക ആഭിമുഖ്യങ്ങളുമായി (LGBTQIA+) ബന്ധപ്പെട്ട അവകാശവാദങ്ങളെ എതിർക്കുന്ന കത്തോലിക്കാ സമൂഹത്തിലെ അംഗങ്ങളെ തന്നെ പ്രധാന കഥാപാത്രങ്ങളാക്കി അവതരിപ്പിച്ച മലയാള ചലച്ചിത്രമാണ് 'കാതൽ – ദ കോർ'. തികച്ചും ക്രൈസ്തവ പശ്ചാത്തലമാണ് സിനിമയ്ക്ക് ആദ്യന്തമുള്ളത്. രണ്ടാമതൊരു പശ്ചാത്തലം ഇടതുപക്ഷ രാഷ്ട്രീയത്തിന്റേതാണ്. വിപരീത സ്വഭാവമുള്ള രണ്ട് വ്യത്യസ്ഥ പശ്ചാത്തലങ്ങളെ വിദഗ്ധമായി സമന്വയിപ്പിച്ച സംവിധായകൻ ജിയോ ബേബിയും രചയിതാക്കളായ ആദർശ് സുകുമാരനും, പോൾസൺ സ്കറിയയും അഭിനന്ദനം അർഹിക്കുന്നു. സാങ്കേതികമായി സിനിമയുടെ ഗുണദോഷങ്ങൾക്കപ്പുറം, സിനിമ കൈകാര്യം ചെയ്യുന്ന വിഷയത്തെയും അവതരിപ്പിക്കുന്ന ആശയങ്ങളെയും, അതിന്റെ രീതിയെയും വിശകലനം ചെയ്യുമ്പോൾ വ്യക്തമാകുന്ന ചില വസ്തുതകളുണ്ട്. അതിൽ ഒന്നാമത്തേത്, സ്വവർഗാനുരാഗം ഒരു സ്വാഭാവിക പ്രതിഭാസമാണെന്നും, ചുറ്റുവട്ടത്തുള്ളവരും സമൂഹവും സ്വവർഗ്ഗാനുരാഗികളുടെ അവകാശങ്ങൾ അംഗീകരിക്കണമെന്നുമുള്ള ആശയമാണ്. രണ്ടാമത്, ക്രൈസ്തവ സമൂഹത്തിനും ക്രൈസ്തവ വിശ്വാസത്തിനും വിരുദ്ധമായ ചില പരോക്ഷ ആശയപ്രചാരണങ്ങളാണ്. ലൈംഗികതയ്ക്ക് നൽകപ്പെടുന്ന അമിത പ്രാധാന്യം കഥാതന്തുവിന്റെ മറ്റൊരു സവിശേഷതയാണ്. കേരളത്തിന്റെ ഗ്രാമീണ പശ്ചാത്തലത്തിൽ, വിശിഷ്യ ഒരു ക്രൈസ്തവ കുടുംബ പശ്ചാത്തലത്തിൽ ഇത്തരമൊരു കഥ അവതരിപ്പിക്കപ്പെടുന്നു എന്നുള്ളതാണ് പ്രധാനം. ക്രൈസ്തവ കുടുംബ പശ്ചാത്തലം മാത്യു ദേവസ്സി, ഓമന ഫിലിപ്പ് എന്നീ രണ്ടു പേരുകളിൽ മാത്രം ഒതുങ്ങുന്നില്ല എന്ന് ഉറപ്പുവരുത്താൻ അണിയറ പ്രവർത്തകർ പ്രത്യേകമായി ശ്രദ്ധിച്ചിട്ടുണ്ട്. ക്രൈസ്തവ ഭൂരിപക്ഷ മേഖലയായ കോട്ടയം ജില്ലയിലെ തീക്കോയി എന്ന ഗ്രാമം, സിനിമയുടെ ആരംഭം മുതൽ പലപ്പോഴായി അവതരിപ്പിക്കുന്ന ദേവാലയ – പ്രാർത്ഥനാ രംഗങ്ങൾ, നായിക ഓമനയുടെ ആഴമായ ദൈവഭക്തി, കുടുംബ പ്രാർത്ഥന, ഇടവക വൈദികനുമായുള്ള കുടുംബത്തിന്റെ അടുപ്പം എന്നിങ്ങനെ ക്രൈസ്തവ വിശ്വാസത്തിന്റെ വ്യക്തമായ പശ്ചാത്തലം ചലച്ചിത്രത്തിൽ ഉടനീളം നിലനിർത്തുന്നുണ്ട്. ഇടതുപക്ഷ സഹയാത്രികനെങ്കിലും നായകനായ മാത്യുവും ഒരു ദൈവവിശ്വാസിയാണ്. ഭിന്ന ലൈംഗിക അഭിമുഖ്യങ്ങളും ആക്ടിവിസ്റ്റുകളും പുരോഗമനപരമായ ആശയങ്ങൾ എന്ന ലേബലിൽ ഇന്ന് വിവിധ രീതികളിൽ പ്രചരിക്കപ്പെടുന്ന ചില ആശയങ്ങളുടെ സ്വാധീനം ചലച്ചിത്രത്തിൽ പ്രകടമാണ്. LGBTQIA+ ആശയപ്രചാരണങ്ങൾക്കായി കഠിനാധ്വാനം നടത്തുകയും ഭിന്ന ലൈംഗിക അഭിമുഖ്യമുള്ളവരുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യുന്ന സംഘടനകളും ആക്ടിവിസ്റ്റുകളും ലോകമെമ്പാടുമുണ്ട്. കേരളത്തിലെ പൊതുസമൂഹത്തിൽ അത്രമാത്രം സജീവമല്ലെങ്കിലും കലാലയങ്ങൾ കേന്ദ്രീകരിച്ചുള്ള ക്യാംപെയ്നിംഗുകൾ പതിവായി ഉണ്ടാകുന്നുണ്ട്. പുരോഗമന ചിന്താഗതിക്കാർ എന്ന് അവകാശപ്പെടുന്നവർ തങ്ങളെ സ്വയം അടയാളപ്പെടുത്താൻ ഉപയോഗിക്കുന്ന വാദഗതികളായി സ്വർഗ്ഗലൈംഗികത സംബന്ധിച്ച ആശയങ്ങൾ പ്രകടമാകാറുമുണ്ട്. ചില വിദേശരാജ്യങ്ങളുടെ മാതൃകയിൽ സ്വവർഗ്ഗ വിവാഹത്തിന് നിയമസാധുതതേടി ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിന് മുന്നിലെത്തിയതും, ആ ആവശ്യം കോടതി നിരാകരിച്ചതും ഏതാനും ആഴ്ചകൾക്ക് മുമ്പാണ്. സ്വവർഗ്ഗ വിവാഹം ഇന്ത്യൻ സംസ്കാരത്തിനും, വിവാഹമെന്ന സങ്കൽപ്പത്തിനും യോജിക്കുന്നതല്ലെന്ന നിലപാടാണ് ഈ വിഷയത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ചത്. പ്രകൃതി വിരുദ്ധ ലൈംഗികതയെ കുറ്റകരമായി കണ്ടിരുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377 ആം വകുപ്പ് 2018 ൽ സുപ്രീം

www.malankaralibrary.com




കോടതിയുടെ ഭരണഘടനാ ബഞ്ച് ഭരണഘടനാ വിരുദ്ധമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന് ശേഷമാണ്, സ്വവർഗ്ഗ ലൈംഗികത സംബന്ധിച്ച അവകാശവാദങ്ങൾ മുഖ്യധാരാ സമൂഹത്തിൽ ഉയർന്നുതുടങ്ങിയത്. സുപ്രീംകോടതി റദ്ദാക്കിയ കജജ 377 സംബന്ധിച്ച പരാമർശങ്ങൾ 'കാതൽ - ദ കോർ' എന്ന ചലച്ചിത്രത്തിലുണ്ട്. അഭിമാനകാരവും പുരോഗമനപരവുമായ നീക്കമായാണ് അതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. ഇടതുപക്ഷ പുരോഗമന രാഷ്ട്രീയം ഇടതുപക്ഷ രാഷ്ട്രീയ പ്രത്യയശാസ്ത്രവുമായി സ്വവർഗ്ഗ ലൈംഗികത എന്ന 'പുരോഗമനപരമായ' ആശയത്തെ ബന്ധപ്പെടുത്തിയാണ് കഥ മുന്നോട്ടുപോകുന്നത്. മറ്റെല്ലാവരും സ്വവർഗ്ഗ ലൈംഗികതയെ വെറുപ്പോടെ കാണുമ്പോൾ ഇടതുപക്ഷ രാഷ്ട്രീയ നേതൃത്വം നായകനെ ചേർത്തുപിടിക്കുകയാണ്. ആ നിലപാടിന്റെ വിജയവും 'മഹത്വ'വുമാണ് അടിസ്ഥാന ആശയം. ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ കലാലയങ്ങളിൽ വഴിവിട്ടതും, പ്രകൃതിവിരുദ്ധവുമായ ലൈംഗിക ആശയപ്രചാരണങ്ങൾ നടന്നുവരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയം സ്വവർഗ്ഗാനുരാഗികളുടെ അവകാശങ്ങൾക്ക് വേണ്ടി വാദിക്കുന്നു എന്ന ആശയം സിനിമ മുന്നോട്ടുവച്ചിരിക്കുന്നത് യാദൃശ്ചികമായിരിക്കാനിടയില്ല. ക്രൈസ്തവ വിരുദ്ധത കത്തോലിക്കാ സഭ എക്കാലവും ശക്തമായി മുന്നോട്ടുവയ്ക്കുന്ന ധാർമ്മിക മൂല്യങ്ങളെ വെല്ലുവിളിക്കുക എന്ന ലക്ഷ്യം ചലച്ചിത്രത്തിന്റെ പിന്നണി പ്രവർത്തകർക്കുണ്ട് എന്ന് വ്യക്തമായും സംശയിക്കാവുന്നതാണ്. ഒന്നാമത്തെ കാരണം, കത്തോലിക്കാ കുടുംബ, ദേവാലയ പരിസരങ്ങളാണ് സിനിമയുടെ പശ്ചാത്തലമായി തെരഞ്ഞെടുത്തത് എന്നുള്ളതുതന്നെയാണ്. സിനിമ അവതരിപ്പിക്കുന്ന ആശയത്തിന് മത പശ്ചാത്തലങ്ങൾ ഒരു അനിവാര്യതയേ ആയിരുന്നില്ല എങ്കിലും, അത്തരമൊരു കുടുംബത്തെ തന്നെ തെരഞ്ഞെടുത്തത് നിഷ്കളങ്കമായാണ് എന്ന് കരുതാനാവില്ല. 'പ്രോഗ്രസീവായി' ചിന്തിക്കുന്ന ഒരു കത്തോലിക്കാ പുരോഹിതനും സിനിമയിൽ ഒരു കഥാപാത്രം തന്നെയാണ്. സ്വവർഗ്ഗ ലൈംഗികതയെ തള്ളിപ്പറയുന്ന കത്തോലിക്കാ സമൂഹത്തിലെ ഒരു കുടുംബത്തെ തന്നെ കഥാപാത്രങ്ങളായി നിശ്ചയിച്ചു എന്നുള്ളത്, ഇക്കാര്യത്തിൽ സഭയുടെ നിലപാട് ശരിയല്ല എന്ന് പരോക്ഷമായി സ്ഥാപിക്കാനുള്ള ലക്ഷ്യത്തോടെയാണ് എന്ന് കരുതാവുന്നതാണ്. ദൈവവിശ്വാസികളല്ലാത്ത ന്യൂ ജനറേഷൻ ഈ ചലച്ചിത്രത്തിന്റെ മറ്റൊരു ഭാഗമാണ്. ദൈവവിശ്വാസികളായ മാത്യുവിന്റെയും ഓമനയുടെയും മകൾ പള്ളിയിൽ കയറാൻ താൽപ്പര്യം കാണിക്കാത്തവളും, 'പ്രോഗ്രസീവ്' ആയി ചിന്തിച്ച് അപ്പന്റെ സ്വവർഗ്ഗാനുരാഗത്തെ പിന്തുണയ്ക്കുന്നവളുമായ കോളേജ് വിദ്യാർത്ഥിനിയാണ്. 'പള്ളിയിൽ വന്നാൽ, തിരിച്ചെത്തുമ്പോൾ കപ്പയും പോർക്കും തരാം' എന്ന് വാഗ്ദാനം ചെയ്ത് മകനുമായി പള്ളിയിലെത്തുന്ന ഒരു അമ്മയും, മകനായ ചെറിയ കുട്ടിയും കഥാപാത്രങ്ങളായി പ്രത്യക്ഷപ്പെടുന്നുണ്ട്. പരിമിതമായ എണ്ണം ആളുകൾ മാത്രം ഉൾപ്പെടുന്ന ദേവാലയാന്തരീക്ഷങ്ങളും, അമ്പതു പേരിൽ കൂടുതലില്ലാത്ത തിരുന്നാൾ പ്രദക്ഷിണവും മറ്റും ചെലവ് ചുരുക്കലിന്റെ ഭാഗമാണോ, അതോ വിശ്വാസി സമൂഹത്തിന്റെ ദുർബ്ബലത അവതരിപ്പിക്കാനുള്ള 'ഡയറക്ടേഴ്സ് ബ്രില്യൻസ്' ആണോ എന്ന് സംശയിക്കണം. ഭർത്താവിന്റെ സ്വവർഗാനുരാഗം മനസിലാക്കി 'സ്നേഹത്തോടെ' അതിന് വിട്ടുകൊടുക്കുന്ന തികഞ്ഞ ദൈവവിശ്വാസിയായ ഓമനയുടെ വിശാലമനസ്കതയും ചലച്ചിത്രത്തിന്റെ ഭാഗമാണ്. കേരളത്തിന്റെ മുഖ്യധാരയിൽ ഏറെയൊന്നും ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത ഇത്തരമൊരു വിഷയം ചർച്ചയ്ക്ക് വയ്ക്കാനുള്ള ബോധപൂർവ്വമായ ശ്രമവും, പൊതുസമൂഹ പിന്തുണ 'പുരോഗമനവാദികൾക്ക്' ലഭിക്കാനുള്ള ശ്രമവും സിനിമയ്ക്ക് പിന്നിൽ ഉണ്ട് എന്നുള്ളത് വ്യക്തം. സംവിധായകന്റെ മുൻ ചലച്ചിത്രമായ 'ഗ്രേറ്റ് ഇന്ത്യൻ കിച്ചനി'ൽ നായികാ നായകന്മാരായിരുന്ന സുരാജ്, നിമിഷ സജയൻ താരജോഡികൾക്ക് അപ്പുറം ഇന്ത്യയിലെ ഏറ്റവും മികച്ച രണ്ടുപേരെ നായികാ നായകന്മാരായി നിശ്ചയിക്കാൻ മാത്രം വലിപ്പമുള്ള ഒരു ക്യാൻവാസ് ഈ ചലച്ചിത്രത്തിന് ഇല്ലാതിരുന്നിട്ടുകൂടി അപ്രകാരം ചെയ്തതിന് പിന്നിൽ മറ്റൊരു ബ്രില്യൻസ് ഉണ്ടെന്ന് വ്യക്തം. മമ്മൂട്ടി - ജ്യോതിക താര ജോഡികളുടെ സാന്നിധ്യം സ്ക്രീനുകൾ പതിന്മടങ്ങാക്കുകയും തിയേറ്റർ നിറയ്ക്കുകയും ചെയ്തു. ഭിന്ന ലൈംഗിക അഭിമുഖ്യമുള്ളവർക്ക് തങ്ങളുടെ ശാരീരിക - മാനസിക അവസ്ഥകളിൽ മാറ്റം വരുത്താൻ കഴിയാത്തപക്ഷം, അവർ ആയിരിക്കുന്ന അവസ്ഥയെ കരുണയോടെ കാണുന്നു എന്നുള്ളതാണ് ഈ വിഷയത്തിലുള്ള സഭയുടെ നിലപാട്. അത്തരക്കാരുടെ അതിരുകടന്ന അവകാശവാദങ്ങളോടും, ലൈംഗിക അരാജകവാദികളുടെ കൈകടത്തലുകളോടും ക്രൈസ്തവ സമൂഹത്തിന് മാത്രമല്ല, ധാർമ്മിക ബോധമുള്ള ആർക്കും അനുഭാവം പുലർത്താനാവില്ല. ലൈംഗിക ആഭിമുഖ്യങ്ങളെയും, ലൈംഗിക ചോദനകളെയും രണ്ടായി കണ്ടുകൊണ്ടുള്ള പക്വമായ സമീപനത്തിന് പകരം, ലൈംഗിക അതിപ്രസരത്തിന് പലപ്പോഴും ഇടം കൊടുക്കുന്ന ഈ ചലച്ചിത്രം സംവേദനം ചെയ്യുന്ന അടിസ്ഥാന ആശയങ്ങളോട് യോജിക്കാനാവില്ല. അത്തരമൊരു ആശയ പ്രചാരണത്തിന് ക്രൈസ്തവ വിശ്വാസത്തിന്റെ പശ്ചാത്തലം ദുരുപയോഗിച്ച പ്രവൃത്തി പ്രതിഷേധാർഹമാണ്.

www.malankaralibrary.com



RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 7-1-2024

www.malankaralibrary.com

Christavakahalam Monthly, JANUARY 2024
Annual Subscription Rs. 150/-
Single Copy Rs. 15/-

**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....**

# ക്രൈസ്തവ കാഹളം




**വായിക്കുക
വരിക്കാരാകുക
പ്രചരിപ്പിക്കുക**

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com